കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.lfa.kerala.gov.in

# ആറ്റിങ്ങൽ നഗരസഭ

# 2017-18 വർഷ ഓഡിറ്റ് റിപ്പോർട്ട്

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തിരുവനന്തപുരം**

**e-mail:lfadtvm@yahoo.in**
**dotvm.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

കെ.എസ്.എ.റ്റി.വി.എം./എം.എൽ/108/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം, തീയതി.19.03.19
ഫോൺ:0471 2331231
ഇ-മെയിൽ:lfadtvm@yahoo.in

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)

ആറ്റിങ്ങൽ നഗരസഭ.

സർ,

വിഷയം : ആറ്റിങ്ങൽ നഗരസഭ 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയുടെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി ആക്റ്റ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ജോയിന്റ് ഡയറക്ടർ

പകർപ്പ് :
1) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

3)ഡയറക്ടർ, നഗരകാര്യവകുപ്പ് , തിരുവനന്തപുരം, (ഉപരിപത്രം സഹിതം)

4) റീജിയനൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യം, കൊല്ലം.

5)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം/എം.എൽ./108/2019 തീയതി:19.03.2019

**തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

**(1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-**_ാം വകുപ്പ്_**, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരള മുൻസിപ്പൽ ആക്ട് 56, 295, 565(1), (2)** _വകുപ്പുകൾ, എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)_

തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 01-04-2017മുതൽ 31-03-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 107 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 57എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.എ. മുഹമ്മദ് നിസാർ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.12.2018 മുതൽ 20.12.2018വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1. ശ്രീ. മനേഷ്.ബി.എച്ച്. ഓഡിറ്റ് ഓഫീസർ |
| | 2.ശ്രീ. മുഹമ്മദ് സലിം. എ. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | 3. ശ്രീമതി. ബിന്ദു. ഒ. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | 4. ശ്രീ. വിനോദ്. എസ്. സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | 5. ശ്രീ.വിനുകുമാർ. പി.കെ. ഓഡിറ്റർ |
| | 6. ശ്രീ. അരുൺദേവ്. വി.ആർ. ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| ചെയർമാൻ | ശ്രീ. എം.പ്രദീപ് | 01-04-2017 മുതൽ 31-03-2018 വരെ |
| സെക്രട്ടറി | ശ്രീ.ആർ.പ്രദീപ് കുമാർ | 01-04-2017 മുതൽ 31-03 -2018 വരെ |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | ഉദ്യോഗസ്ഥന്റെ പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ.ആർ.പ്രദീപ് കുമാർ | 01.04.2017 മുതൽ 31.03.2018 വരെ |
| മുനിസിപ്പൽ എഞ്ചിനീയർ | ശ്രീമതി. ജി.റാണി | 01.04.2017 മുതൽ 31.03.2018 വരെ |
| പ്രോജക്റ്റ് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജന സെൽ | ശ്രീമതി. ബീന കുമാരി. എൽ. | 01.04.2017 മുതൽ 31.03.2018 വരെ |
| പട്ടിക ജാതി വികസന ഓഫീസർ | ശ്രീ. കൃഷ്ണകുമാർ.വി.എസ്. | 01.04.2017മുതൽ 10.07.2017 വരെ |
| | ശ്രീമതി. ശ്രീജ.പി.ആർ | 11.07.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി | ഡോ.ജസ്റ്റിൻ ജോസ് | 01.04.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ, സിദ്ധ | ഡോ.സ്മിത | 01.04.17 മുതൽ 31.03.18 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ.നജീബ്ഖാൻ | 01.04.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. കവിതാനായർ | 01.04.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.അമ്മിണി അമ്മ | 25.01.17 മുതൽ 31.07.18 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ജ്യോതി.ജെ | 01.04.17 മുതൽ 31.03.18 വരെ |
| കൃഷി ഫീൽഡ് ഓഫീസർ | ശ്രീ.പുരുഷോത്തമൻ | 01.04.17 മുതൽ 31.03.18 വരെ |
| ഹെഡ്മാസ്റ്റർ, ബി.എച്ച്.എസ്.എസ്. | ശ്രീ.മുരളീധരൻ | 01.04.17 മുതൽ 31.03.18 വരെ |
| അസി.എഞ്ചിനീയർ | ശ്രീ. ബാബുരാജ് | 13.03.17 മുതൽ 23.10.17 വരെ |
| | ശ്രീമതി. സുജ കുമാരി | 24.10.17 മുതൽ 05.04.18 വരെ |
| ഹെൽത്ത് സൂപ്പർവൈസർ | ശ്രീ. റ്റി. അലക്സാണ്ടർ | 01.04.17 മുതൽ 25.01.18 വരെ |
| | ശ്രീ.പ്രദീപ്കുമാർ | 26.01.2018 മുതൽ 31.03.2018 വരെ |
| ക്ഷീര വികസന ഡെപ്യൂട്ടി ഡയറക്ടർ | ശ്രീമതി. ബീനകുമാരി | 01.04.18 മുതൽ 25.09.18 വരെ |
| | ഡോ. ജെസി ചാക്കോ | 26.09.2018 മുതൽ 31.03.2018 വരെ |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ത്രേസ്യ വിൽമ | 01.04.17 മുതൽ 31.03.18 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2<br>**വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 13 | ഇ ടെണ്ടർ ഫാറം വില തനത് ഫണ്ടിലേക്ക് മാറ്റിയില്ല | 2-1 |
| 14 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ നഗരസഭ ഫണ്ടിൽ മുതൽ കൂട്ടണം | 2-2 |
| 15 | മുൻകൂർ നൽകിയ തുക വർഷങ്ങളായി ക്രമപ്പെടുത്തിയിട്ടില്ല | 2-3 |
| 16 | വിവിധ വരവിനങ്ങളിൽ കുടിശ്ശിക നിലനിൽക്കുന്നു | 2-4 |
| 17 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല - നഗരസഭയ്ക്ക് വരുമാന നഷ്ടം | 2-5 |
| 18 | ലൈസൻസ്ഡ് മണി ലെൻഡേഴ്സിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല | 2-6 |
| 19 | വസ്തുനികുതി പരിഷ്കരണം പൂർത്തിയായിട്ടില്ല | 2-7 |
| 20 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-8 |
| 21 | ഫാമുകൾക്കും വളർത്തു നായ്ക്കൾക്കും ലൈസൻസ് നൽകിയിട്ടില്ല | 2-9 |
| 22 | പേ & പാർക്ക് - വരവിന്റെ വിശദാംശങ്ങളും രേഖകളും ലഭ്യമാക്കിയില്ല | 2-10 |
| 23 | നിഷ്ക്രിയമായ അക്കൗണ്ടുകൾ പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് | 2-11 |
| 24 | വസൂലാക്കാൻ സാധിക്കാത്ത തുകകൾ സംബന്ധിച്ച വിശദാംശം, രജിസ്റ്റർ എന്നിവ ലഭ്യമാക്കിയിട്ടില്ല | 2-12 |
| 25 | കമാനങ്ങളും പരസ്യബോർഡുകളും സ്ഥാപിക്കൽ ചട്ടങ്ങൾ പാലിക്കുന്നില്ല | 2-13 |

| | | |
|---|---|---|
| 26 | മാലിന്യ നിർമ്മാർജ്ജന ഫണ്ട് രൂപീകരണം സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയില്ല | 2-14 |
| 27 | പാർക്കിംഗ് ലോട്ട് ആദായനികുതി ഈടാക്കിയില്ല | 2-15 |
| 28 | ലേലം - രേഖകൾ ഹാജരാക്കിയില്ല | 2-16 |
| 29 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ – അപാകതകൾ | 2-17 |
| 30 | സ്വകാര്യ ആശുപത്രി /പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ - അപാകതകൾ | 2-18 |
| 31 | അഡ്വാൻസ് തുക ക്രമീകരിച്ചിട്ടില്ല | 2-19 |
| 32 | ഓഡിറ്റ് റിക്കവറി വിശദാംശം ലഭ്യമാക്കിയില്ല | 2-20 |
| 33 | സേവനനികുതി ഈടാക്കിയിട്ടില്ല | 2-21 |
| | **ഭാഗം 3**<br><br>**ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 34 | ആസൂത്രണ സമിതി രൂപീകരിച്ചതിന്റെ രേഖകൾ ലഭ്യമല്ല | 3-1 |
| 35 | ആസ്തി രജിസ്റ്റർ കാലികമാക്കണം | 3-2 |
| 36 | വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് തൃപ്തികരമല്ല | 3-3 |
| 37 | ഗുണഭോക്തൃ വിഹിതമിനത്തിൽ വർഷങ്ങളായി ചെലവഴിക്കാതെ തുക നിലനിൽക്കുന്നു | 3-4 |
| 38 | ഗ്രാന്റിനത്തിലെ തുക ചെലവഴിക്കാതെ അവശേഷിക്കുന്നു | 3-5 |
| 39 | പെൻഷൻ വിഹിതം ഒടുക്കുവരുത്തുന്നില്ല | 3-6 |
| 40 | ഒരേ ബാദ്ധ്യത തുകകൾ വർഷങ്ങളായി നിലനിൽക്കുന്നു | 3-7 |
| 41 | പ്രോവിഡന്റ് ഫണ്ട് തുക ഒടുക്കിയിട്ടില്ല | 3-8 |
| 42 | സെക്രട്ടറിയുടെ ശമ്പളവും അലവൻസും സംസ്ഥാന ഫണ്ടിൽ ഒടുക്കുന്നില്ല | 3-9 |
| 43 | അനുവദനീയമല്ലാത്ത ഇനങ്ങൾക്കായി ധനകാര്യ കമ്മിഷൻ അവാർഡ് തുക വിനിയോഗം | 3-10 |
| 44 | ഗ്രന്ഥശാലകൾക്ക് പുസ്തകം വാങ്ങൽ – 5370/-രൂപയുടെ പുസ്തകങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല. | 3-11 |
| 45 | ഇന്റർലോക്കിംഗ് കോൺക്രീറ്റ് ബ്ലോക്ക് പേവ്മെന്റ്-IRC സ്പെസിഫിക്കേഷൻ പാലിച്ചില്ല – നഗരസഭയ്ക്ക് അധിക ചെലവ് | 3-12 |
| 46 | ടാർ വാങ്ങിയത്- ബി.പി.സി.എൽ.-ൽ അധികം നൽകിയത്. | 3-13 |
| 47 | അധിക ടാറിന്റെ വിലയിൽ നിന്ന് കൺവയൻസ് ചാർജ്ജ് ഈടാക്കിയില്ല | 3-14 |
| 48 | വൃദ്ധസദനം നവീകരണ പ്രവൃത്തി - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല | 3-15 |
| 49 | മരാമത്ത് പ്രവൃത്തികളിൽ ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗിക്കുന്നില്ല | 3-16 |
| 50 | പച്ചക്കറി കൃഷി വികസനം - ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാതെ പദ്ധതി നടപ്പിലാക്കി | 3-17 |
| 51 | ഓട്ടോറിക്ഷ പരിശീലനവും വാങ്ങലും -പദ്ധതി നിർവ്വഹണത്തിൽ അനാസ്ഥ | 3-18 |
| 52 | പി.എം.എ.വൈ - അപാകതകൾ | 3-19 |
| 53 | ടൈൽ പാകുന്നതിന് ആനുകൂല്യം നൽകിയത് – ക്രമവിരുദ്ധം | 3-20 |
| 54 | ലാപ് ടോപ്പ് വാങ്ങൽ പദ്ധതി നടപ്പാക്കുന്നതിൽ വീഴ്ച | 3-21 |
| 55 | അങ്കണവാടികളുടെ പ്രവർത്തനം ഫിറ്റ്നസ് ഇല്ലാതെ | 3-22 |
| 56 | ജാഗ്രത സമിതി ഊർജിതമല്ല | 3-23 |
| 57 | തൊഴിലുറപ്പ് പദ്ധതി - നീക്കം ചെയ്ത മണ്ണ് ലേലം ചെയ്യുന്നില്ല | 3-24 |

| | | |
|---|---|---|
| 58 | ഖരമാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തനം - മോണിറ്ററിംഗ് അനിവാര്യം | 3-25 |
| 59 | ലീച്ചറ്റ് പമ്പു ചെയ്യുന്നതിനായി വാങ്ങിയ സക്കിംഗ് & സ്ലറി പമ്പ് ഖരമാലിന്യ പ്ലാന്റിൽ സ്ഥാപിച്ചിട്ടില്ല | 3-26 |
| 60 | ക്യാമ്പ് നടത്തിപ്പിനായി മാത്രം പ്രോജക്ട് -മാർഗ്ഗരേഖയ്ക്കു വിരുദ്ധം | 3-27 |
| 61 | നാപ്കിൻ വെൻഡിംഗ് ആന്റ് ഇൻസിനറേഷൻ യൂണിറ്റ് സ്ഥാപിച്ചിട്ടില്ല | 3-28 |
| 62 | ലക്ഷ്യത്തിൽ നിന്ന് വ്യതിചലിച്ച് തുക ചെലവഴിച്ചു - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 3-29 |
| 63 | പാലിയേറ്റീവ് കെയർ പ്രവർത്തനം - മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 3-30 |
| | <u>ഭാഗം 4</u> | |
| 64 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 65 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 66 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 67 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 68 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 69 | ഓഡിറ്റ് റിക്കവറി | 4-6 |
| 70 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 71 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 72 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 73 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 74 | അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |


# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

28.03.17 തീയതിയിലെ തീരുമാനപ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 58,46,62,324/-രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ) പ്രതീക്ഷിത ചെലവ് 54,74,56,104/-രൂപയുമാണ്. എന്നാൽ റസീപ്റ്റ് ആന്റ് പേമെന്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെയുള്ള വരവ് 26,42,00,869.45 രൂപയും ചെലവ് 19,96,10,709/- രൂപയും നീക്കിയിരിപ്പ് 6,45,90,160.45 രൂപയുമാണ്.

**<u>ബജറ്റ് രൂപീകരണം നടപടിക്രമം പാലിച്ചില്ല</u>**

1994-ലെ കേരള നഗരപാലിക നിയമം 286-ാം വകുപ്പ് പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിന് നഗരസഭ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | നടപടിക്രമം | നഗരസഭ സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | ഡിസംബർ 15-ന് മുൻപ് | ബന്ധപ്പെട്ട സെക്ഷനുകളിലെ ജീവനക്കാർക്ക് ഡിസംബർ വരെയുള്ള യഥാർത്ഥ വരവ് / ചെലവ് ജനുവരി 1 മുതൽ മാർച്ച് 31 വരെ പ്രതീക്ഷിക്കുന്ന വരവ് / ചെലവ്, 2017-18 വർഷത്തിൽ |

| | | | |
|---|---|---|---|
| | | | പ്രതീക്ഷിക്കുന്ന വരവ്/ചെലവ് റിപ്പോർട്ട് ചെയ്യുന്നതിന് 5.1.17 തീയതിയായി അറിയിപ്പ് നൽകി റിപ്പോർട്ട് വാങ്ങുകയും ആയതിന്റെ അടിസ്ഥാനത്തിൽ ബജറ്റ് രൂപീകരണ നടപടി സ്വീകരിച്ചു. |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | ജനവരി 15-ന് മുൻപ് | വിശദാംശം ലഭ്യമായില്ല |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | ജനവരി 25-ന് മുൻപ് | വിശദാംശം ലഭ്യമായില്ല |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രെപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | ഫെബ്രുവരി 1-ന് മുൻപ് | 16.1.17 |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | ഫെബ്രുവരി 28-ന് മുൻപ് | വിശദാംശം ലഭ്യമായില്ല |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/ അംഗീകരിക്കൽ | മാർച്ച് 1-ന് മുൻപ് | 14.3.17 ലെ 1ാം നമ്പർ തീരുമാനം |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക നഗരസഭ കൗൺസിൽ ചേരൽ | മാർച്ച് 7-ന് മുൻപ് | 28.3.17 ലെ 1ാം നമ്പർ തീരുമാനം |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക നഗരസഭ കൗൺസിൽ ചേരൽ | മാർച്ച് 31-ന് മുൻപ് | 28.3.17 |
| 9 | ബജറ്റ് പുതുക്കിയതിന്റെ വിശദാംശം | 24.3.18 ലെ കൗൺസിലിൽ 2018-19 വർഷത്തെ ബജറ്റിനോടൊപ്പം 2017-18 വർഷത്തെ പുതുക്കിയ ബജറ്റ് അംഗീകരിച്ചു | |

സർക്കാർ നിർദ്ദേശപ്രകാരം ബജറ്റ് നടപടിക്രമങ്ങൾ പൂർത്തിയാക്കുവാൻ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവയുടെ ശ്രദ്ധയുണ്ടാകേണ്ടതാണ്.

# 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 03.07.2018 | - | - |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

നം.കെ.എസ്.എ.റ്റി.വി.എം./എം.എൽ/1605/2018 തീയതി 23.08.2018 പ്രകാരം പ്രത്യേകമായി റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്.

# 1-4 സാമ്പത്തിക വിശകലനം

2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പേയ്മെന്റ് കണക്കുകളെ അടിസ്ഥാനമാക്കിയുള്ള സാമ്പത്തിക വിശകലനമാണ് ചുവടെ ചേർത്തിരിക്കുന്നത്.

| | |
|---|---|
| മുന്നിരിപ്പ് | 64590160.45 |
| വരവ് | 208350908.00 |
| ആകെ | 272941068.45 |
| ചെലവ് | 207154083.00 |
| നീക്കിയിരുപ്പ് | 65786985.45 |

# 1-5 ഫണ്ട് വിനിയോഗം

| ഇനം | മുൻ ബാക്കി | വരവ് | ആകെ | ചെലവ് | ബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (പൊതു വിഭാഗം) | 0 | 26773023 | 26773023 | 26773023 | 0 |
| വികസന ഫണ്ട് (എസ്.സി .പി) | 0 | 11803855 | 11803855 | 11803855 | 0 |
| ധനകാര്യകമ്മീഷൻ അവാർഡ് | 0 | 23698574 | 23698574 | 23698574 | 0 |
| ലോകബാങ്ക് സഹായം | 0 | 2293062 | 2293062 | 2293062 | 0 |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 0 | 22945725 | 22945725 | 22945725 | 0 |
| മെയിന്റനൻസ് ഫണ്ട്(റോഡിതരം) | 0 | 5194029 | 5194029 | 5194029 | 0 |
| എസ്.ബി.റ്റി. തനത് ഫണ്ട്, 57034965128 | 12809927.11 | 62255818 | 75065745.11 | 65175168 | 9890577.11 |
| എസ്.ബി.ഐ.(സാലറി) 33741511962 | 501648 | 4871546 | 5373194 | 4622725 | 750469 |
| ട്രഷറി TPA 201 (റെഗുലർ പെൻഷൻ) | 699001 | 8914635 | 9613636 | 8880047 | 733589 |
| TPA 227 | 657929 | 8979163 | 9637092 | 8938809 | 698283 |
| TPA 154 PF | 109069 | 3126140 | 3235209 | 3218489 | 16720 |
| ട്രഷറി 8448-102MF | 10914 | 0 | 10914 | 0 | 10914 |
| എസ്.ബി.റ്റി- EIUS 67024304517 | 576187 | 21462 | 597649 | 0 | 597649 |
| കാനറ ബാങ്ക് (ക്ലീൻ കേരള), 2790101001338 | 1089444 | 41884 | 1131328 | 0 | 1131328 |
| യൂണിയൻ ബാങ്ക്- IDSMT, 535702010000226 | 339232 | 13137 | 352369 | 0 | 352369 |
| ബാങ്ക് ഓഫ് ഇന്ത്യ IDSMT, 852510100005105 | 13864.06 | 531 | 14395.06 | 0 | 14395.06 |
| ഐ.ഒ.ബി, IDSMT | 510983 | 19858 | 530841 | 59 | 530782 |

| | | | | | |
|---|---|---|---|---|---|
| 141501000002624 | | | | | |
| എസ്.ബി.റ്റി,(എസ്.എസ്.എ), 67045067727 | 1265976 | 4525041 | 5791017 | 100000 | 5691017 |
| കാനറ ബാങ്ക് (UIDSSMT), 2790101003888 | 4453594 | 171232 | 4624826 | 53424 | 4571402 |
| കാനറ ബാങ്ക് (PCB award), 2790101003357 | 4077861 | 10188630 | 14266491 | 4041744 | 10224747 |
| എസ്.ബി.റ്റി, (CDPO) 67076288016 | 568801 | 142665 | 711466 | 396697 | 314769 |
| കാനറ ബാങ്ക്(AUEGS), 2790101005215 | 2872691 | 4205311 | 7078002 | 2688550 | 4389452 |
| ഐ.സി.ഐ.സി.ഐ. ബാങ്ക് (സ്വച്ച് ഭാരത്), 075205001212 | 1525700 | 460000 | 1985700 | 1985700 | 0 |
| കാനറബാങ്ക് - പെൻഷൻ | 2918 | 5930 | 8848 | 71 | 8777 |
| TSB Endowment | 0 | 16972 | 16972 | 11146 | 5826 |
| കാനറബാങ്ക് - സാക്ഷരത | 486948 | 79945 | 566893 | 0 | 566893 |
| SBI - AUEGS | 15599 | 1158 | 16757 | 16757 | 0 |
| IOB - SJSRY | 220800 | 8581 | 229381 | 30 | 229351 |
| IOB - IHSDP | 4571627 | 164758 | 4736385 | 1949537 | 2786848 |
| സിൻഡിക്കേറ്റ് ബാങ്ക് (അവാർഡ്) | 277589 | 10594 | 288183 | 0 | 288183 |
| സിൻഡിക്കേറ്റ് ബാങ്ക് | 4873950 | 846863 | 5720813 | 873672 | 4847141 |
| കാനറബാങ്ക് NULM ഫണ്ട് | 2423409 | 281895 | 2705304 | 2577364 | 127940 |
| ട്രഷറി MF അക്കൗണ്ട് III മെയിന്റനൻസ് ഫണ്ട് | 0.28 | 0 | 0.28 | 0 | 0.28 |
| TSB തനത് ഫണ്ട് | 3761912 | 27653200 | 314650918 | 32650918 | (-)1235806 |

# 1-6 പദ്ധതി അവലോകനം

2017-18 സാമ്പത്തിക വർഷത്തെ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയവയുടെ എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 700000 | 1 | 700000 | 0 | 0 | 100 |
| 2 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 5 | 1200000 | 2 | 952261 | 3 | 0 | 40 |
| 3 | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 4100000 | 0 | 107000 | 1 | 1 | സ്പിൽ ഓവർ |
| 4 | കൃഷി ഫീൽഡ് | 8 | 2601854 | 0 | 2001237 | 8 | 0 | 0 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | ഓഫീസർ | | | | | | | |
| 5 | സെക്രട്ടറി | 8 | 3684791 | 0 | 2070598 | 7 | 1 | 0 |
| 6 | സീനിയർ വെറ്റിനറി സർജൻ | 9 | 4000117 | 4 | 2091121 | 5 | 0 | 44 |
| 7 | ക്ഷീര വികസന ഡെപ്യൂട്ടി ഡയറക്ടർ | 1 | 405000 | 0 | 329698 | 1 | 0 | 0 |
| 8 | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജന സെൽ | 15 | 19277500 | 5 | 13717500 | 7 | 3 | 33 |
| 9 | പട്ടിക ജാതി വികസന ഓഫീസർ | 12 | 12973000 | 2 | 10694500 | 8 | 2 | 17 |
| 10 | ഹെൽത്ത് ഓഫീസർ | 6 | 5094800 | 0 | 3718550 | 6 | 0 | 0 |
| 11 | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി | 3 | 1200000 | 0 | 779912 | 3 | 0 | 0 |
| 12 | എച്ച്.എം, ബി.എച്ച്.എസ്.എസ് | 6 | 4252294 | 5 | 4209562 | 1 | 0 | 83 |
| 13 | മുനിസിപ്പൽ എഞ്ചിനീയർ | 60 | 42637864 | 0 | 18504732 | 51 | 9 | 0 |
| 14 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 4080000 | 2 | 3581187 | 3 | 1 | 33 |
| 15 | അസിസ്റ്റന്റ് എഞ്ചിനീയർ | 132 | 51400687 | 10 | 29061618 | 89 | 33 | 8 |
| 16 | മെഡിക്കൽ ഓഫീസർ - സിദ്ധ | 3 | 900000 | 3 | 900000 | 0 | 0 | 100 |
| | **ആകെ** | **277** | **158507907** | **34** | **92419476** | **193** | **50** | **12** |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | - | - | - | 574763 | - |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 2888290 | 4095975 | 6984265 | 2020050 | 4389452 |
| ആകെ | 2888290 | 4095975 | 6984265 | 2594813 | 4389452 |

# 1-8 ക്ഷേമപദ്ധതികൾ

2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശം

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 161520 | 304 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1886900 | 170 |
| വിധവാ പെൻഷൻ | 16981100 | 1522 |
| വാർദ്ധക്യകാലപെൻഷൻ | 33252000 | 2888 |
| വികലാംഗ പെൻഷൻ | 3319700 | 311 |
| വിവാഹധനസഹായം | 240000 | 8 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ളപെൻഷൻ | 667000 | 79 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.12.2018ന് രാവിലെ 10.10 am ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 94,846/- രൂപയുടെ ബാലൻസ് ഉണ്ടെന്ന് ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

നഗരസഭയുടെ ഭരണപരമായ സൗകര്യത്തിനായി ജനറൽ അഡ്മിനിസ്ട്രേഷൻ, റവന്യൂ, ഹെൽത്ത്, എഞ്ചിനീയറിംഗ് എന്നീ വിഭാഗങ്ങൾ പ്രവർത്തിച്ചു വരുന്നു. 1994-ലെ കേരള നഗരപാലിക നിയമം 286-ാം വകുപ്പ് പ്രകാരവും സർക്കാർ നിർദ്ദേശങ്ങളും ചട്ടങ്ങളും പ്രകാരവും തയ്യാറാക്കേണ്ടുന്ന ബജറ്റ് ഫയൽ തയ്യാറാക്കിയിട്ടില്ല.

കാലഹരണപ്പെട്ട നിക്ഷേപങ്ങൾ നഗരസഭ ഫണ്ടിൽ മുതൽ കൂട്ടുന്നതിലും മുൻകൂറുകൾ ക്രമീകരിക്കുന്നതിലും വീഴ്ചയുണ്ട്. തനത് വരുമാനത്തിന്റെ വർദ്ധനവിന് വേണ്ടി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി, വിവിധ സെക്ഷനുകളിൽ നിന്നും വിവര ശേഖരണം നടത്തി രജിസ്റ്ററുകളും രേഖകളും കാലികമാക്കുന്നതിൽ ശ്രദ്ധ പുലർത്തിയിട്ടില്ല.

സർക്കാർ ഉത്തരവ് പ്രകാരം പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനം രൂപീകരിക്കേണ്ട ആസൂത്രണ സമിതി രൂപീകരിച്ചതിന് രേഖകളില്ല.

പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിക്കും പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതിയായി മാറി പ്രോജക്ടുകളുടെ തുടർ നിരീക്ഷണം നടത്തുന്നില്ല. പ്രസ്തുത വിഷയം മേൽനോട്ട ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റികൾ നിരീക്ഷിക്കുന്നില്ല. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിൽ ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വേണ്ടത്ര ജാഗ്രത പാലിക്കുന്നില്ല.

<u>ക്വാറമില്ലാതെ വാർഡ് സഭകൾ</u>

നഗരസഭകളിൽ പദ്ധതി രൂപീകരണം, ഗുണഭോക്തൃ തെരഞ്ഞെടുപ്പ്, പെൻഷൻ ആനുകൂല്യങ്ങളുടെ അർഹതാ പരിശോധന തുടങ്ങിയ ചുമതലകൾ വാർഡ് സഭകൾക്കാണ്(കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 45). ആയതിനാൽ പ്രസ്തുത വാർഡ് സഭകളുടെ സംഘാടനം സംബന്ധിച്ച് സർക്കാർ വ്യക്തമായ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട് (സർക്കുലർ നമ്പർ 22675/എൽ 3/ 99 ത.സ്വ.ഭ.വ. 03.08.2004). പ്രസ്തുത നിർദ്ദേശ പ്രകാരവും കേരള മുനിസിപ്പൽ ആക്ട് 1994 സെക്ഷൻ 42എ-5 പ്രകാരവും വാർഡ് സഭയുടെ ക്വാറം 10% ആണ്. എന്നാൽ നിശ്ചിത എണ്ണം പങ്കാളിത്തമില്ലാതെ വാർഡ് സഭകൾ നഗരസഭയിൽ സംഘടിപ്പിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു. മേൽ ഉത്തരവ്/വകുപ്പ് പ്രകാരം നിർദ്ദിഷ്ട ക്വാറം തികയാതെ വാർഡ് സഭകൾ വിളിച്ചുചേർത്ത നടപടി നിയമപരമല്ല.

| ക്രമ നമ്പർ | വാർഡ് | ആകെ വോട്ടർമാർ | പങ്കെടുത്തവർ | വാർഡ് സഭ തീയതി |
|---|---|---|---|---|
| i | 21 രാമച്ചം വിള | 906 | 58 | ലഭ്യമല്ല(13-ാം പഞ്ചവത്സര പദ്ധതി വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഗ്രാമ സഭ) |
| ii | 8 അവനവഞ്ചേരി | 850 | 80 | 23.04.2017 |
| iii | ടി | 850 | 80 | 22.07.2017 |
| iv | 6 തച്ചൂർക്കുന്ന് | 806 | 54 | 12.12.2017 |
| v | 4 എൽ.എം.എസ് | 935 | 0 | തീയതി ലഭ്യമല്ല (വിവിധ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനും ക്ലീൻ കേരള പദ്ധതി ചർച്ച ചെയ്യുന്നതിനും) |
| vi | 23 കൊട്ടുമൺ | 1057 | 96 | തീയതി ലഭ്യമല്ല (ഒന്നാം വാർഷിക പദ്ധതി 2017-18 രൂപീകരണ യോഗം) |
| vii | ടി | 1057 | 101 | 25.07.2017 |
| viii | 18 അട്ടക്കുളം | 839 | 81 | 13.12.2017 |

പ്രസ്തുത വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നമ്പർ 105/20.12.2018) മറുപടി ലഭ്യമാക്കിയില്ല. വാർഡ് സഭ ക്വാറം ഉറപ്പാക്കുന്നതിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.11.2016 | 2015-16 II & 2016-17 I | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.06.18 മുതൽ 03.07.2018 വരെ | 16-17&17-18 | 13.08.18 |

# 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

കെ.എസ്.എ.റ്റിവി.എം/എം.എൽ/1605/18 തീയതി 23.08.2018-ാം നമ്പരായി വാർഷിക ധനകാര്യ പത്രിക ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്.

## <u>ഭാഗം -2</u>

## <u>വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

# 2-1 ഇ ടെണ്ടർ ഫാറം വില തനത് ഫണ്ടിലേക്ക് മാറ്റിയില്ല

മുനിസിപ്പൽ എൻജിനീയറിംഗ് വിഭാഗം 2017-18 വർഷം ഇ-ടെണ്ടർ മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായ (ടെണ്ടർ ഫീസ്) 95,371/- രൂപ നഗരസഭ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ (67302403079) നിലനിൽക്കുന്നു. ഈ തുക നഗരസഭയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുള്ള സത്വര നടപടി സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതുണ്ട്.

# 2-2 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ നഗരസഭ ഫണ്ടിൽ മുതൽ കൂട്ടണം

വാർഷിക ധനകാര്യ പത്രിക പ്രകാരം 2014-15 സാമ്പത്തിക വർഷം മുതൽ ഡെപ്പോസിറ്റ് ഇനത്തിൽ നിലനിൽക്കുന്ന തുകകളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം (കോഡ്) | 2014-15 ബാലൻസ് | 2015-16 ബാലൻസ് | 2016-17 ബാലൻസ് | 2017-18 ബാലൻസ് | റിമാർക്ക്സ് |
|---|---|---|---|---|---|
| സപ്ലയേഴ്സ് ഇ.എം.ഡി. (340100105) | 16215 | 7340 (16215 - 8875) | 7340 | 7340 | 2014-15 മുതൽ ഒരേ തുക നിലനിൽക്കുന്നു |
| സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് (340100205) | 6250 | 6250 | 6250 | 6250 | 2014-15 മുതൽ ഒരേ തുക നിലനിൽക്കുന്നു |
| കോൺട്രാക്ടേഴ്സ് റീടെൻഷൻ | 57799 | 57799 | 116930 (57799 | 136672 (116930 | 57,799/-രൂപ പൂർണ്ണമായും തിരികെ |

| | | | | | |
|---|---|---|---|---|---|
| മണി। (340100301) | | | + 81692 - 22561) | + 101434 - 81692) | നൽകുകയോ തനത് ഫണ്ടിൽ മുതൽ കൂട്ടുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്. |
| കോൺട്രാക്ടേഴ്സ് റീടെൻഷൻ മണി (340100302) | 379990 | 500885 (379990 +280758 - 159863) | 406253 (500885 +197333 - 291965) | 420890 (406253 + 250932 - 236295) | 5,00,885/-രൂപ പൂർണ്ണമായും തിരികെ നൽകുകയോ തനത് ഫണ്ടിൽ മുതൽകൂട്ടുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്. |
| വാടക ഡെപ്പോസിറ്റ് (340200100) | 1287600 | 1191600 (1287600 +243000 - 339000) | 4007036 (1191600 +2893800 - 78364) | 4658147 (4007036 + 660111 - 9000) | 2014-15 മുതൽ 2017-18 സാമ്പത്തിക വർഷം വരെ ഈ ഇനത്തിൽ ആകെ 4,26,364/- മാത്രമാണ് തിരികെ നൽകിയിട്ടുള്ളതായി കാണുന്നത്. എന്നാൽ 2014-15 സാമ്പത്തിക വർഷം മാത്രം ഈ ഇനത്തിൽ 12,87,600/- രൂപ ബാലൻസുണ്ട്. |
| ലേല ഡെപ്പോസിറ്റ് (340200200) | 1648630 | 1494206 (1648630 +438500 - 592924) | 1453533 (1494206 +339750 - 380423) | 1588883 (1453533 + 482350 - 347000) | 2014-15 മുതൽ 2017-18 സാമ്പത്തിക വർഷം വരെ ഈ ഇനത്തിൽ ആകെ 13,20,347/- മാത്രമാണ് തിരികെ നൽകിയിട്ടുള്ളതായി കാണുന്നത്. എന്നാൽ 2014-15 സാമ്പത്തിക വർഷം മാത്രം ഈ ഇനത്തിൽ 16,48,630/- രൂപ ബാലൻസുണ്ട്. |
| ഡെപ്പോസിറ്റ് റിസീവ്ഡ് (340800100) | 3257073 | 2844621 (3257073 +438999 - 851451) | 3447749 (2844621 +1206885 - 603757) | 3334277 (3447749 + 492425 - 605897) | 2014-15 മുതൽ 2017-18 സാമ്പത്തിക വർഷം വരെ ഈ ഇനത്തിൽ ആകെ 20,61,105/- മാത്രമാണ് തിരികെ നൽകിയിട്ടുള്ളതായി കാണുന്നത്. എന്നാൽ 2014-15 സാമ്പത്തിക വർഷം മാത്രം ഈ |

| | | | | | |
|---|---|---|---|---|---|
| | | | | | ഇനത്തിൽ 32,57,073/- രൂപ ബാലൻസുണ്ട്. |
| മറ്റ് ഡെപ്പോസിറ്റ് (340809900) | 5000 | 5000 | 5000 | 5000 | 2014-15 മുതൽ ഒരേ തുക നിലനിൽക്കുന്നു |

ഈ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നം.15/10.12.18 ന് ബന്ധപ്പെട്ട സെക്ഷനുകളിൽ നിന്നും റിപ്പോർട്ട് വാങ്ങി ആയതിന്റെ അടിസ്ഥാനത്തിൽ തനത് ഫണ്ടിലേക്ക് വരവിനത്തിലേക്ക് മുതൽ കൂട്ടാവുന്നവ ഭരണാനുമതി ലഭ്യമാക്കി വരവു വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

കേരള ഫിനാൻഷ്യൽ കോഡ് വാല്യം-I ആർട്ടിക്കിൾ 282(1) പ്രകാരം നഗരസഭ സ്വീകരിക്കുന്ന സപ്ലയേഴ്സ് ഇ.എം.ഡി, സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ്, കോൺട്രാക്ടേഴ്സ് റിടെൻഷൻ മണി, വാടക ഡെപ്പോസിറ്റ്, ലേല ഡെപ്പോസിറ്റ്, കരാറുകാരിൽ നിന്നും ലഭിക്കുന്ന ഡെപ്പോസിറ്റ് എന്നിവ മൂന്നു വർഷത്തിന്മേൽ ക്ലെയിം ചെയ്യാതെയും തിരിച്ചു വാങ്ങാതെയും ഉണ്ടായാൽ അവ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലും ജനറൽ കമ്മിറ്റിയിലും ഈ വിവരം ബോധ്യപ്പെടുത്തി അത് നഗരസഭയുടെ റവന്യൂ അക്കൗണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അടിയന്തിരമായി ഇത് ശ്രദ്ധിക്കേണ്ടതുണ്ട്.

# 2-3 മുൻകൂർ നൽകിയ തുക വർഷങ്ങളായി ക്രമപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യ പത്രിക (B-18 ഷെഡ്യൂൾ) പ്രകാരം കേരള വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ് തുടങ്ങിയ എക്സ്റ്റേണൽ ഏജൻസികൾക്ക് അഡ്വാൻസ്/ഡെപ്പോസിറ്റ് ഇനത്തിൽ നൽകിയ തുക വർഷങ്ങളായി ക്രമപ്പെടുത്താതെ നിലനിൽക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കോഡ് നമ്പർ (AFS) | ഇനം | 31-03-2015-ലെ നീക്കി ബാക്കി | 31-03-2016-ലെ നീക്കിയിരിപ്പ് | 31-03-2017-ലെ നീക്കിയിരിപ്പ് | 31-03-2018-ലെ നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1 | 460509909 | Advance to others | 2716737 | 1636737 (2716737-1080000) | 1636737 | 1636737 |
| 2 | 460600100 | Electricity deosit | 92531 | 92531 | 92531 | 93947 (92531 + 1416) |
| 3 | 460600300 | Water deposit | 2508 | 2508 | 2508 | 2508 |
| 4 | 460609900 | Other deposits with external agencies | 750 | 750 | 750 | 4608529 (750+ 4607779) |

ഡെപ്പോസിറ്റ് ഇനത്തിൽ മേൽ സ്ഥാപനങ്ങൾക്ക് നൽകിയ തുകയുടെ വിശദാംശം അഡ്വാൻസ് നൽകിയ തുകയുടെ വിശദാംശം ബന്ധപ്പെട്ട രജിസ്റ്ററുകൾ, രേഖകൾ, ഈ ഇനത്തിൽ തുക നിലനിൽക്കുന്നതിനുള്ള കാരണം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.18/10.12.18 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽ വിഷയത്തിൽ വിശദമായ പരിശോധന നടത്തി തുക ക്രമപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

# 2-4 വിവിധ വരവിനങ്ങളിൽ കുടിശ്ശിക നിലനിൽക്കുന്നു

വാർഷിക ധനകാര്യപ്പത്രിക പ്രകാരം ചുവടെ പറയുന്ന ഇനങ്ങളിൽ കുടിശ്ശിക ഈടാക്കാനുണ്ട്.

| ക്രമ നമ്പർ | കോഡ് നമ്പർ | ഇനം | തുക |
|---|---|---|---|
| 1 | 431300201 | ലൈസൻസ് ഫീ - തൻ വർഷം | 65,420/- |
| 2 | 431300202 | ലൈസൻസ് ഫീ - കുടിശ്ശിക | 3,37,701/- |
| 3 | 431409901 | മറ്റ് വരവുകൾ - തൻ വർഷം | 89,14,635/- |
| 4 | 431409902 | മറ്റ് വരവുകൾ - കുടിശ്ശിക | 4,79,12,794/- |
| 5 | 431190201 | പരസ്യ നികുതി | 2,12,500/- |
| ആകെ | | | 5,74,43,050/- |

ഈ വിഷയത്തിന നൽകിയ ഓഡിറ്റ് എൻക്വയറി നം.21/10.12.18-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കാത്തത് നഗരസഭയുടെ തനത് വരുമാന നഷ്ടത്തിന് സാദ്ധ്യതയുണ്ടാക്കും. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതുണ്ട്.

# 2-5 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല - നഗരസഭയ്ക്ക് വരുമാന നഷ്ടം

2011-ലെ കേരള മുനിസിപ്പാലിറ്റി വസ്തുനികുതി ചട്ടം 233(1)(3)-ൽ മുനിസിപ്പാലിറ്റിയുടെ വസ്തുനികുതി നിരക്ക് നിശ്ചയിക്കേണ്ടത് മുനിസിപ്പൽ കൗൺസിലാണ്. സെക്രട്ടറിയെ നികുതി ചുമത്തൽ അധികാരിയായി വകുപ്പ് 509(2)ൽ നിഷ്കർഷിച്ചിരിക്കുന്നു. ആയതിനാൽ നഗരസഭ അതിന്റെ അധികാര പരിധിയിൽ മൊബൈൽ ടവറുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കേണ്ടതാണ് [ജി.ഒ.(എം.എസ്)നം.113/2009/തസ്വഭവ തീയതി 02.01.2009]. പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.26/11.12.2018-നുള്ള മറുപടി പ്രകാരം നഗരസഭ മേഖലയിൽ ആകെ 22 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നതായും അവയിൽ 3 ടവറുകൾ വസ്തുനികുതി അടവാക്കിയിട്ടുള്ളതും 19 ടവറുകൾ വസ്തുനികുതി അടവാക്കാൻ ബാക്കിയുള്ളത് എന്നും അറിയിച്ചിരിക്കുന്നു. സഞ്ചയ സോഫ്റ്റ് വെയർ ഫോറം 6 പരിശോധിച്ചതിൽ മേൽ മറുപടി കൃത്യമല്ലായെന്ന് കാണുന്നു. ലഭ്യമായ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ | ടവറിന്റെ വിവരം | വാർഡ് | കെട്ടിട | വിസ്തീർണ്ണം |
|---|---|---|---|---|

| നം | | നം | നമ്പർ | |
|---|---|---|---|---|
| 1 | എയർസെൽ | I | 850 | 16.11 $m^2$ |
| 2 | എയർസെൽ | I | 851 | 16.11$m^2$ |
| 3 | എം.ടി.ഐ. എയർസെൽ | III | - | 21.15 $m^2$ |
| 4 | ബി.എസ്.എൻ.എൽ.. | IV | 1 | 80$m^2$ |
| 5 | എം.ടി.ഐ. ഇൻഡസ് ടവേഴ്സ് | VI | | 12.9 $m^2$ |
| 6 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | IX | 839 | 23.62$m^2$ |
| 7 | എം.ടി.ഐ. ബി.എസ്.എൻ.എൽ | IX | | 80$m^2$ |
| 8 | എയർസെൽ | XI | 1592 | 11.50$m^2$ |
| 9 | എം.ടി.ഐ. എയർസെൽ | XVII | | 19$m^2$ |
| 10 | എം.ടി2 ഇൻഡസ് ടവർ | XVII | | 22.60$m^2$ |
| 11 | ഇൻഡസ് | XII | 1012 | 27.38$m^2$ |
| 12 | ഇൻഡസ് | XV | 943 | 9.90$m^2$ |
| 13 | റിലയൻസ് | XV | 872 | 61.36$m^2$ |
| 14 | എം.ടി.ഐ. വയർലെസ് ടി.ടി | XII | | 29.4$m^2$ |
| 15 | ഇൻഡസ് ടവേഴ്സ് | XXIII | 346(2) | 19.96$m^2$ |
| 16 | എം.ടി. II ടെലികോം സർവ്വീസ് | XXIV | | |
| 17 | എം.ടി.ഐ. ഇൻഡസ് ടവർ | XII | | |
| 18 | ഇൻഡസ് ടവർ | XIX | 800 | 24.50$m^2$ |
| 19 | ഇൻഡസ് ടവർ | I | 409(2) | 21.48 $m^2$ |

2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-3 പ്രകാരം 18 ടവറുകളിൽ നിന്നും നികുതി ഈടാക്കിയിട്ടില്ല എന്ന് പരാമർശിച്ചിട്ടുണ്ട്. വാർഡ് തല പരിശോധന നടത്തി മേൽ വിവരം ഉറപ്പാക്കേണ്ടത് നഗരസഭയുടെ ഉത്തരവാദിത്തമാണ്. പ്രസ്തുത വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധ ചെലുത്തേണ്ടതും ടവറുകളുടെ വസ്തുനികുതി പൂർണമായും ഈടാക്കേണ്ടതുമാണ്.

<u>സ്ഥാപനങ്ങൾ പൂർണമായും സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല</u>

i) നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വിവരം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.26ന് മറുപടിയായി 22 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നതായി മറുപടി

ലഭിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ സഞ്ചയയിൽ അകെ 7 ടവറുകൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 5 എണ്ണം മാത്രമാണ് ഫോം 6-ൽ രേഖപ്പെടുത്തി അംഗീകരിച്ചിട്ടുള്ളത്.

ii)2017-18 സാമ്പത്തിക വർഷം 79 സ്വകാര്യ ആശുപത്രികൾ/ പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് . എന്നാൽ സഞ്ചയയിൽ ഈ ഇനത്തിൽ ആകെ 69 സ്ഥാപനങ്ങളാണുള്ളത്. സ്ഥാപനങ്ങൾ പൂർണമായും സഞ്ചയയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-6 ലൈസൻസ്ഡ് മണി ലെൻഡേഴ്സിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല

www.keralataxes.gov.in/kmldealers വെബ്സൈറ്റ് പ്രകാരം നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന ലൈസൻസ്ഡ് മണി ലെൻഡേഴ്സിൽ (List of Licence holders under Kerala Money Lenders Act 1958 as on 15-May-2014)നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

| Licence No. | Dealer Name | Business Name | Business Address |
|---|---|---|---|
| 32010506649 | DAMODARAN | JAYASREE FINANCIERS | JAYASREE FINANCIERS, 40, KEEZHATTINGAL, IV, KEEZHATTINGAL, ATTINGAL |
| 32010532569 | RAJATHA | MAHADEVA FINANCE | MT BUILDING, AMCX1/88,89, PALACE ROAD, 12, ATTINGAL, ATTINGAL P.O |
| 32010535721 | JAYA ANILKUMAR | MANIJA FINANCE | MANIJA FINANCE, X111 / 463, MARKET ROAD, ATTINGAL, 1, MARKET ROAD, ATTINGAL |
| 32010571091 | MIDHUN DAS | MIDHUN FINANCE | VASUS BUILDING AMCXII/593 , AMCXII/593 , ATTINGAL MARKET ROAD, 4, ATTINGAL, ATTINGAL |
| 32010556094 | SHERLY | R.S.M FINANCE | R.S.M FINANCE, 529, MUNICIPALITY, VIII, KEEZHATTINGAL, AVANAVANCHERY |

ഈ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നം 27/11.12.18-ന് മേൽ സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക തുക ഉൾപ്പെടെ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. മേൽ സ്ഥാപനങ്ങൾ 2016-17 സാമ്പത്തിക വർഷവും നികുതി ഒടുക്കിയിട്ടില്ല (2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-5). മേൽ സ്ഥാപനങ്ങളിൽ നിന്നും പിഴ സഹിതം നികുതി ഒടുക്കുവരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

# 2-7 വസ്തുനികുതി പരിഷ്കരണം പൂർത്തിയായിട്ടില്ല

വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് സഞ്ചയ സോഫ്റ്റ് വെയറിൽ വിവരങ്ങൾ രേഖപ്പെടുത്തിയതിന്റെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു (അവലംബം – ഓഡിറ്റ് എൻക്വയറി നം.28 നുള്ള മറുപടി )

| | |
|---|---|
| **ആകെ വാർഡുകൾ** | **31** |
| ആകെ കെട്ടിടങ്ങൾ | 21193 |
| അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തിയത് | 21193 |
| ഫോം 6 രേഖപ്പെടുത്തിയത് | 17468 |
| ഫോം 6 അംഗീകരിച്ചത് | 17468 |
| **ആകെ മൊബൈൽ ടവറുകൾ** | **22** |
| അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തിയത് | 7 |
| ഫോം 6 രേഖപ്പെടുത്തിയത് | 5 |
| ഫോം 6 അംഗീകരിച്ചത് | 5 |
| **ആകെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ** | **86** |
| അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തിയത് | 86 |
| ഫോം 6 രേഖപ്പെടുത്തിയത് മുഴുവൻ കെട്ടിടങ്ങൾക്കും തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കേണ്ടതാണ്. | 84 |
| ഫോം 6 അംഗീകരിച്ചത് | 84 |
| **ആകെ സ്വകാര്യ ആശുപത്രുകൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ** | **69** |
| അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തിയത് | 69 |
| ഫോം 6 രേഖപ്പെടുത്തിയത് മുഴുവൻ കെട്ടിടങ്ങൾക്കും തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കേണ്ടതാണ്. | 66 |
| ഫോം 6 അംഗീകരിച്ചത് | 66 |

വസ്തുനികുതി പരിഷ്കരണ നടപടികൾ അടിയന്തിരമായി പൂർത്തീകരിച്ച് മുഴവൻ കെട്ടിടങ്ങൾക്കും തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കേണ്ടതാണ്. ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

# 2-8 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2017-18 സാമ്പത്തിക വർഷം തൊഴിൽ നികുതി (ട്രേഡേഴ്സ്, ഇൻസ്റ്റിറ്റ്യൂഷൻ) എന്നിവയിൽ രജിസ്റ്റർ പ്രകാരം ഡിമാന്റ് രേഖപ്പെടുത്തിയിട്ടുള്ള ചുവടെ പറയുന്നവ നികുതി ഒടുക്കിയിട്ടില്ല.

| കെട്ടിട നം | പേര് / സ്ഥാപനം | ഒന്നാം അർദ്ധവർഷ നികുതി ഈടാക്കാനുള്ളത് | രണ്ടാം അർദ്ധവർഷം നികുതി ഈടാക്കാനുള്ളത് |
|---|---|---|---|

| | | | |
|---|---|---|---|
| വാർഡ് I | | | |
| 3 | റേഷൻ ഹോൾസെയിൽ | 1250 | 1250 |
| 115 | പൂജ കൺവെൻഷൻ ഹാൾ | 1250 | 0 |
| 404405 | കെ.റ്റി.ഡി.സി. ഹോട്ടൽ | 0 | 1250 |
| 557, 558 | ഹോട്ടൽ | 300 | 300 |
| 556 | ബേക്കറി | 0 | 180 |
| 527 | പ്രീതി കിച്ചൻ ഷോപ്പ് | 0 | 300 |
| 587 | ടി.വി.എസ്. സർവ്വീസ് സ്റ്റേഷൻ | 750 | 1000 |
| 772 | സ്പ്രേ പെയിന്റിംഗ് | 0 | 180 |
| 880 | ജിനി & കോ ചാറ്റേർഡ് അക്കൗണ്ടന്റ് | 300 | 450 |
| 911 | ഹോം അപ്ലയൻസ് | 750 | 750 |
| 847 | ഇൻഡസ് ഇന്റ് ബാങ്ക് | 1250 | 1250 |
| 160(1) | ടീ ഷോപ്പ് | 180 | 180 |
| 413(3) | വെഡ് ലൈഫ് സ്റ്റുഡിയോ | 0 | 180 |
| 423 | ഫ്രൂട്ട്സ് ഹോൾസെയിൽ ഏജൻസി | 450 | 750 |
| 508 | വി.കെ. എഞ്ചിനിയറിംഗ് വർക്ക് | 300 | 300 |
| 20 | ബങ്ക് | 120 | 120 |
| 294(2) | ഇന്റർനെറ്റ് കഫേ | 180 | 300 |
| 391(19) | കേരള എക്സ്പോർട്ട് & ഇംപോർട്ട് | 450 | 600 |
| വാർഡ് II | | | |
| 502 | ജീന.എസ്.എസ്. | 300 | 300 |
| 518 | ഫർണിച്ചർ സെയിൽ | 180 | 300 |
| 683 | മൊബൈൽ ഷോപ്പ് | 180 | 180 |
| 200 | അബ്ദുൾ ഖരീം | 600 | 600 |
| വാർഡ് III | | | |
| 15 | ബുക്ക് ഷോപ്പ്, വർക്ക് ഷോപ്പ് | 180 | 180 |
| 27 | ബേക്കറി | 180 | 180 |
| 332 | ബാലാജി | 180 | 180 |
| 677 | ശ്രീലേഖ | 180 | 180 |
| 760 | സോഡ കമ്പനി | 300 | 300 |
| 159 | ശിവപ്രസാദ്.എസ്.ആർ. | 180 | 180 |
| 39 | തട്ടുകട | 0 | 180 |
| 560 | മോഹനൻ | 180 | 180 |
| വാർഡ് IV | | | |
| 6 | പുഷ്പലത | 120 | 120 |
| 183 | സ്റ്റിച്ചിംഗ് സെന്റർ | 180 | 180 |
| വാർഡ് V | | | |
| 252(2) | പ്രൊവിഷൻ സ്റ്റോർ | 180 | 180 |
| വാർഡ് VI | | | |
| [illegible] | [illegible] | [illegible] | [illegible] |

| | | | |
|---|---|---|---|
| 20 | ആയുർവേദ | 180 | 180 |
| 126 | കൺസ്ട്രക്ഷൻ കമ്പനി | 1250 | 1250 |
| 290(1) | മഹാദേവ ഏജൻസീസ് | 180 | 180 |
| വാർഡ് VII | | | |
| 489 | ജയ് ആട്ടോ ഇലക്ട്രിക്കൽസ് | 180 | 180 |
| 488 | ടീ ഷോപ്പ് | 180 | 180 |
| 4(1) | സ്റ്റിച്ചിംഗ് സെന്റർ | 180 | 180 |
| 184 | പൊന്നു ട്രേഡേഴ്സ് | 180 | 180 |
| 548 | കെ.ആർ.എസ്. മാർക്കറ്റിംഗ് | 0 | 180 |
| വാർഡ് VIII | | | |
| 37, 38 | വൃന്ദാവൻ | 1000 | 1000 |
| 286 | പെറ്റി ഷോപ്പ് | 120 | 120 |
| 450 | ഗ്യാസ് ഗോഡൗൺ | 1000 | 1000 |
| 77(1) | പഞ്ചമം | 0 | 300 |
| 129(1,2,3,4) | ഹോട്ടൽ | 180 | 180 |
| 198(1,2,3,4) | ശ്രീജയം ഏജൻസീസ് | 300 | 300 |
| വാർഡ് IX | | | |
| 665 | നാസർ.എം | 300 | 300 |
| വാർഡ് XI | | | |
| 7 | എയർ ട്രാവൽസ് | 0 | 180 |
| 84, 85, 86 | ഫോട്ടോ സ്റ്റുഡിയോ | 0 | 300 |
| 138 | എഗ്ഗ് സ്റ്റോർ | 0 | 180 |
| 145 | ഫ്രൂട്ട് സ്റ്റാൾ | 300 | 300 |
| 148 | ഫ്രൂട്ട് സ്റ്റാൾ | 300 | 300 |
| 175 | പ്രിന്റ് | 0 | 180 |
| 197 | ബിസാര ബട്ടൺ യൂണിറ്റ് | 0 | 180 |
| 312 | സെൽവി വെസൽസ് | 1000 | 1000 |
| 331 | വെൽഡിംഗ് ഷോപ്പ് | 300 | 300 |
| 334, 383 | ശരവണ ജൂവലറി | 1250 | 1250 |
| 442 | ഫാസ്റ്റ് ഫുഡ് | 450 | 450 |
| 523 | ദവേഷ്.എം.ആർ. | 180 | 180 |
| 538 | ട്യൂട്ടോറിയൽ | 300 | 300 |
| 772 | എൻ.ആർ. സിൽവർ പാലസ് | 0 | 300 |
| 843 | പ്രൊവിഷൻ സ്റ്റോർ | 0 | 750 |
| 917 | റോയൽ ഫർണിഷിംഗ് | 0 | 120 |
| 1250 | ബ്യൂട്ടി പാർലർ | 300 | 300 |
| 1268, 1269 1270 | ജയൻ ഏജൻസീസ് | 300 | 300 |
| 1321 | മട്ടൺ സ്റ്റാൾ | 180 | 180 |
| 1543 | ഐ.സി.ഐ.സി.ഐ.ബാങ്ക് | 1250 | 1250 |
| 1574 | എടൻസ് കോച്ചിംഗ് | 600 | 600 |
| 1590 | ബേക്കറി | 300 | 600 |
| 1652 | സൂനം കമ്മ്യൂണിക്കേഷൻസ് | 180 | 180 |

| | | | |
|---|---|---|---|
| 1699, 1740 | ബി.എസ്.എസ് ഐ.റ്റി കോളേജ് | 600 | 750 |
| 299(1) | ചപ്പാത്തി യൂണിറ്റ് | 300 | 0 |
| 275(1) | ജോസ് ആലുക്കാസ് | 0 | 1250 |
| 1487 | ഭാഗ്യ ട്രേഡിംഗ് | 0 | 180 |
| വാർഡ് XII | | | |
| 168 | ജി.കെ. എന്റർപ്രൈസസ് | 300 | 300 |
| 191 | മണിലാൽ സൗണ്ട്സ് | 0 | 300 |
| 472 | ഇന്ത്യൻ ബാങ്ക് | 1250 | 0 |
| 497 | ഗംഗ സ്റ്റുഡിയോ | 300 | 300 |
| 506 | ശ്രീറാം സൊല്യൂഷൻസ് | 180 | 180 |
| 532 | പി.പി. വെജിറ്റബിൾസ് | 300 | 300 |
| 598 | പെറ്റി ഷോപ്പ് | 180 | 180 |
| 702, 703 | ദീദീ മോട്ടോഴ്സ് | 1000 | 1000 |
| 747 | പൂരം ഹോട്ടൽ | 300 | 300 |
| 801 | എച്ച്.ഡി.എഫ്.സി. ബാങ്ക് | 1250 | 0 |
| 318(1) | ജനത ട്രേഡേഴ്സ് | 300 | 300 |
| 989 | അനിഴം ടെയിലറിംഗ് മെറ്റീരിയൽ | 180 | 180 |
| 668 | ഫ്രണ്ട് ആട്ടോ ഏജൻസീസ് | 300 | 300 |
| വാർഡ് XIII | | | |
| 506 | രേവതി ടൂ വീലേഴ്സ് | 300 | 300 |
| 507 | തൈക്കാവിൽ സ്റ്റോഴ്സ് | 300 | 300 |
| 247(1) | റാസ എന്റർപ്രൈസസ് | 300 | 300 |
| വാർഡ് XIV | | | |
| 210 | എസ്.ബി. ഏജൻസീസ് | 0 | 1250 |
| 715 | അപ്പോളോ ടയേഴ്സ് | 450 | 450 |
| 784, 785 | ക്ലാസിക്ക് ഹാർഡ് വെയേഴ്സ് | 1250 | 1250 |
| 790 | എസ്.ബി ഗ്രാനേറ്റ് & സാനിട്ടറി വെയർ | 1250 | 1250 |
| 858 | മോഡേൺ ഫർണീച്ചർ | 1250 | 1250 |
| 363, 364 | ഹ്യുണ്ടായി ഷോറൂം | 1250 | 1250 |
| 362 | എസ്.ബി.റ്റി അലംകോട് | 1250 | 0 |
| 280(1) | ക്വാളിറ്റി കാർ | 0 | 300 |
| 893, 894 | ജെ.എസ്.എം. ട്രേഡേഴ്സ് | 300 | 300 |
| വാർഡ് XV | | | |
| 78 | നാഷണൽ സലൂൺ | 300 | 0 |
| 208 | ഉത്രാടം അംഗാടി ട്രയ്ഡ് | 0 | 450 |
| 210 | ബിസ്മി ആട്ടോ സ്പെയർ പാർട്ട്സ് | 0 | 300 |
| 223 | എം.എസ് ട്രേഡെഴ്സ് | 450 | 450 |
| 806(4) | മൊബൈൽ ടെക്ക് | 300 | 300 |
| 861 | ഡിജിറ്റൽ സ്റ്റുഡിയോ | 300 | 0 |
| 917 | എസ്.ബി. ഏജൻസീസ് | 1250 | 1250 |
| 881, 882 | ക്ലാസിക്ക് | 1250 | 1250 |

| | | | |
|---|---|---|---|
| 316(1) | ബാലാജി ഹോണ്ട | 300 | 300 |
| 673 | ബാലാജി മോട്ടോഴ്സ് | 300 | 300 |
| 818 | ചൈതന്യ മെഡിക്കൽസ് | 450 | 450 |
| 807 | കഫേ അറേബ്യ | 450 | 450 |
| വാർഡ്XVI | | | |
| 355 | പി.മോഹനൻ, വർക്ക്ഷോപ്പ് | 300 | 300 |
| 516 | ബി.എസ്.എൻ.എൽ. | 1250 | 1250 |
| 162(1) | ബാന്നൂസ് ബേക്കറി | 180 | 180 |
| 162(2) | റെഡ് റോസ് അറേബിയ | 180 | – |
| 661 | ശ്രീ ജയൻ ഏജൻസീസ് | 180 | 180 |
| വാർഡ്XVII | | | |
| 17 | ഷോപ്പ് | 300 | 300 |
| 18 | ടീ ഷോപ്പ് | 180 | 180 |
| 127 | ടേസ്റ്റി ലാന്റ് | – | 600 |
| 154, 155 | ഡിജിറ്റൽ ലാബ് | 600 | 600 |
| 207 | ഫ്രൂട്ട് സ്റ്റാൾ | 450 | 450 |
| 293 | ദീപക്ക് ഇലക്ട്രിക്കൽസ് | 450 | 450 |
| 384 | പ്രൊവിഷൻ സ്റ്റോർ | 300 | 300 |
| 688 | ജയശ്രീ എന്റർപ്രൈസസ് | 180 | 180 |
| 748 | കിച്ചൻ വേൾഡ് | 300 | 300 |
| 799 | പ്രൊവിഷൻ സ്റ്റോർ | 120 | 120 |
| 814 | ന്യൂ ഫർണിച്ചർ ഷോപ്പ് | 1000 | 1000 |
| 816 | എച്ച്.എം.പി | 300 | 300 |
| 890 | എ.സി.ഇ. ഇൻഫോടെക്ക് | 750 | 750 |
| 903 | കോളേജ് ഓഫ് സയൻസ് | 450 | 450 |
| 869 | മിൽ | 0 | 300 |
| 974 | വെജിറ്റബിൾസ് | ൦ | 750 |
| 1071, 72, 73 | ടെക്നോമേറ്റ് | 1000 | 1250 |
| 1080 | നേഷണൽ ട്രേഡേഴ്സ് | 0 | 300 |
| 1158, 1160 | നിള ഫാബ്രിക്ക്സ് & വിസ കമ്പ്യൂട്ടേഴ്സ് | 0 | 1250 |
| 1184 | ബഡ്ഡി റെഡിമെയ്ഡ് | 750 | 750 |
| 1222 | ചെയർ കമ്പ്യൂട്ടർ | 600 | 750 |
| 1076(5), 1076(4) | മസാഫി റെസ്റ്റോറന്റ് | 750 | 750 |
| 948(1) | ക്യാന്റീൻ | 0 | 1250 |
| 962 | ബയോണ ബ്യൂട്ടി പാർലർ | 600 | 600 |
| 496(2) | – | 180 | 180 |
| 474 | എഡ്യൂക്കേഷണൽ ബ്യൂറോ | 600 | 600 |
| 311 | ഫാന്റസി ബേക്കറി | 300 | 300 |
| 591 | ടൂ വീലർ വർക്ക് ഷോപ്പ് | 300 | 300 |
| വാർഡ് XVIII | | | |
| 461 | പ്രൊവിഷൻ സ്റ്റോർ | 0 | 300 |

| | | | |
|---|---|---|---|
| 511 | പാൻ ഷോപ്പ് | 0 | 180 |
| 725/ 726 | സൽസാബീർ | 1250 | 1250 |
| 765 | എ.പി. നഴ്സറി അഗ്രോ ബസാർ | 300 | 300 |
| 831 | വെൽഡിംഗ് | 300 | 300 |
| 190(1)(2) | പ്ലംബിംഗ് , സാനിട്ടറി വെയർ | 750 | 750 |
| 496(3) | ലൈഫ് സ്റ്റയിൽ ബിൽഡേഴ്സ് | 300 | 300 |
| വാർഡ് XIX | | | |
| 117 / 118 | ബേക്കറി | 180 | 180 |
| 86(1) | - | 180 | 180 |
| വാർഡ് XXI | | | |
| 359 | ടീഷോപ്പ് | 120 | 120 |
| 190(1) | പേപ്പർ ബാഗ് | 0 | 180 |
| വാർഡ് XXII | | | |
| 186 | എഞ്ചിനിയറിംഗ് | 300 | 300 |
| 326 | ടീ ഷോപ്പ് | 300 | 300 |
| 374 | ഗാർമെന്റ്, ബ്യൂട്ടി പാർലർ | 300 | 300 |
| 624 | ഔഷധി | 180 | 180 |
| 661 | വെജിറ്റബിൾസ് | 300 | 300 |
| 783 | ടീ ഷോപ്പ് | 180 | 180 |
| 413(1) | എസ്.കെ. | 300 | 300 |
| 392(1) | കാർപെന്ററി വർക്ക് ഷോപ്പ് | 180 | 180 |
| വാർഡ് XXIII | | | |
| 586 | വർക്ക് ഷോപ്പ് | 300 | 300 |
| 588 | ആട്ടോ വർക്ക് ഷോപ്പ് | 300 | 300 |
| 638 | മൊബൈൽ ഫോൺ സെയിൽ | 0 | 180 |
| 653 | ഫ്ലവർ മിൽ | 180 | 180 |
| 703 | ഹാർഡ് വെയർ ഐറ്റംസ് | 450 | 450 |
| 775 | പ്രൊവിഷൻ സ്റ്റോർ | 120 | 120 |
| 845 | ഫ്ലവർ മിൽ | 180 | 180 |
| 897, 898 | അഭിരാം ട്രേഡേഴ്സ് | 600 | 600 |
| 622 | സീന ഗാർമെന്റ്സ് | 600 | 600 |
| 893 | അമ്പാടി ട്രേഡേഴ്സ് | 0 | 450 |
| 396(1) | - | 750 | 750 |
| 815 | അമൃത ഹോസ്പിറ്റൽ | 750 | 750 |
| 860 | എർത്ത് മൂവേഴ്സ് | 300 | 300 |
| 44(1) | എസ്.എൻ ബേക്കറി | 300 | 0 |
| 859 | ടീ ഷോപ്പ് | 180 | 0 |
| വാർഡ് XXIV | | | |
| 207 | വെൽഡിംഗ് വർക്ക്ഷോപ്പ് | 300 | 300 |
| 380 | റേഷൻ ഷോപ്പ് | 180 | 180 |
| 579, 580 | ബേക്കറി | 600 | 600 |

| | | | |
|---|---|---|---|
| 667, 668 | ലാബ് എക്യുപ്മെന്റ് സർജിക്കൽസ് | 300 | 300 |
| 662 | മോട്ടോർ റീവൈഡിംഗ് | 180 | 180 |
| 221(5) | ടീ സ്റ്റാൾ | 180 | 180 |
| 723 | ശ്രീ കൃഷ്ണ പെയിന്റ്സ് | 300 | 300 |
| 215 | പെറ്റി ഷോപ്പ് | 120 | 120 |
| 721(2) | ഗ്ലാമർ ടച്ച് ബ്യൂട്ടി പാർലർ | 300 | 300 |
| 732 | കൈലാസ് റൈസ് & ഫ്ലവർ മിൽ | 180 | 180 |

ഈ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നം.37/13.12.18 ന് തൊഴിൽനികുതി കുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശികതുക പിഴപലിശ ഉൾപ്പെടെ ഡിമാന്റ് നോട്ടീസ് നൽകി പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചിട്ടുണ്ട്. നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-9 ഫാമുകൾക്കും വളർത്തു നായ്ക്കൾക്കും ലൈസൻസ് നൽകിയിട്ടില്ല

1) മൃഗസംരക്ഷണവും ക്ഷീര വികസനവും സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം നഗരസഭ പരിധിയിൽ 7 ഡയറി ഫാമുകളും (സ്വകാര്യം - 6, മറ്റുള്ളവ - 1) 3 ഗോട്ട് ഫാമുകളും പ്രവർത്തിക്കുന്നുണ്ട്.

2) സ്റ്റാറ്റസ് റിപ്പോർട്ടിൽ നായ്ക്കൾക്ക് നിർബന്ധിത ലൈസൻസ് ഏർപ്പെടുത്തണം എന്ന് പരാമർശിച്ചിട്ടുണ്ട്. (പേജ് നം 10). റിപ്പോർട്ടിൽ ആകെ നായ്ക്കളുടെ എണ്ണം 1483 എന്നും ഇതിൽ ലൈസൻസ് ഉള്ളവ യാതൊന്നും ഇല്ല എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 437 പ്രകാരം യാതൊരാളും സെക്രട്ടറിയിൽ നിന്നു ലഭിച്ച ലൈസൻസ് കൂടാതെയും പേപ്പട്ടി വിഷത്തിനെതിരെ തന്റെ പട്ടിയെ കുത്തിവയ്പിക്കാതെയും ഏതെങ്കിലും നായ്ക്കളെ വളർത്താൻ പാടുള്ളതല്ല.

2017-18 സാമ്പത്തിക വർഷത്തിൽ ലൈസൻസ് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം, രേഖകൾ എന്നിവ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം.39/13.12.18 പ്രകാരം അവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല.

നഗരസഭയുടെ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ ഫാമുകൾക്കും ലൈസൻസ് നല്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും വളർത്തു നായ്ക്കൾക്ക് പൂർണ്ണമായും ലൈസൻസ് നൽകുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. ആയത് ഭരണസമിതി ഉറപ്പു വരുത്തേണ്ടതാണ്.

# 2-10 പേ & പാർക്ക് - വരവിന്റെ വിശദാംശങ്ങളും രേഖകളും ലഭ്യമാക്കിയില്ല

2017-18 സാമ്പത്തിക വർഷം പേ & പാർക്ക് ഫീ പിരിവിൽ ചുവടെ പറയുന്ന അപാകങ്ങൾ കാണുന്നു.

i) 2017-18 സാമ്പത്തിക വർഷം പേ & പാർക്ക് ഫീയുടെ ഫയൽ 7871/17 പരിശോധിച്ചതിൽ 18/8/17 ലെ റവന്യൂ ഇൻസ്പെക്ടറുടെ റിപ്പോർട്ട് പ്രകാരം ആറ്റിങ്ങൽ നഗരസഭ പ്രദേശത്തെ പൊതു സ്ഥലങ്ങളിൽ വാഹന പാർക്കിംഗ് ഫീസ് പിരിക്കുന്നതിന് ചുമതലപ്പെടുത്തിയിരുന്ന മോഹൻദാസ് എന്ന ശുചീകരണ തൊഴിലാളി 29/7/17 മുതൽ പാർക്കിംഗ് ഫീസ് പിരിച്ചെടുത്തത് ഓഫീസിൽ ഒടുക്കിയതായി കാണുന്നില്ല എന്നും, ഫീസ് പിരിവിനുള്ള കൂപ്പൺ ബുക്ക് റവന്യൂ വിഭാഗത്തിൽ ഏൽപ്പിച്ചിട്ടില്ല എന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

ii) 2017-18 സാമ്പത്തിക വർഷം ഈ ഇനത്തിൽ ലഭിച്ചിട്ടുള്ള ആകെ തുകയും അവ ഒടുക്കുവരുത്തിയതിന്റെ വിവരവും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

iii) ഫീസ് പിരിവിനായുള്ള പിരിവ് കൂപ്പണിന്റെ സ്റ്റോക്ക് രജിസ്റ്റർ, വിതരണം ചെയ്തതിന്റെ വിവരം (ആർക്ക് നൽകിയത് എന്നത് ഉൾപ്പെടെ)എന്നിവ ലഭ്യമാക്കിയിട്ടില്ല

iv) 2017-18 സാമ്പത്തിക വർഷം ഈ ഇനത്തിലെ ഫീസ് പിരിവിനായി ചുമതലപ്പെടുത്തിയവരുടെ വിവരം (കാലയളവ്, തീരുമാനം ഉൾപ്പെടെ) ലഭ്യമാക്കിയിട്ടില്ല.

v) പരിശോധനയ്ക്ക് ലഭ്യമാക്കിയ രസീത് പ്രകാരം ആകെ 14,930/- രൂപയാണ് ഈ ഇനത്തിലെ വരവ്. എന്നാൽ എ.എഫ്.എസ് പ്രകാരം (കോഡ് 140501300) 68,248/- രൂപയാണ് ഈ ഇനത്തിലെ വരവ്.
മേൽ വിഷയം സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയുണ്ടാകേണ്ടതും തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# 2-11 നിഷ്ക്രിയമായ അക്കൗണ്ടുകൾ പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

നഗരസഭയിൽ നിലവിലെ അക്കൗണ്ടുകളിൽ ചുവടെ പറയുന്നവ നിഷ്ക്രിയമായ നിലയിലാണ്.

| ക്രമ നം | ബാങ്ക് അക്കൗണ്ട് | 2014-15 ബാലൻസ് | 2015-16 ബാലൻസ് | 2016-17 ബാലൻസ് | 2017-18 ബാലൻസ് |
|---|---|---|---|---|---|
| 1 | ഐ.ഒ.ബി (എസ്.ജെ.എസ്.ആർ.വൈ) | 95846 | 212204 (95846+ 202489- 86131) | 220800 (212204 + 8596) | 229351 (220800+8581 -30) |
| 2 | എസ്.ബി.റ്റി (ഇ.ഐ.യൂ.എസ്) | 525552 | 546784 (525552 + 21232) | 576187 (546784 + 29403) | 597649 (576187 + 21462) |
| 3 | ബി.ഒ.ഐ. (ഐ.ഡി.എസ്.എം.റ്റി) | 12805 | 13322 (12805 + 517) | 13864 (13322 + 542) | 14395 (13864 + 531) |
| 4 | യൂ.ബി.ഐ. (ഐ.ഡി.എസ്.എം.റ്റി) | 314359 | 327060 (314359 + 12701) | 339232 (327060 + 12172) | 352369 (339232 + 13137) |
| 5 | ഐ.ഒ.ബി (ഐ.ഡി.എസ്.എം.റ്റി) | 472098 | 491150 (472098 + 19072 -20) | 510983 (491150 + 19895 - 62) | 530782 (510983 +19858 - 59) |

ഈ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നം.47/14.12.18 ന് ക്രമനം 2 മുതൽ 5 വരെ അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്ന വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനത്തിൽ ഉൾപ്പെട്ടിട്ടുള്ളതാണെന്നും ഇത് സംബന്ധിച്ച സ്പഷ്ടീകരണം ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും ക്രമ നം. 1-ൽ പ്രതിപാദിച്ചിരിക്കുന്ന എസ്.ജെ.എസ്.ആർ.വൈ (ഐ.ഒ.ബി) അക്കൗണ്ടിൽ നിലനിൽക്കുന്ന ബാലൻസ് തുകയായ 2,29,351/- രൂപ സംബന്ധിച്ച് ബന്ധപ്പെട്ട സെക്ഷനിൽനിന്ന് റിപ്പോർട്ട് വാങ്ങി അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭിച്ചിട്ടുണ്ട്.
എസ്.ജെ.എസ്.ആർ.വൈ, ഇ.ഐ.യൂ.എസ്, ഐ.ഡി.എസ്.എം.റ്റി എന്നിവയ്ക്കായി ആരംഭിച്ചതും നിഷ്ക്രിയമായതുമായ മേൽ അക്കൗണ്ടുകൾ പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 2-12 വസൂലാക്കാൻ സാധിക്കാത്ത തുകകൾ സംബന്ധിച്ച വിശദാംശം, രജിസ്റ്റർ എന്നിവ ലഭ്യമാക്കിയിട്ടില്ല

1999-ലെ കേരള മുനിസിപ്പാലിറ്റി (വസൂലാക്കാൻ സാധിക്കാത്ത തുകകൾ എഴുതിത്തള്ളൽ) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം ആക്ടോ മറ്റേതെങ്കിലും നിയമമോ അല്ലെങ്കിൽ അതുപ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ ബൈലകളോ പ്രകാരമോ അല്ലെങ്കിൽ അതിലെ വ്യവസ്ഥകളനുസരിച്ച് ഉണ്ടാക്കിയ ഏതെങ്കിലും കരാർപ്രകാരമോ മുനിസിപ്പാലിറ്റിക്ക് കിട്ടേണ്ടതും എന്നാൽ വസൂലാക്കാൻ സാധിക്കാത്തതുമായ തുകകളുടെ ഒരു ലിസ്റ്റ്, തുക എഴുത്തിത്തള്ളേണ്ടതിന്റെ കാരണങ്ങൾ കാണിച്ചുകൊണ്ട് ആറ് മാസത്തിലൊരിക്കൽ സെക്രട്ടറി തയ്യാറാക്കേണ്ടതും ആയത് സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതുമാണ്. ഏത് തുകയും എഴുതിത്തള്ളാൻ ശുപാർശ ചെയ്യുന്നതിനു മുൻപ് കുടിശ്ശികക്കാരനിൽ നിന്നും തുക ഈടാക്കാനുള്ള നിയമപരമായ എല്ലാ നടപടിക്രമങ്ങളും സ്വീകരിച്ചുവെങ്കിലും അവ പരാജയപ്പെട്ടുവെന്നും കുടിശ്ശികക്കാരനിൽ നിന്ന് ജപ്തി മുഖേന തുക ഈടാക്കാൻ അയാൾക്ക് വസ്തുവകകളൊന്നും ഇല്ലെന്നും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ചട്ടം 6 പ്രകാരം ഒരു തുക എഴുതിത്തള്ളാനുള്ള നിർദ്ദേശം സ്റ്റാൻഡിംഗ് കമ്മിറ്റി അംഗീകരിച്ചാൽ, സെക്രട്ടറി അതു സംബന്ധിച്ച വിവരങ്ങൾ ഈ ചട്ടങ്ങൾക്കനുബന്ധമായി ചേർത്തിട്ടുള്ള പട്ടികയിലെ ഫോറത്തിന്റെ മാതൃകയിലുള്ള ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

മേൽ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതിന്റെ വിശദാംശം, രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം.57/16.12.18 പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

# 2-13 കമാനങ്ങളും പരസ്യബോർഡുകളും സ്ഥാപിക്കൽ ചട്ടങ്ങൾ പാലിക്കുന്നില്ല.

1999-ലെ കേരള മുനിസിപ്പാലിറ്റി (പൊതു തെരുവുകളിലും പൊതു സ്ഥലങ്ങളിലും കമാനങ്ങളും പരസ്യബോർഡുകളും സ്ഥാപിക്കൽ) ചട്ടങ്ങൾ പ്രകാരം നഗരസഭ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ചട്ടം | റിമാർക്ക്സ് |
|---|---|---|
| 1 | 3 | യാതൊരാളും മുനിസിപ്പാലിറ്റിയുടെ ലൈസൻസ് കൂടാതെ ഒരു മുനിസിപ്പൽ പ്രദേശത്തിനുള്ളിലുള്ള ഏതെങ്കിലും പൊതുതെരുവിലോ, റോഡിലോ പൊതുസ്ഥലത്തോ അതിനു മുകളിലോ ഏതെങ്കിലും തരത്തിലുള്ള കമാനങ്ങളോ പരസ്യബോർഡുകളോ സ്ഥാപിക്കാൻ പാടില്ലാത്തതാണ് |
| 2 | 4 | 3 ാം ചട്ടത്തിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും കമാനങ്ങളോ, പരസ്യബോർഡോ സ്ഥാപിക്കാൻ |

| | | |
|---|---|---|
| | | ഉദ്ദേശിക്കുന്ന യാതൊരാളും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന കമാനത്തിന്റെയോ പരസ്യബോർഡിന്റെയോ വിശദവിവരം കാണിക്കുന്ന പ്ലാൻസഹിതം സെക്രട്ടറിക്ക് അപേക്ഷ സമർപ്പിക്കേണ്ടതും 6 ാം ചട്ടപ്രകാരം ഇതിലേക്കായി കൗൺസിൽ നിശ്ചയിച്ച നിരക്കിലുള്ള ഫീസ് മുനിസിപ്പാലിറ്റിയുടെ ആഫീസിൽ അടയ്ക്കേണ്ടതാണ്. |
| 3 | 4(2) (എ) | കമാനങ്ങൾ അനുവദിക്കുന്നത് ഹ്രസ്വകാലത്തേക്കുമാത്രം ആയിരിക്കേണ്ടതാണ്. അനുമതി നൽകുന്ന സംഗതിയിലും കമാനങ്ങളും മറ്റും പൊളിച്ച് നീക്കുന്നതിനും റോഡിന്റെ കേട്ടുപാടുകൾ തീർക്കുന്നതിനും ആവശ്യമായി വന്നേക്കാവുന്ന തുക ലൈസൻസി മുനിസിപ്പാലിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്യേണ്ടതാണ്. |
| 4 | 4(ii) | ലൈസൻസി, കമാനം സ്ഥാപിക്കുന്നതിനുമുൻപ്, ലൈസൻസിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ പാലിച്ചുകൊള്ളാമെന്ന് സമ്മതിച്ചുകൊണ്ട് നിശ്ചിത വിലയുള്ള മുദ്രപത്രത്തിൽ, സെക്രട്ടറിക്ക് സമ്മതപത്രം എഴുതിക്കൊടുക്കേണ്ടതാണ്. |

എന്നാൽ ഈ വിഷയത്തിൽ നഗരസഭ അപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.59/16.12.18 ന് കമാനങ്ങൾ സ്ഥാപിക്കുന്നതിന് യാതൊരു അപേക്ഷകളും ലഭിച്ചിട്ടില്ലെന്നും. പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷകളിൽ മേൽ പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്നും മറുപടി നല്കിയിട്ടുണ്ട്.

1999-ലെ കേരള മുനിസിപ്പാലിറ്റി (പൊതു തെരുവുകളിലും പൊതു സ്ഥലങ്ങളിലും കമാനങ്ങളും പരസ്യബോർഡുകളും സ്ഥാപിക്കൽ) ചട്ടങ്ങൾ പൂർണ്ണമായും നടപ്പിലാക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധയുണ്ടാകേണ്ടതാണ്.

# 2-14 മാലിന്യ നിർമ്മാർജ്ജന ഫണ്ട് രൂപീകരണം സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയില്ല

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 334 സി പ്രകാരം മുനിസിപ്പാലിറ്റിയുടെ പ്രദേശത്ത് ഉണ്ടാകുന്ന മാലിന്യനിർമ്മാർജ്ജന ആവശ്യങ്ങളിലേക്കായി, പ്രത്യേകിച്ചും പ്ലാസ്റ്റിക്ക് മാലിന്യ സംസ്കരണത്തിനായി, മുനിസിപ്പാലിറ്റി " മാലിന്യ നിർമ്മാർജ്ജന ഫണ്ട്" എന്ന പേരിൽ ഒരു പ്രത്യേക നിധി സ്വരൂപിക്കേണ്ടതും, നിധിയിൽ ചുവടെ പറയുന്ന ഇനങ്ങളിലുള്ള തുകകൾ വരവുവയ്ക്കേണ്ടതും ആയത് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം കൈകാര്യം ചെയ്യേണ്ടതുമാണ്.

എ) 334 ബി വകുപ്പിന്റെ (1) ാം ഉപവകുപ്പിന്റെ (ബി) ഖണ്ഡിക പ്രകാരം ഈടാക്കുന്ന അധിക ഫീസ്.

ബി) മാലിന്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട കേസുകളിൽ ഈടാക്കുന്ന പിഴ സംഖ്യ.

സി)ഈ ആവശ്യത്തിലേക്കായി സർക്കാർ അനുവദിക്കുന്നതോ, മറ്റ് ഏജൻസികളോ, ആളോ നൽകുന്നതോ ആയ തുകകൾ

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.60/16.12.18 ന് മാലിന്യ നിർമ്മാർജ്ജന പ്രവർത്തനവുമായി ബന്ധപ്പെട്ട് പിഴയിനത്തിൽ 46,000/- രൂപ ഈടാക്കിയിട്ടുണ്ടെന്നും എന്നാൽ ഇത്തരത്തിലുള്ള മാലിന്യ നിർമ്മാർജന ഫണ്ട് എന്ന പേരിൽ പ്രത്യേക ഫണ്ട് രൂപീകരിച്ചിട്ടില്ലെന്നും മറുപടി ലഭിച്ചിട്ടുണ്ട്.

മാലിന്യ നിർമ്മാർജന ഫണ്ട് രൂപീകരിക്കരിച്ച് മേൽ പ്രകാരമുള്ള തുകകൾ ഇതിൽ ഒടുക്കുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-15 പാർക്കിംഗ് ലോട്ട് ആദായനികുതി ഈടാക്കിയില്ല

1961-ലെ ആദായനികുതി നിയമം സെക്ഷൻ 206(സി) (1സി) പ്രകാരം പാർക്കിംഗ് ലോട്ടുകൾക്ക് 2% ആദായനികുതി ഈടാക്കേണ്ടതാണ്. 2017-18 സാമ്പത്തിക വർഷം ബസ്റ്റാന്റ് ഫീസ് പിരിവ് ലേലം കൊണ്ട ചുവടെ പറയുന്ന കരാറുകാരനിൽ നിന്നും ആദായനികുതി തുക ഈടാക്കിയിട്ടില്ല.

| ഇനം | ലേലം കൊണ്ട ആളിന്റെ പേര് | ലേല തുക |
|---|---|---|
| മുനിസിപ്പൽ ബസ്റ്റാന്റ് ഫീസ് പിരിവ് | ജയൻ, ജയാമന്ദിരം, കുടവൂർ, തോന്നയ്ക്കൽ | 16,16,999/- |

നിയമപ്രകാരമുള്ള നികുതി ഈടാക്കുന്നതിന് സെക്രട്ടറിയുടെയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധയുണ്ടാകേണ്ടതാണ്.

# 2-16 ലേലം - രേഖകൾ ഹാജരാക്കിയില്ല

2017-18 സാമ്പത്തിക വർഷത്തെ ലേലവുമായി ബന്ധപ്പെട്ട് ചുവടെ പറയുന്നവയുടെ ഫയൽ, രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഇനം | ലേലം കൊണ്ട ആളിന്റെ പേര് | ലേല തുക |
|---|---|---|---|
| 1 | മാമം കന്നുകാലിചന്ത | കൃഷ്ണൻകുട്ടിനായർ, കുന്നുംപുറത്ത് വീട്, കിഴുവിലം | 1,80,000/- |
| 2 | അവനവൻചേരി മാർക്കറ്റ് | ജിത്തു, ചരുവിളപുത്തൻവീട്, മണ്ണൂർഭാഗം, ആലംകോട് | 1,61,111/- |
| 3 | മാമം സായാഹ്ന ചന്ത | ജോർജ്, നിഷനിവാസ്, വടക്കേ അരയതുരുത്തി, ചിറയിൻകീഴ് | 14,500/- |
| 4 | വിളയിൻമൂലചന്ത | സുലൈമാൻ ഹാജി, റാഫി മൻസിൽ, ആലംകോട് | 1,10,000/- |
| 5 | മാമത്ത് ഡ്രൈവിംഗ് പരിശീലനം | ചന്ദ്രബാബു, വിളയിൽകുന്നുംപുറത്ത് വീട്, ആറ്റിങ്ങൽ | 85,000/- |
| 6 | സ്ലാട്ടർ ഹൗസ് | സലീം, ഡി.ബി.കെ മൻസിൽ, ആലംകോട് | 9,40,000/- |
| 7 | വാഹനഡെമോൺസ്ട്രേഷൻ | രാജൻ, | 42,500/- |

| | | | |
|---|---|---|---|
| | | മുഞ്ഞമൂട് തോപ്പ്,<br>വടക്കേ അരയതുരുത്തി, ചിറയിൻകീഴ് | |

ഈ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നം.62/16.12.18 ന് മേൽ ഇനങ്ങളുമായി ബന്ധപ്പെട്ട ഫയലുകൾ റെക്കോർഡ് റൂം സജ്ജീകരിക്കുന്നതുമായി ബന്ധപ്പെട്ട് സെക്ഷനിൽ നിന്നും മാറ്റിയതാണെന്നും ഇവ കണ്ടെത്തി ലഭ്യമാക്കുന്നതാണെന്നും മറുപടി ലഭിച്ചു.

മേൽ പറഞ്ഞിട്ടുള്ള 7 ഇനങ്ങളുമായി ബന്ധപ്പെട്ട ഫയലുകൾ കണ്ടെത്തി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# 2-17 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ -അപാകതകൾ

(1) 1999 ലെ കേരള മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 5(1) പ്രകാരം ഒരു മുനിസിപ്പാലിറ്റിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ട്യൂട്ടോറിയൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനുമുൻപായി പുതുക്കേണ്ടതും, അപ്രകാരം പുതുക്കുന്നതിന് 100 രൂപ രജിസ്ട്രേഷൻ പുതുക്കൽ ഫീസ് സഹിതം 5ാം നമ്പർ ഫോറത്തിൽ അപേക്ഷിക്കേണ്ടതുമാണ്. എന്നാൽ 2017-18 സാമ്പത്തിക വർഷം ചുവടെ പറയുന്ന സ്ഥാപനങ്ങൾ സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപായി രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

| ക്രമ നം | പേര്, വിലാസം | സ്ഥാപനം | രജിസ്ട്രേഷൻ ഫീസ് ഒടുക്കിയ വിവരം |
|---|---|---|---|
| 1 | സുഭാഷ് മോഹൻ, കല്ലുവിളവീട്, തെങ്ങുംകോണം, പുളിമാത്ത് | സൈബർ ഡെയിൽ | 117010101040 / 22.4.17 |
| 2 | വിജയകുമാരൻ നായർ.ബി, വിജയാലയം, കീഴാറ്റിങ്ങൽ | ബ്രൈറ്റ് അക്കാഡമി | 117010101307 / 28.4.17 |
| 3 | ആര്യാ വിജയൻ, വിശാഖം, വിളയിൻമൂല, ആറ്റിങ്ങൽ | ലെറ്റ്സ് ടാക്ക് | 117010101798 / 15.5.17 |
| 4 | സന്തോഷ്.എസ്, കുന്നുവിളവീട്, താന്നിക്കോണം | ടാലന്റ് | 117010101854 / 16.5.17 |
| 5 | റാഷ്മദിവ, നീലാമ്പരി, വേള്ളൂർക്കോണം, ആറ്റിങ്ങൽ | ആചാര്യ എട്രൻസ് ആക്കാഡമി | 117010103247 / 12.6.17 |
| 6 | നഹസ് നസീർ, റഹ്ന കോട്ടേജ്, കരുനാഗപ്പള്ളി | കാഡ് സെന്റർ | 117010104389 / 12.7.17 |
| 7 | അക്ബർ.എസ്, കെ.വി ഹൗസ്, പെരുംകുളം | ട്യൂട്ടോറിയൽ കോളേജ് | 117010104460 / 14.7.17 |

| | | | |
|---|---|---|---|
| 8 | ജാസ്മിൻ, ജാസ്മിൻ നിവാസ്, പാലാംകോണം, പെരുംകുളം | ബ്യൂട്ടീഷ്യൻ അക്കാഡമി | 117010105326 / 4.8.17 |
| 9 | സുരേഷ്.എസ്, ശ്രീഗിരി, രവിവർമ ലൈൻ, ആറ്റിങ്ങൽ | സുസ്കോ വെൽഡിംഗ് ഇൻസ്റ്റിറ്റ്യൂട്ട് | 117010106715 / 13.9.17 |

ചട്ടം 3 (6) പ്രകാരം രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ച സ്ഥാപനത്തെ സംബന്ധിച്ച വിവരങ്ങൾ 2 ാം നമ്പർ ഫോറത്തിലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, അപ്രകാരം രേഖപ്പെടുത്തി കഴിഞ്ഞാൽ സ്ഥാപനം രജിസ്റ്റർ ചെയ്യപ്പെട്ടതായി കണക്കാക്കേണ്ടതുമാണ്. ഇപ്രകാരമുള്ള രജിസ്റ്റർ പരിപാലിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും കൃത്യമായും സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധചെലുത്തേണ്ടതാണ്.

**(2) <u>ട്യൂട്ടോറിയൽ രജിസ്ട്രേഷൻ ഫീസ് - രജിസ്റ്റർ, എ.എഫ്.എസ്. എന്നിവ പൊരുത്തപ്പെടുന്നില്ല</u>**

ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച രജിസ്റ്റർ പ്രകാരം ആകെ 55 സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുത്തിട്ടുണ്ട്. ഇതിൽ 45 സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കിയവയും 10 സ്ഥാപനങ്ങൾ പുതുതായി രജിസ്റ്റർ ചെയ്തവയുമാണ്. ഈ ഇനത്തിൽ ആകെ 7,500/- രൂപയാണ് ലഭിച്ചിട്ടുള്ളത് (10 x 300 + 45 x 100). എന്നാൽ എ.എഫ്.എസ്. പ്രകാരം ഈ ഇനത്തിൽ 10,300/- രൂപയാണ് 2017-18 സാമ്പത്തിക വർഷത്തെ വരവായി രേഖപ്പെടുത്തിയിട്ടുള്ളത് (കോഡ് 140100200).

ഈ ഇനത്തിൽ 2,800/- രൂപ എ.എഫ്.എസ്. പ്രകാരം അധികമായി വന്നിട്ടുള്ളതിന്റെ വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം.78/19.12.18 ന് 2,800/- രൂപ അധികമായി വന്നിട്ടുള്ളത് രജിസ്റ്ററും അപേക്ഷഫാറവും ഒത്ത് നോക്കി വിട്ടുപോയിട്ടുള്ളത് ചേർത്ത് ക്രമപ്പെടുത്തി അറിയിക്കുന്നതാണെന്ന് മറുപടി ലഭിച്ചു.

എ.എഫ്.എസ്. പ്രകാരം അധികമായി വന്നിട്ടുള്ള 2,800/- രൂപ സംബന്ധിച്ച് വ്യക്തത വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-18 സ്വകാര്യ ആശുപത്രി /പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ - അപാകതകൾ

<u>a) സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ-രജിസ്റ്റർ, എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല.</u>

സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയുടെ രജിസ്ട്രേഷൻ സംബന്ധിച്ച രജിസ്റ്റർ പ്രകാരം ആകെ 79 സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുത്തിട്ടുണ്ട്. ഇതിൽ 61 സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കിയവയും 18 സ്ഥാപനങ്ങൾ പുതുതായി രജിസ്റ്റർ ചെയ്തവയുമാണ്. ഈ ഇനത്തിൽ ആകെ 11,500/- രൂപയാണ് ലഭിച്ചിട്ടുള്ളത് ( 18 x 300 + 61 x 100). എന്നാൽ എ.എഫ്.എസ് പ്രകാരം ഈ ഇനത്തിൽ 11,800/- രൂപയാണ് 2017-18 സാമ്പത്തിക വർഷത്തെ വരവായി രേഖപ്പെടുത്തിയിട്ടുള്ളത് (കോഡ് 140100100).

ഈ ഇനത്തിൽ 300/- രൂപ എ.എഫ്.എസ് പ്രാകാരം അധികമായി വന്നിട്ടുള്ളതിന്റെ വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം.79/19.12.18 ന് ബന്ധപ്പെട്ട രജിസ്റ്ററും അപേക്ഷയും ഒത്ത് നോക്കി ഏതെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ ചേർത്ത് ക്രമപ്പെടുത്തുന്നതാണെന്ന് മറുപടി ലഭിച്ചു.

എ.എഫ്.എസ്. പ്രകാരം അധികമായി വന്നിട്ടുള്ള 300/- രൂപ സംബന്ധിച്ച വിശദവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

b) <u>സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങൾ കൃത്യമായും രജിസ്ട്രേഷൻ പുതുക്കുന്നില്ല</u>

1997-ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ-ചട്ടം 5(1) പ്രകാരം ഒരു മുനിസിപ്പാലിറ്റിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സ്വകാര്യ ആശുപത്രിയുടെയോ പാരാമെഡിക്കൽ സ്ഥാപനത്തിന്റെയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുമ്പായി പുതുക്കേണ്ടതും, അപ്രകാരം പുതുക്കുന്നതിന് 100/-രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം 5-ാം നമ്പർ ഫോറത്തിൽ അപേക്ഷിക്കേണ്ടതുമാണ്. എന്നാൽ 2017-18 സാമ്പത്തിക വർഷം ചുവടെ പറയുന്ന സ്ഥാപനങ്ങൾ സാമ്പത്തിക വർഷത്തിനു മുമ്പായി രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | രജിസ്ട്രേഷൻ ഫീസ് ഒടുക്കിയ വിവരം |
|---|---|---|
| 1 | നയന ഐ ക്ലിനിക്ക് | 117010102839/02.06.2017 |
| 2 | അഗസ്ത്യ ശ്രീ സിദ്ധ ക്ലിനിക്ക് | 117010101604/09.05.2017 |
| 3 | അഹല്യ ഫൗണ്ടേഷൻ ഐ ഹോസ്പിറ്റൽ | 117010109306/15.11.2017 |

ചട്ടം 3(6) പ്രകാരം രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ച സ്ഥാപനത്തെ സംബന്ധിച്ച വിവരങ്ങൾ 2-ാം നമ്പർ ഫോറത്തിലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, അപ്രകാരം രേഖപ്പെടുത്തി കഴിഞ്ഞാൽ സ്ഥാപനം രജിസ്റ്റർ ചെയ്യപ്പെട്ടതായി കണക്കാക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരമുള്ള രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

സ്ഥാപനങ്ങൾ കൃത്യമായും രജിസ്ട്രേഷൻ പുതുക്കുന്നു എന്ന് ഉറപ്പു വരുത്തുകയും ചട്ടപ്രകാരമുള്ള രജിസ്റ്റർ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

# 2-19 അഡ്വാൻസ് തുക ക്രമീകരിച്ചിട്ടില്ല

2017-18 സാമ്പത്തിക വർഷം അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ പറയുന്ന മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല.

| തീയതി | വൗച്ചർ നം | അഡ്വാൻസ് സ്വീകരിച്ച ആളിന്റെ പേര്, വിലാസം | ഉദ്ദേശ്യം | തുക |
|---|---|---|---|---|
| 22/06/17 | 94 | വിനോദ്, ഡ്രൈവർ | KL16D4963 നമ്പർ ബൊലേറോ ജീപ്പിന്റെ ടാക്സ് ഒടുക്കുന്നതിന് അഡ്വാൻസ് | 15000 |
| 05/07/17 | 38 | അജിത്.വി.പി, എച്ച്.ഐ. $2^{nd}$ | കൃഷ്ണ ഹോട്ടൽ ഡിപ്പാർട്ടുമെന്റലായി പൂട്ടുന്നതിന് | 1000 |
| 18/09/17 | 64 | പ്രമീള, | പാർക്കിംഗ് ബോർഡ് | 32000 |

| | | | | |
|---|---|---|---|---|
| | | പി.ഡബ്യ്യ.ഒ III | സ്ഥാപിക്കുന്നതിന് | |
| 20/09/17 | 70 | പ്രവീൺ, ജെ.എച്ച് II nd | കേരളോത്സവം 2017 | 30000 |
| 01/12/17 | 23 | വിനോദ്, ഡ്രൈവർ | നഗരസഭയിലെ KL01Y2026 , KL16C5893 എന്നീ വാഹനങ്ങളുടെ ഇൻസ്പെക്ഷൻ ഫീ ഇനത്തിൽ പി.ഡബ്യു.ഡി യിൽ ഒടുക്കുന്നതിന് | 2000 |
| 20/12/17 | 74 | പ്രമീള പി.ഡബ്യ്യ.ഒ III | 10 ാം നമ്പർ അംഗൻവാടി വാട്ടർ കണക്ഷൻ | 10000 |
| 24/01/18 | 107 | വിനോദ്, ഡ്രൈവർ | ജനറേറ്റർ ലേലം ചെയ്യുന്നതിന് ഇൻസ്പെക്ഷൻ ഫീ | 1000 |
| 15/02/18 | 77 | പ്രവീൺ, ജെ.എച്ച് II nd | വിമുക്തി ബോധവൽകരണ പരിപാടി | 22000 |
| 19/02/18 | 87 | സീന, പി.ഡബ്യ്യ.ഒ II | KL16E8390 ന്റെ റിപ്പയർ | 5000 |
| 24/01/18 | 105 | പ്രവീൺ.സി.യു, ജെ.എച്ച് 1 | റിപബ്ലിക്ക് ദിനചെലവുകൾ | 15000 |
| 28/02/18 | 104 | സീന | KL16E8373 ടിപ്പർ ലോറി സി.എഫ് ടെസ്റ്റ് റിപ്പയർ | 5000 |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.100/20.12.18 ന് മറുപടി ലഭിച്ചിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് വോളിയം 1 ആർട്ടിക്കിൾ 99 പ്രകാരം അഡ്വാൻസ് ക്രമീകരിക്കേണ്ടതും ആയതിന്റെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

# 2-20 ഓഡിറ്റ് റിക്കവറി വിശദാംശം ലഭ്യമാക്കിയില്ല

2017 -18 ധനകാര്യ പത്രിക B 9 ഷെഡ്യൂൾ പ്രകാരം " റിക്കവറി പേയബിൾ - ഓഡിറ്റ് റിക്കവറി " ( കോഡ് 350200125) ഇനത്തിൽ 1,23,585/- രൂപ ബാധ്യതയായി നിലനിൽക്കുന്നു. ഈ തുക സംബന്ധിച്ച വിശദാംശം, ഏതിനത്തിൽ ലഭ്യമായത്, തുക നിലനിൽക്കുന്നതിനുള്ള കാരണം എന്നിവയുടെ വിശദമായ വിവരം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം 48/14.12.18 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഡേ ബുക്ക് പരിശോധിച്ചതിൽ 6/6/17 ൽ രസീപ്റ്റ് നം 117010500042 പ്രകാരം " remittance of recoveries and contributions"എന്ന ഹെഡിൽ 1,23,585/- രൂപ ബാങ്കിൽ വരവ് വന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ തുക ഏത് ഇനത്തിലുള്ളതാണെന്നും തുക ഏത് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളത് എന്നതിന്റെ വിശദാംശവും ലഭ്യമാക്കേണ്ടതാണ്.

# 2-21 സേവനനികുതി ഈടാക്കിയിട്ടില്ല

2017-18 ലേല വ്യവസ്ഥകൾ ഖണ്ഡിക 36 പ്രകാരം ലേലം കൊള്ളുന്ന കുത്തകക്കാരൻ ലേലത്തുകയോടൊപ്പം അതിന്റെ 15% സേവന നികുതി ഒടുക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം ലേലം കൊണ്ട ചുവടെ പറയുന്ന കുത്തകക്കാർ സേവന നികുതി ഒടുക്കിയിട്ടില്ല.

| ക്രമ നം | ഇനം | ലേലം കൊണ്ട ആളിന്റെ പേര് | ലേല തുക |
|---|---|---|---|
| 1 | മാമം കന്നുകാലിചന്ത | കൃഷ്ണൻകുട്ടിനായർ, കുന്നംപുറത്ത് വീട്, കിഴവിലം | 1,80,000/- |
| 2 | അവനവൻചേരി മാർക്കറ്റ് | ജിത്തു, ചരുവിളപുത്തൻവീട്, മണ്ണൂർഭാഗം, ആലംകോട് | 1,61,111/- |
| 3 | മാമം സായാഹ്ന ചന്ത | ജോർജ്, നിഷനിവാസ്, വടക്കേ അരയതുരുത്തി, ചിറയിൻകീഴ് | 14,500/- |
| 4 | വിളയിൻമൂലചന്ത | സുലൈമാൻ ഹാജി, റാഫി മൻസിൽ, ആലംകോട് | 1,10,000/- |
| 5 | മാമത്ത് ഡ്രൈവിംഗ് പരിശീലനം | ചന്ദ്രബാബു, വിളയിൽകുന്നംപുറത്ത് വീട്, ആറ്റിങ്ങൽ | 85,000/- |
| 6 | സ്ലാട്ടർ ഹൗസ് | സലീം, ഡി.ബി.കെ മൻസിൽ, ആലംകോട് | 9,40,000/- |
| 7 | വാഹന ഡെമോൺസ്ട്രേഷൻ | രാജൻ, മുഞ്ഞമൂട് തോപ്പ്, വടക്കേ അരയതുരുത്തി, ചിറയിൻകീഴ് | 42,500/- |
| 8 | മുനിസിപ്പൽ ബസ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ | ജോയി, ആഞ്ജനേയം, കുന്നവാരം, ആറ്റിങ്ങൽ | 3,60,000/- |
| 9 | ആറ്റിങ്ങൽ മാർക്കറ്റ് കംഫർട്ട് സ്റ്റേഷൻ | അജികുമാർ, ശങ്കരവിലാസം, പൂവമ്പാറ, ആലംകോട് | 5,650/- |
| 10 | മുനിസിപ്പൽ ബസ്റ്റാന്റ് ഫീസ് പിരിവ് | ജയൻ, ജയാമന്ദിരം, കുടവൂർ, തോന്നയ്ക്കൽ | 16,16,999/- |
| 11 | ആലംകോട് മാർക്കറ്റ് | സായിദ്, സുമിനാമൻസിൽ, ആലംകോട് | 28,00,000/- |
| 12 | ആറ്റിങ്ങൽ മാർക്കറ്റ് | അജികുമാർ, ശങ്കരവിലാസം, പൂവമ്പാറ, ആലംകോട് | 5,01,000/- |
| 13 | പരസ്യനികുതി പിരിവ് | M/s. മിഥുൻ ഇൻഫ്രാസ്ട്രക്ചർ പ്രൈ.ലി, ചേന്നൻകോട്, വടശ്ശേരിക്കോണം | 4,90,000/- |

ലേലം കൊള്ളുന്നവരിൽ നിന്നും സേവനനികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ആസൂത്രണ സമിതി രൂപീകരിച്ചതിന്റെ രേഖകൾ

# ലഭ്യമല്ല

ജി.ഒ(എം.എസ്)നം.79/2017/തസ്വഭവ, 03.04.17 ഖണ്ഡിക 2.1(1) പ്രകാരം ആസൂത്രണ സമിതി രൂപീകരിക്കേണ്ടതിന്റെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങളിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ആസൂത്രണ നിർവ്വഹണ പ്രക്രിയകളിൽ ജനപങ്കാളിത്തം വർദ്ധിപ്പിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനും ജനപ്രതിനിധികളും വിദഗ്ദ്ധരും സന്നദ്ധപ്രവർത്തകരും അംഗങ്ങളായുള്ള ആസൂത്രണ സമിതി രൂപീകരിക്കേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻ അദ്ധ്യക്ഷനായും സഹായിക്കാൻ കഴിയുന്ന വിദഗ്ദ്ധൻ ഉപാദ്ധ്യക്ഷനായും സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ സന്നദ്ധസേവകരായ വിദഗ്ദ്ധർ എന്നിവർ ഉൾപ്പെടെ 15 അംഗങ്ങളും കൺവീനറായി സെക്രട്ടറിയും ചേർന്നതാണ് സമിതിയുടെ ഘടന. എന്നാൽ അപ്രകാരം ആസൂത്രണ സമിതി രൂപീകരിച്ചതിന്റെ രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.53/15.12.18 ന് മറുപടിയും നൽകിയിട്ടില്ല.

# 3-2 ആസ്തി രജിസ്റ്റർ കാലികമാക്കണം.

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം 30(1)വകുപ്പ് 1ാം പട്ടിക പ്രകാരം റോഡുകളും, മറ്റ് പൊതു മുതലുകളും സംരക്ഷിക്കുക എന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനം വികേന്ദ്രീകരണാസൂത്രണത്തിലൂടെ പദ്ധതിപ്പണം വിനിയോഗിച്ച് ആസ്തികൾ ആർജ്ജിക്കുന്നു. ഇവ യഥാസമയം രേഖപ്പെടുത്തി സൂക്ഷിച്ചാൽ മാത്രമേ പ്രസ്തുത സ്ഥാപനത്തിന്റെ ആസ്തികളുടെ മൂല്യം കണക്കാക്കി ശരിയായ സാമ്പത്തിക സ്ഥിതി അവലോകനം സാധ്യമാകുകയുള്ളൂ. ആസ്തികളുടെ പരിപാലനവും സംരക്ഷണവും പ്രസ്തുത ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലായിരിക്കേണ്ടതുമാണ്.

58608/ ഡിബി2/2009/തസ്വഭവ, 13.01.2010 സർക്കുലർ ഖണ്ഡിക 3.22 പ്രകാരം ആസ്തി രജിസ്റ്ററുകളിൽ മാറ്റങ്ങൾ / കൂട്ടിച്ചേർക്കൽ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററുകളിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് തയ്യാറാക്കി ഭരണസമിതിക്ക് സമർപ്പിക്കേണ്ടതും ഭരണസമിതിയുടെ അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കുകയും വേണം .

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/10.12.18 ന് ഐ.കെ.എം സോഫ്റ്റ് വെയറിൽ ആസ്തികൾ ഉൾപ്പെടുത്തി ഭരണസമിതിയുടെ അംഗീകാരം വാങ്ങാൻ നടപടികൾ സ്വീകരിച്ചു വരുന്നതായി നഗരസഭ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

വിവിധതരം റോഡുകളുടെയും മറ്റ് ആസ്തികളുടെയും നിർമാണ/സംരക്ഷണ പ്രവൃത്തികൾക്കായി നിശ്ചയിച്ചിട്ടുള്ള ഗ്യാരന്റി പീരീഡിനുള്ളിൽ വീണ്ടും പ്രവൃത്തി ഏറ്റെടുക്കുന്നുണ്ടോയെന്ന് ഫലപ്രദമായി നിരീക്ഷിക്കാൻ ഓഡിറ്റിന് സാധിക്കുന്നില്ല. ഭരണസമിതിയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

# 3-3 വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് തൃപ്തികരമല്ല

വർക്കിംഗ് ഗ്രൂപ്പ് പദ്ധതി മാർഗ്ഗരേഖ ജി.ഒ.(എം.എസ്)നം.79/2017/തസ്വഭവ, 3.4.17 പ്രകാരം പദ്ധതി ആസൂത്രണത്തിനും ഓരോ വിഷയ മേഖലയ്ക്കും വേണ്ടി രൂപീകരിക്കുന്ന ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സന്നദ്ധപ്രവർത്തകരും ഗുണഭോക്താക്കളും അടങ്ങുന്ന വിദഗ്ധ സമിതി അതത് വിഷയ മേഖലയുടെ വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹണ ഉദ്യോഗസ്ഥനെ ഒഴിവാക്കി മോണിറ്ററിംഗ് സമിതിയായി മാറേണ്ടതും അതാത് വർക്കിംഗ് ഗ്രൂപ്പിന് കീഴിലുള്ള മേഖലകളിൽ നിർവ്വഹിച്ച പ്രോജക്ടുകൾ ആദ്യാവസാനം മോണിറ്റർ ചെയ്ത് റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥനും നഗരസഭ സെക്രട്ടറിക്കും നൽകേണ്ടതുമാണ്. പ്രസ്തുത നടപടിക്രമം പാലിക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പുകൾക്കായില്ല. മേൽനോട്ട ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റികളും ഈ വിഷയത്തിനു അർഹിക്കുന്ന പ്രാധാന്യം നൽകിയിട്ടില്ല. പ്രസ്തുത വിഷയത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 3-4 ഗുണഭോക്തൃ വിഹിതമിനത്തിൽ വർഷങ്ങളായി ചെലവഴിക്കാതെ തുക നിലനിൽക്കുന്നു

വാർഷിക ധനകാര്യപ്പത്രിക പ്രകാരം ഗുണഭോക്തൃ വിഹിതമിനത്തിൽ ഷെഡ്യൂൾ B-4 ൽ ചുവടെ പറയുന്ന തുക വർഷങ്ങളായി നിലനിൽക്കുന്നു.

| കോഡ് നം (AFS) | ഇനം | 31-03-2015-ലെ നീക്കിബാക്കി | 31-03-2016-ലെ നീക്കിയിരിപ്പ് | 31-03-2017-ലെ നീക്കിയിരിപ്പ് | 31-03-2018-ലെ നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 320801000 | ഗുണഭോക്തൃവിഹിതം | 346254 | 791399 (346254+ 496610- 51465) | 683245 (791399+ 439553- 547707 ) | 2841531 (683245+ 2647586- 489300) |

ഗുണഭോക്തൃ വിഹിതമിനത്തിലെ നീക്കിയിരിപ്പിന്റെ വിശദാംശം (സാമ്പത്തിക വർഷം, ഏത് പ്രോജക്ട് പ്രകാരമുള്ളത്), ചെലവഴിക്കാതെ അവശേഷിക്കുന്നതിനുള്ള കാരണം എന്നിവ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം.17/10.12.18 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ചെലവഴിക്കാതെ ശേഷിക്കുന്ന തുകകൾ ഏതിനത്തിലുള്ളവയാണെന്ന് കണ്ടെത്തി തുടർനടപടി സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവരുടെ ശ്രദ്ധയുണ്ടാകേണ്ടതാണ്.

# 3-5 ഗ്രാന്റിനത്തിലെ തുക ചെലവഴിക്കാതെ അവശേഷിക്കുന്നു

വാർഷിക ധനകാര്യപത്രിക പ്രകാരം ഗ്രാന്റിനത്തിൽ ഷെഡ്യൂൾ B-4 ൽ ചുവടെ പറയുന്ന തുക

വർഷങ്ങളായി നിലനിൽക്കുന്നു.

| ക്രമ നം | കോഡ് നമ്പർ (AFS) | ഇനം | 31-03-2015-ലെ നീക്കിബാക്കി | 31-03-2016-ലെ നീക്കിയിരിപ്പ് | 31-03-2017-ലെ നീക്കിയിരിപ്പ് | 31-03-2018-ലെ നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1 | 320200500 | Capital grant under UIDSMT | 4268498 | 4363765 (4268498+ 95267) | 4363765 | 4363765 |
| 2 | 320802000 | Grant for projects | 281473 | 281473 | 281473 | 281473 |
| 3 | 320809900 | Other grants & contributions for specific purpose | 468180 | 2577580 (468180+ 2334400- 225000) | 17677580 (2577580+ 15100000) | 22447930 (17677580+ 5000000- 229650) |

വിവിധ ഗ്രാന്റിനങ്ങളിലായി ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയുടെ വിശദാംശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.16/10.12.18 ന് മറുപടി ലഭിച്ചില്ല. ഇതു സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവയുടെ ശ്രദ്ധയുണ്ടാകേണ്ടതാണ്.

# 3-6 പെൻഷൻ വിഹിതം ഒടുക്കു വരുത്തുന്നില്ല

1996-ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത്-കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്ത വേതനത്തിന്റെ പതിനഞ്ച് ശതമാനം പെൻഷൻ വിഹിതമായി സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതാണ്. ചട്ടം 8(1)(2)(3) എന്നിവ പ്രകാരം പെൻഷൻ വിഹിതം അതാത് മാസത്തെ ശമ്പള ബില്ലിനോടൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് അതാത് മാസം തന്നെ 15 ാം തീയതിക്ക് മുമ്പ് സെൻട്രൽ പെൻഷൻ ഫണ്ടിൽ വരവ് വയ്ക്കുന്നതിലേക്കായി ഡയറക്ടറുടെ പേരിലുള്ള ഡിമാന്റ് ഡ്രാഫ്റ്റായി സെക്രട്ടറി അയച്ചു കൊടുക്കേണ്ടതാണ്. ഏതെങ്കിലും മാസത്തെ ശമ്പള ബില്ലിൽ ഏതെങ്കിലും ജീവനക്കാരന്റെ വേതനം ഉൾപ്പെടുത്താതിരിക്കുകയും പിന്നീട് ബില്ല് എഴുതി വേതനം കൊടുക്കുകയോ ഏതെങ്കിലും ജീവനക്കാരന് കുടിശ്ശിക ഇനത്തിലോ മറ്റോ വേതനം നൽകേണ്ടി വരികയോ ചെയ്യുന്ന സാഹചര്യത്തിൽ അപ്രകാരമുള്ള ബില്ലിൽ തന്നെ ബന്ധപ്പെട്ട ജീവനക്കാരുടെ പെൻഷൻ വിഹിതം ഉൾപ്പെടുത്തി ബില്ല് പാസ്സാക്കേണ്ടതും ബില്ല് മാറി പതിനഞ്ച് ദിവസത്തിനകം പെൻഷൻ വിഹിതം സെൻട്രൽ ഫണ്ടിൽ ഒടുക്കേണ്ടതുമാണ്. മേൽ പറഞ്ഞിട്ടുള്ള സമയപരിധിക്കുള്ളിൽ ഡിമാന്റ് ഡ്രാഫ്റ്റ് ഡയറക്ടർക്ക് അയയ്ക്കാത്തപക്ഷം, വീഴ്ചവരുത്തിയ കാലയളവിലേയ്ക്ക് സേവിംഗ്സ് ബാങ്ക് നിക്ഷേപത്തിന് തൽസമയം പ്രാബല്യത്തിലുള്ള നിരക്കിൽ പലിശകൂടി നൽകുവാൻ മുനിസിപ്പാലിറ്റിക്ക് ബാദ്ധ്യത ഉണ്ടായിരിക്കുന്നതാണ്.

എന്നാൽ ധനകാര്യപത്രിക B9 ഷെഡ്യൂൾ പ്രകാരം ചുവടെ പറയുന്ന തുകകൾ ഈ ഇനത്തിൽ ഒടുക്കുവാൻ ബാദ്ധ്യത ഉണ്ട്.

| കോഡ് | ഇനം | 2014-15 | 2015-16 | 2016-17 | 2017-18 |
|---|---|---|---|---|---|
| 350110600 | Contribution to central pension fund payable | 11489790 | 14670020 (11489790 + 3252919 - 72689) | 17587026 (14670020 +3157356 – 240350) | 19997826 (17587026 + 2410801 - 1) |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.29/11.12.18 ന് നഗരസഭയിൽ 48 റഗുലർ പെൻഷനേഴ്സും 63 കണ്ടിജന്റ് പെൻഷനേഴ്സുമാണുള്ളതെന്നും റഗുലർ പെൻഷനേഴ്സിന് നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നുള്ള പെൻഷൻ അലോട്ട്മെന്റ് തുക ഉപയോഗിച്ചും കണ്ടിജന്റ് പെൻഷനേഴ്സിന് നഗരസഭ തനത്ഫണ്ട് ഉപയോഗിച്ചുമാണ് പെൻഷനും ആനുകൂല്യങ്ങളും നൽകേണ്ടതെന്നും മറുപടി നൽകിയിട്ടുണ്ട്. നഗരകാര്യ ഡയറക്ടേറ്റിൽ നിന്നും യഥാസമയം അലോട്ട്മെന്റ് ലഭിക്കാത്തിനാൽ റഗുലർവിഭാഗത്തിനും നഗരസഭ തനത്ഫണ്ടിൽ നിന്നുമാണ് പെൻഷനും ആനുകൂല്യങ്ങളും നൽകിവരുന്നത്. ആയതിനാൽ നഗരസഭയിൽ നിന്നും ഒടുക്കേണ്ട പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളതെന്നും കാലാകാലങ്ങളിലുള്ള ശമ്പളപരിഷ്കരണം, പെൻഷൻ പരിഷ്കരണം എന്നിവമൂലവും മറ്റ് ദൈനംദിന പ്രവർത്തനങ്ങൾക്കായും നഗരസഭയുടെ ചെലവ് ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നതിന് ആനുപാതികമായി നഗരസഭയുടെ വരുമാനം വർദ്ധിക്കാത്തതിനാൽ നഗരസഭ കടുത്ത പ്രതിസന്ധിയാണ് നേരിടുന്നതെന്നും അറിയിച്ചിട്ടുണ്ട്. ഇത്തരത്തിൽ മോശം സാമ്പത്തികസ്ഥിതി ആയതിനാലാണ് പെൻഷൻ കോൺട്രിബ്യൂഷൻ തുക ഒടുക്കാൻ കഴിയാത്തത് എന്നാണ് വിശദീകരണം നല്കിയിട്ടുള്ളത്.

ഇത്തരത്തിൽ ഈ ഇനത്തിൽ വലിയൊരു തുക ബാദ്ധ്യത ഉണ്ടാകുന്ന സ്ഥിതി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും വിലയിരുത്തേണ്ടതാണ്.

# 3-7 ഒരേ ബാദ്ധ്യത തുകകൾ വർഷങ്ങളായി നിലനിൽക്കുന്നു

ധനകാര്യപത്രിക പ്രകാരം ( B9 ഷെഡ്യൂൾ) ചുവടെ പറയുന്ന തുകകൾ വർഷങ്ങളായി നഗരസഭയുടെ ബാദ്ധ്യതയായി നിലനിൽക്കുന്നു.

| ക്രമ നമ്പർ | കോഡ് | ഇനം | 2014-15 | 2015-16 | 2016-17 | 2017-18 |
|---|---|---|---|---|---|---|
| 1 | 350110700 | Contribution to other pension | 27459 | 27459 | 27461 (27459 + 2) | 27461 |

| | | | | | | |
|---|---|---|---|---|---|---|
| | | fund payable | | | | |
| 2 | 350200296 | Recoveries payable-other statutory deductions-muncipal fund | 30936 | 30936 | 30936 | 30936 |
| 3 | 350800100 | Liability in respect of stale cheque | 0 | 4800 | 4800 | 100788 (4800+95988) |
| 4 | 350409909 | Refund payable-others | 0 | 62888 | 62888 | 62888 |

മേൽ തുകകളുടെ വിശദാംശം ലഭ്യമാക്കുന്നതിനും തുകകൾ നിലനിൽക്കുന്നതിനുള്ള കാരണം വിശദമാക്കുന്നതിനുമായി ഓഡിറ്റ് എൻക്വയറി നം.30/11.12.18 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ പരിശോധിച്ച് നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

# 3-8 പ്രോവിഡന്റ് ഫണ്ട് തുക ഒടുക്കിയിട്ടില്ല

1981-ലെ കേരള മുനിസിപ്പൽ പെൻഷനബിൾ എംപ്ലോയീസ് സെൻട്രൽ പ്രോവിഡന്റ് ഫണ്ട് ചട്ടങ്ങൾ പ്രകാരം ജീവനക്കാരുടെ പേ ബില്ലിൽ നിന്നും കുറവു ചെയ്യുന്ന തുക തൊട്ടടുത്തമാസം 15 ാം തീയതിക്ക് മുമ്പായി നഗരകാര്യ ഡയറക്ടർ കൈകാര്യം ചെയ്യുന്ന ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് ഒടുക്കണം. എന്നാൽ ഈ ഇനത്തിൽ ബാലൻസ് ഷീറ്റ് B9 ഷെഡ്യൂൾ പ്രകാരം 6,72,829/- രൂപ നിലനിൽക്കുന്നു.

ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം.95/20.12.18 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# 3-9 സെക്രട്ടറിയുടെ ശമ്പളവും അലവൻസും സംസ്ഥാന ഫണ്ടിൽ ഒടുക്കുന്നില്ല

കേരള മുനിസിപ്പാലിറ്റി ആക്റ്റ് 1994 സെക്ഷൻ 48 (3) പ്രകാരം സർക്കാർ അതതു സമയത്ത് നിശ്ചയിക്കുന്ന പ്രകാരം സെക്രട്ടറിയുടെ ശമ്പളവും അലവൻസുകളും സംസ്ഥാന ഫണ്ടിൽ നിന്ന് കൊടുക്കേണ്ടതാണ്. സെക്രട്ടറിക്ക് കൊടുക്കുന്ന മുഴുവൻ ശമ്പളവും അലവൻസുകളും അവധിക്കാല ശമ്പളത്തിനും പെൻഷനും ആവശ്യമുള്ളിടത്തോളം ഉള്ള അംശാദായങ്ങളും മുനിസിപ്പാലിറ്റി, സംസ്ഥാന ഫണ്ടിലേക്ക് മാസംതോറും അടയ്ക്കേണ്ടതാണ്.

എന്നാൽ മുനിസിപ്പൽ സെക്രട്ടറിയുടെ ശമ്പളവും അലവൻസും സംസ്ഥാന ഫണ്ടിൽ ഒടുക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു

| മാസം | ഗ്രോസ് സാലറി |
|---|---|
| 4/17 | 47,670/- |
| 5/17 | 50,100/- |
| 6/17 | 47,670/- |
| 7/17 | 53,962/- |
| 8/17 | 53,962/- |
| 9/17 | 53,962/- |
| 10/17 | 53,962/- |
| 11/17 | 53,962/- |
| 12/17 | 53,962/- |
| 1/18 | 53,962/- |
| 2/18 | 53,962/- |
| 3/18 | 53,962/- |
| പി.സി.എ (12 x 500) | 6,000/- |
| ഫോൺ അലവൻസ് | 6,000/- |
| പേ റിവിഷൻ | 37,948/- |
| ആകെ | 6,81,046/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 51 ന് നഗരസഭയുടെ ഫണ്ടിന്റെ അപര്യാപ്തതയാണ് യഥാസമയം ഒടുക്ക് വരുത്താൻ കഴിയാത്തത് എന്നറിയിച്ചു. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അടിയന്തിര നടപടി ഈ വിഷയത്തിൽ സ്വീകരിക്കേണ്ടതാണ്.

# 3-10 അനുവദനീയമല്ലാത്ത ഇനങ്ങൾക്കായി ധനകാര്യ കമ്മീഷൻ അവാർഡ് തുക വിനിയോഗം

ജി.ഒ.(എം.എസ്) നം.79/2017/തസ്വഭവ തീയതി 03.04.2017 (13.8) പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിനാണ് അടിസ്ഥാന സേവന ഉപപദ്ധതി തയ്യാറാക്കേണ്ടത്. ആ വിഭാഗത്തിൽ ചുവടെയുള്ള പ്രവർത്തനങ്ങൾക്ക് പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്.

i)ശുചിത്വം, കക്കൂസ് മാലിന്യ പരിപാലനം

ii)മലിന ജല നിർഗമനം, ഖരമാലിന്യ പരിപാലനം

iii)ശ്മശാനങ്ങൾ സ്ഥാപിക്കൽ

iv)കുടിവെള്ള വിതരണം

v)നടപ്പാതകളുടെ നിർമ്മാണം, തെരുവ് വിളക്കുകൾ സ്ഥാപിക്കൽ

vi) നഗരസഭകളുടെയും ഘടക സ്ഥാപനങ്ങളുടെയും കെട്ടിടങ്ങൾ ഒഴികെയുള്ള സാമൂഹിക ആസ്തികളുടെ പരിപാലനം, സംരക്ഷണം

vii)റോഡ് സംരക്ഷണം, പരിപാലനം.

എന്നാൽ, പ്രോജക്ട് ഓഫീസർ, ദാരിദ്ര്യ നിർമ്മാർജന സെൽ നിർവ്വഹണം നടത്തിയ ചുവടെചേർക്കുന്ന പ്രോജക്ടുകൾക്ക് ധനകാര്യ കമ്മീഷൻ അവാർഡ് തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| i | SO149/18 | ഭവന നിർമ്മാണം പി.എം.എ.വൈ ജനറൽ | 73,00,000/- | 73,00,00/- |
| ii | SO280/18 | ഭവന പുനരുദ്ധാരണം-വനിത | 13,25,000/- | 7,00,000/- |

പ്രോജക്ടുകൾക്ക് ഫണ്ട് വകയിരുത്തുന്ന കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധ പുലർത്തേണ്ടതാണ്. ധനകാര്യ കമ്മിഷൻ അവാർഡ് തുകയുടെ അനുവദനീയമല്ലാത്ത ചെലവിന് സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

## 3-11 ഗ്രന്ഥശാലകൾക്ക് പുസ്തകം വാങ്ങൽ - 5,370/- രൂപയുടെ പുസ്തകങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല

പ്രോജക്ട് നമ്പർ - SO208/18

പ്രോജക്ടിന്റെ പേര് - മുനിസിപ്പൽ ലൈബ്രറി, ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള ഗ്രന്ഥശാലകൾ എന്നിവയ്ക്ക് പുസ്തകവും ഫർണിച്ചറും വാങ്ങൽ

ധനകാര്യ കമ്മീഷൻ അവാർഡ് തുക 6,90,350/-രൂപ വകയിരുത്തിയ പ്രസ്തുത പ്രോജക്ടിൽ ബിൽ നമ്പർ 21/18.01.18 പ്രകാരം 4,90,350/- രൂപ പിൻവലിച്ച് കേരള സ്റ്റേറ്റ് ബുക്ക് മാർക്കിൽ നിന്ന് പുസ്തകങ്ങൾ വാങ്ങി. ലൈബ്രറി സ്റ്റോക്ക് രജിസ്റ്റർ പ്രകാരം (പേജ് നമ്പർ 125 മുതൽ 188 വരെ) 4,84,980/- രൂപയുടെ

പുസ്തകങ്ങൾ സ്റ്റോക്കിലെടുത്തിട്ടുണ്ട്. ബാക്കിയുള്ള 5,370/- രൂപയുടെ പുസ്തകങ്ങളുടെ സ്റ്റോക്ക്/വിതരണ വിവരങ്ങൾ ലഭ്യമാക്കിയില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 101/20.12.2018-ന് ലഭ്യമാക്കിയ മറുപടിയിൽ 5,370/-രൂപയുടെ പുസ്തകങ്ങളുടെ വിവരം സ്റ്റോക്ക് എൻട്രി വരുത്താത്തതിന് ലൈബ്രേറിയനോട് വിശദീകരണം ആവശ്യപ്പെടുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ 5,370/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. 5,370/-രൂപ മൂല്യമുള്ള പുസ്തകങ്ങൾ ഭൗതിക പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

# 3-12 ഇന്ററർലോക്കിംഗ് കോൺക്രീറ്റ് ബ്ലോക്ക് പേവ്മെന്റ്-IRC സ്പെസിഫിക്കേഷൻ പാലിച്ചില്ല – നഗരസഭയ്ക്ക് അധിക ചെലവ്

ഐ.ആർ.സി. സ്പെസിഫിക്കേഷനിൽ (063) 3 മീറ്ററിൽ താഴെ വീതിയുള്ള ലോക്കൽ അതോറിറ്റി ഫുട്ട് വേ, റസിഡൻഷ്യൽ റോഡുകൾ എന്നീ ലൈറ്റ് വെഹിക്കിൾ ട്രാഫിക്ക് ഉള്ള റോഡുകളിൽ 60mm കനത്തിലുള്ള (35N/mm$^2$കംപ്രസ്സീവ് സ്ട്രെങ്ത് ഉള്ളവയും) പേവ്മെന്റ് ബ്ലോക്കും, സ്മാൾ, മീഡിയം ട്രാഫിക്ക് ഉള്ള റോഡുകളിൽ 80mm കനത്തിലുള്ള പേവ്മെന്റ് ബ്ലോക്കുകളും (compressive strength of paver blocks at 28 days 40N/mm$^2$)ഉപയോഗിക്കണമെന്നാണ് വ്യവസ്ഥ. മേൽ നിർദ്ദേശം പാലിക്കാതെ ചുവടെ ചേർത്തിട്ടുള്ള 3 മീറ്ററിൽ താഴെ മാത്രം വീതിയുള്ളതും ലൈറ്റ് വെഹിക്കിൾ ട്രാഫിക്ക് ഉള്ളതുമായ ഇന്റർലോക്ക് പ്രവൃത്തികളിൽ 80 mm ബ്ലോക്ക് ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹണം നടത്തിയതിനാൽ നഗരസഭയ്ക്ക് അധിക ചെലവ് ഉണ്ടായിട്ടുണ്ട്. കൂടാതെ, കരാറുകാരനിൽ നിന്നും പേവർ ബ്ലോക്ക് സാമ്പിൾ കളക്ട് ചെയ്ത് കമ്പ്രസീവ് സ്ട്രെങ്ത് പരിശോധന നടത്തണമെന്ന വ്യവസ്ഥയും ഇവിടെ പാലിച്ചിട്ടില്ല. 2016 ഡി.എസ്.ആർ കോസ്റ്റ് ഇൻഡക്സ് 1.5068 പ്രകാരം മോർഡ് സ്പെസിഫിക്കേഷനിൽ 6.7.2 ൽ 60mm കനത്തിന് 842.36/- രൂപയും 80mm കനത്തിലുള്ള പേവർ ബ്ലോക്കിന് 890.42 രൂപയുമാണ് അനുവദനീയമായിട്ടുള്ളത്.

| ക്രമ നം | പ്രോജക്ട് നമ്പർ/ പേര് | ഇന്റർലോക്ക് ചെയ്ത ഏര്യ | 80 mm കനത്തിലുള്ള പേവർബ്ലോക്കിന്റെ ചെലവ് (890.42 രൂപ / m$^2$) | 60 mm കനത്തിലുള്ള പേവർബ്ലോക്കിന്റെ ചെലവ് (842.36 രൂപ / m$^2$) | അധിക ചെലവ് |
|---|---|---|---|---|---|
| 1 | 86/18, എൽ.എം.എസ് ബെന്ഡക്രോസ് റോഡ് വാർഡ് 11 | 241.625 m$^2$ | 215148 | 203535 | 11613 |
| 2 | 46/18, കാട്ടുവിള റോഡ് വാർഡ് 5 | 317.675 m$^2$ | 282864 | 267597 | 15267 |
| 3 | 69/18, കുഴിവിള റോഡ് ഇന്റർലോക്ക് വാർഡ് 4 | 168.75 m$^2$ | 150258 | 142148 | 8110 |
| 4 | 58/18, മൂൺസ്റ്റാർ | 225 m$^2$ | 200345 | 189531 | 10814 |

| | | | | | |
|---|---|---|---|---|---|
| | അൽസഭ റോഡ് വാർഡ് 10 | | | | |
| 5 | 52/18, കരയോഗം ഇടവഴി ഇന്റർലോക്ക് വാർഡ് 8 | 95.05 $m^2$ | 84634 | 80066 | 4568 |
| 6 | 84/18, ബി.എച്ച്.എസ് കീഴതിൽ റോഡ് ഇന്റർലോക്ക് വാർഡ് 10 | 261 $m^2$ | 232399 | 219856 | 12543 |
| 7 | 73/18, തുമ്പിക്കോട് പാറവിള റോഡ് ഇന്റർലോക്ക് | 139.20 $m^2$ | 123946 | 117257 | 6689 |
| ആകെ | | | 1289594 | 1219990 | 69604 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.32/12.12.18 ന് വെള്ളക്കെട്ട് പ്രദേശമാണെന്നും മഴക്കാലത്ത് പ്രസ്തുത സ്ഥലങ്ങളിൽ ജലനിരപ്പ് ഉയരുകയും ടി ഇന്റർ ലോക്ക് റോഡിന്റെ ബേസ് ലെവൽ ഇളകാനുള്ള സാദ്ധ്യതയുണ്ടെന്നും വീട് നിർമ്മാണത്തിന് വാഹനങ്ങളിൽ സാധന സാമഗ്രികൾ കടന്നുപോകുന്നതിനാൽ 60mm interlock മതിയാകില്ല എന്നും അറിയിച്ചു. അധികം ചെലവഴിച്ച 69,604/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത മറുപടി സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 3-13 ടാർ വാങ്ങിയത് - ബി.പി.സി.എൽ -ൽ അധികം നൽകിയത്

2017-18 സാമ്പത്തിക വർഷത്തിൽ 22 പൊതുമരാമത്ത് പ്രവൃത്തികൾക്കായി VG-30, RS1 എന്നീ ഇനങ്ങളിൽ ടാർ വാങ്ങുന്നതിനായി 19,82,233/- രൂപ കാനറബാങ്ക് (പി.സി.ബി) അക്കൗണ്ടിൽ നിന്നും ചെക്ക് 399490, 31.1.17 പ്രകാരം പിൻവലിച്ച് ഡി.ഡി.യായി ബി.പി.സി.എൽ-ന് നൽകി. എന്നാൽ അസി. എഞ്ചിനീയർ നൽകിയ സെക്കന്റ് റിക്വസിഷൻ പ്രകാരം ടാറിന്റെ വില 19,48,572/- രൂപയായി കുറഞ്ഞു. അപ്രകാരം ബി.പി.സി.എലിന് 33,661/- രൂപ അധികം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.70/17.12.18ന് മേൽ നടപടി സ്വീകരിച്ചു വരുന്നു എന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത നടപടിയുടെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-14 അധിക ടാറിന്റെ വിലയിൽ നിന്ന് കൺവയൻസ് ചാർജ്ജ് ഈടാക്കിയില്ല

2017-18 സാമ്പത്തികവർഷത്തിൽ നിർവ്വഹണം നടത്തിയ ടാറിംഗ്/റീട്ടാറിംഗ് പ്രവൃത്തികൾക്ക് നഗരസഭ ടാർ വാങ്ങി കരാറുകാരന് നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച് പേമെന്റ് നൽകുമ്പോൾ നഗരസഭ നൽകിയ ടാറിൽ അധികമായി കരാറുകാരന്റെ കൈയിലുള്ള ടാറിന്റെ വില മരാമത്ത് ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ കൺവയൻസ് ചാർജ്ജ് കുറവു വരുത്തിയിട്ടില്ലാത്തതിനാൽ,

താഴെപ്പറയുന്ന പ്രവൃത്തികൾക്ക് 1,896/-രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. തുക കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്.

| പ്രോജക്റ്റ് നം | പേര് | അധിക ടാർ ബില്ലിൽ ക്രമീകരിച്ചത് | | ഈടാക്കേണ്ട കൺവയൻസ് ചാർജ്ജ് | |
|---|---|---|---|---|---|
| | | വി.ജി. 30 | ആർ എസ് 1 | വി.ജി. 30 (2.175 / kg) | ആർ എസ് 1 (2.90 / kg) |
| 64/18 | കണിയാംകുന്ന് കടവ് റോഡ് റീട്ടാറിംഗ് | 249.72 kg | 22.05 kg | 543 | 64 |
| 112/18 | ദേവസ്വം വിളറോഡ് റീട്ടാറിംഗ് | 535.89 kg | 42.43 kg | 1166 | 123 |
| ആകെ | | | | 1709 | 187 |

മേൽ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നം.75/18.12.18-ന് തുക ഈടാക്കുന്നതാണെന്ന് അറിയിച്ചു. നടപടിയുടെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-15 വൃദ്ധസദനം നവീകരണ പ്രവൃത്തി - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല

| | |
|---|---|
| ഫയൽ നമ്പർ | 15160/17 |
| പ്രോജക്റ്റ് നമ്പർ | 162/18 |
| പ്രോജക്റ്റിന്റെ പേര് | വൃദ്ധസദനം നവീകരണം |
| നിർവ്വഹണം | അസി.എഞ്ചിനീയർ |
| അടങ്കൽ തുക | 3,50,000/- (വികസന ഫണ്ട്) |
| എം.ബുക്ക് നം | 143/17-18 |
| ബിൽ നം / തീയതി, തുക | 58/27.02.18, 2,36,468/- |
| കരാറുകാരൻ | ജി.സുജാതൻ |

വൃദ്ധസദനം നവീകരണം എന്ന മരാമത്ത് പ്രവൃത്തിക്കാണ് പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങിയത്. എന്നാൽ വിശദമായ എസ്റ്റിമേറ്റിൽ ഇനം 2, 3 ക്രമ നമ്പറിൽ ഇലക്ട്രിക്കൽ സാനിട്ടറി, നെയിംബോർഡ് എന്നീ വർക്കുകൾക്ക് 30,000/- രൂപയും ഈസി ചെയർ, ടേബിൾ വാങ്ങലുകൾക്കായി 80,000/- രൂപയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്നാൽ പ്രോജക്ടിലെ ഖണ്ഡിക 20.3 ൽ സാധനസാമഗ്രികളോ സ്ഥലമോ വാങ്ങേണ്ടതുണ്ടോ എന്ന ചോദ്യത്തിന് " ഇല്ല" എന്നും ഖണ്ഡിക 42 ൽ നിലവിലുള്ള വൃദ്ധസദനത്തിന്റെ മെയിന്റനൻസ് എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രോജക്ടിൽ പൊതുമരാമത്ത് പ്രവൃത്തികളുടെ മാത്രം വിവരം ഉൾപ്പെടുത്തുകയും വാങ്ങൽ അനുബന്ധ പ്രവൃത്തികൾ നിർവ്വഹണം നടത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത നടപടി പദ്ധതി മാർഗ്ഗ ( ജി.ഒ(എം.എസ്) 79/2017/തസ്വഭവ, 03.4.17 ഖണ്ഡിക 6.4), പൊതുമരാമത്ത് ചട്ടം എന്നിവയുടെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

പൊതുമരാമത്ത് ചട്ടപ്രകാരം 3,50,000/- രൂപ അടങ്കൽ ഉണ്ടായിരുന്ന പ്രോജക്ട് ടെണ്ടർ വഴി 15.1 ശതമാനം കുറവ് രേഖപ്പെടുത്തിയിട്ടുള്ള കരാറുകാരന് ഉറപ്പിച്ച് നൽകി കരാർ വയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കരാർ നിലനിൽക്കെ പ്രോജക്ടിൽ ഉൾപ്പെടുത്തിയ വാങ്ങൽ പ്രവൃത്തികൾക്ക് ക്വട്ടേഷൻ ക്ഷണിക്കാൻ നിയമപരമായി കഴിയില്ല. ഇത് സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.41/13.12.18-ന് നിർമ്മാണ പ്രവൃത്തിയോടൊപ്പം സാധനസാമഗ്രികൾ ആവശ്യമായതിനാലാണ് പ്രോജക്ടിൽ ഉൾപ്പെടുത്തിയത് എന്ന് അറിയിച്ചു. പ്രസ്തുത മറുപടി തൃപ്തികരമല്ല. പൊതുമരാമത്ത് പ്രവൃത്തികൾക്കും വാങ്ങൽ പ്രവൃത്തികൾക്കും വെവ്വേറെ പ്രോജക്ടുകൾ തയ്യാറാക്കി അംഗീകാരം നേടേണ്ടതിനു പകരം മേൽ സൂചിപ്പിക്കും പ്രകാരം പ്രവൃത്തി നിർവ്വഹിച്ച നടപടി സാധൂകരിക്കത്തക്കതല്ല. ഈ വിഷയത്തിൽ ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

വാങ്ങൽ പ്രവർത്തികൾക്കായുള്ള പർച്ചയ്സ് കമ്മിറ്റി മിനിട്സ്, സ്റ്റോക്ക് രജിസ്റ്റർ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി/വർക്കിംഗ് ഗ്രൂപ്പ്/വാർഡ് സഭയുടെ നിർദ്ദേശം എന്നിവ ആവശ്യപ്പെട്ടെങ്കിലും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടിൽ നിർദ്ദേശിച്ച പ്രകാരം വാങ്ങൽ നടപടികൾ ആവശ്യമാണ് എന്നത് സാധൂകരിക്കത്തക്ക രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. സാമൂഹ്യക്ഷേമം വർക്കിംഗ് ഗ്രൂപ്പും മേൽനോട്ട ചുമതലയുള്ള ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പ്രോജക്ട് മോണിറ്ററിംഗ് നടത്തിയിട്ടില്ല എന്ന് ഇത് വ്യക്തമാക്കുന്നു.

# 3-16 മരാമത്ത് പ്രവൃത്തികളിൽ ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗിക്കുന്നില്ല

തദ്ദേശഭരണ സ്ഥാപനങ്ങളിൽ പ്ലാൻ ഫണ്ട്/മെയിന്റനൻസ് ഫണ്ട് ഉപയോഗപ്പെടുത്തി നടപ്പിലാക്കുന്ന റോഡ് പ്രവൃത്തികൾക്കുള്ള ആകെ വാർഷിക പദ്ധതി അടങ്കൽ തുകയുടെ 10 ശതമാനം പ്രത്യേകമായി മാറ്റി വച്ച് ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗിച്ച് റോഡുകൾ ടാർ ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന് സർക്കാർ നിർദ്ദേശമുണ്ട് [സ.ഉ. (സാധാ) നം 3119/2016/ തസ്വഭവ, 17.11.16] . 2017-18 സാമ്പത്തിക വർഷത്തിൽ നഗരസഭ ഹെൽത്ത് വിഭാഗം 3450 kg പ്ലാസ്റ്റിക്ക് മാലിന്യം ശേഖരിക്കുകയും ഷ്രഡഡ് പ്ലാസ്റ്റിക്കാക്കി മാറ്റുകയും ചെയ്തിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നം 92/19.12.18). പൊതുമരാമത്ത് എഞ്ചിനീയറിംഗ് വിഭാഗം മേൽ നിർദ്ദേശ പ്രകാരം പ്രസ്തുത ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്താൻ ശ്രമിച്ചിട്ടില്ല. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെയും മേൽ നോട്ട ചുമതലയുള്ള മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതുണ്ട്.

# 3-17 പച്ചക്കറി കൃഷി വികസനം - ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാതെ പദ്ധതി നടപ്പിലാക്കി

| | |
|---|---|
| പ്രോജക്ട് നമ്പർ | 209/17-18 |
| പേര് | പച്ചക്കറി കൃഷി വികസനം (ശീതകാല പച്ചക്കറി കൃഷി) |
| അടങ്കൽ | 5,99,850/- (വി.ഫ ജനറൽ) |
| ചെലവ് | 5,99,850/- (വി.ഫ ജനറൽ) |
| ബിൽ നം, തീയതി, തുക | 1/17-18, 3.11.17 , 599850/- (വി.ഫ. ജനറൽ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അഗ്രികൾച്ചർ ഫീൾഡ് ഓഫീസർ |

<u>പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ താഴെപ്പറയുന്നു.</u>

1) ഗുണഭോക്താക്കളെ വാർഡ് സഭയിൽ തെരഞ്ഞെടുക്കുകയോ ആനുകൂല്യത്തിന് തെരഞ്ഞെടുത്ത് ഗുണഭോക്താക്കളുടെ ലിസ്റ്റ് വാർഡ് സഭയിൽ അവതരിപ്പിച്ച് സാധൂകരണം വാങ്ങുകയോ ചെയ്തിട്ടില്ല.

ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | ആനുകൂല്യം നൽകിയ ഗുണഭോക്താക്കളുടെ എണ്ണം | വാർഡിൽ അംഗീകരിച്ച ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 18, അട്ടക്കുളം | 150 | 1 എണ്ണം ( വാർഡ് സഭ തീയതി രേഖപ്പെടുത്തിയിട്ടില്ല ) 12 എണ്ണം (വാർഡ് സഭ തീയതി രേഖപ്പെടുത്തിയിട്ടില്ല ) |
| 29 , കൊട്ടിയോട് | 111 | 10 എണ്ണം ( വാർഡ് സഭ തീയതി രേഖപ്പെടുത്തിയിട്ടില്ല ) 4 എണ്ണം (22.11.17) |
| 21 , | 151 | 3 എണ്ണം (25.7.17) |

| | | |
|---|---|---|
| രാമച്ചംവിള | | |
| 2, ആലംകോട് | 150 | 43 എണ്ണം (25.7.17) |
| 20, കാഞ്ഞിരംകോണം | 150 | 11 എണ്ണം (സമഗ്ര പച്ചക്കറി കൃഷി) 20.7.17 |

2) പദ്ധതി മോണിറ്ററിംഗ് ചെയ്തതിന്റെ റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല

ഈ വിഷത്തിന് വിശദീകരണം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നം.93/19.12.18) ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ ആനുകൂല്യം നൽകിയ ഗുണഭോക്താക്കളെ വാർഡ് സഭയിൽ അവതരിപ്പിച്ച് സാധൂകരണം വാങ്ങാമെന്നാണ് മറുപടി നൽകിയിട്ടുള്ളത്. പദ്ധതി ആസൂത്രണത്തിലേയും നടത്തിപ്പിലേയും അപാകതയാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്. ഭരണസമിതി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

# 3-18 ഓട്ടോറിക്ഷ പരിശീലനവും വാങ്ങലും - പദ്ധതി നിർവ്വഹണത്തിൽ അനാസ്ഥ

നിർവ്വഹണം - ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ

എ) <u>വർഷങ്ങളായുള്ള പ്രോജക്ട്</u>

ഓട്ടോറിക്ഷാ വാങ്ങലിനും പരിശീലനത്തിനുമായി 2015-16 സാമ്പത്തിക വർഷം S0008/16, S0017/16, S0260/16 എന്നിങ്ങനെ മൂന്ന് പ്രോജക്ടുകൾ രൂപീകരിച്ച് അംഗീകാരം വാങ്ങിയിരുന്നു (ഇവയുടെ വിശദാംശങ്ങൾ ലഭ്യമല്ല).

ഓട്ടോറിക്ഷ ഡ്രൈവിംഗ് പരിശീലനത്തിനായി ക്വട്ടേഷൻ ക്ഷണിക്കുകയും (വിശദാംശങ്ങൾ ലഭ്യമല്ല) കുറഞ്ഞ തുക (3,500/-രൂപ) ക്വാട്ട് ചെയ്ത ജനത ഡ്രൈവിംഗ് സ്കൂൾ എന്ന സ്ഥാപനവുമായി 18.03.2016ൽ കരാറിലേർപ്പെടുകയും ചെയ്തു. 7ഗുണഭോക്താക്കളുടെ ലിസ്റ്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറിയെങ്കിലും ഗുണഭോക്താക്കൾ കരാർ വയ്ക്കാത്തതിനാൽ പ്രോജക്ട് 2015-16 വർഷം നടപ്പായില്ല. 30.04.16ൽ 3 പ്രോജക്ടുകളും സ്പിൽ ഓവറായി പരിഗണിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥ ഭരണസമിതിയോട് അപേക്ഷിച്ചു. 2016-17-ലെ തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമല്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 35/12.12.2018ന് മറുപടി ലഭ്യമാക്കിയില്ല).

മേൽ സൂചിപ്പിച്ച പ്രോജക്ടിൽ തെരഞ്ഞെടുക്കപ്പെട്ട 7 ഗുണഭോക്താക്കൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകിയിരിക്കുന്നതായി ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ' 02.03.2017ൽ കൂടിക്കാഴ്ചയ്ക്കായി ഹാജരാകാൻ അറിയിപ്പ് നൽകുകയും ചെയ്തു. അഞ്ച് ഗുണഭോക്താക്കൾ ഹാജരാകുകയും 15.03.2017ന് മുൻപായി വായ്പ കരസ്ഥമാക്കി ഓട്ടോറിക്ഷ വാങ്ങി അനുബന്ധ രേഖകൾ സഹിതം ഹാജരാകാൻ നിർദ്ദേശിക്കുകയും ചെയ്തു. ഡ്രൈവിംഗ് സ്കൂൾ ഉടമയുടെ 21.03.2016ലെ കത്ത് പ്രകാരം 7 പേർക്ക് ഡ്രൈവിംഗ് പരിശീലനം നൽകി ലൈസൻസും ബാഡ്ജും ലഭ്യമാക്കി നിർവ്വഹണ ഉദ്യോഗസ്ഥയെ ഏല്പിച്ചെങ്കിലും തുകയൊന്നും ഡ്രൈവിംഗ് സ്കൂളിന് ലഭിച്ചില്ലായെന്ന് അറിയിച്ചു.

<u>അപാകങ്ങൾ</u>

i)വായ്പയ്ക്കായി യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയെയാണ് തിരഞ്ഞെടുത്തതെങ്കിലും യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുമായി കരാർ ചമച്ചിട്ടില്ല.

ii)പരിശീലനത്തിനായി ഡ്രൈവിംഗ് സ്കൂളിനെ ഏല്പിച്ച ലിസ്റ്റ്, അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് എന്നിവ ലഭ്യമാക്കിയില്ല.

പൂർത്തീകരിക്കാത്ത മുൻവർഷത്തെ പ്രോജക്ടുകൾ സ്പിൽ ഓവറായി യഥാക്രമം 47/18(ജനറൽ), 48/18 (SCP) എന്നിങ്ങനെ അംഗീകാരം വാങ്ങി. പ്രസ്തുത പ്രോജക്ടുകളിൽ ജനറൽ പ്രോജക്ട് ഉപേക്ഷിക്കുകയും SCP പ്രോജക്ട് നടപ്പാക്കുകയും ചെയ്തു.

ഓട്ടോറിക്ഷ പരിശീലനവും വാങ്ങലും(എസ്.സി.പി) എന്ന പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഈ പ്രോജക്ടിലെ ഗുണഭോക്താക്കളായ സിന്ധു.എൽ, റീന.ജി എന്നിവർ ഓട്ടോറിക്ഷ വാങ്ങിയതിന്റെ ഇൻവോയിസും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും മറ്റ് അനുബന്ധ രേഖകളും ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ കരാർ വച്ച്, ബിൽ നമ്പർ 1/ IEO/17-18 തീയതി 30.06.2017 പ്രകാരം 1,07,000/-രൂപ പിൻവലിച്ച് ചുവടെപ്പറയും പ്രകാരം ചെലവ് ചെയ്തിട്ടുണ്ട്.

| തുക | കൈപ്പറ്റിയത് | റിമാർക്സ് |
|---|---|---|
| 50,000/- | സിന്ധു (ഗുണഭോക്താവ്) | യൂണിയൻ ബാങ്ക്, കിളിമാനൂർ ബ്രാഞ്ചിലുള്ള അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു |
| 50,000/- | റീന (ഗുണഭോക്താവ്) | ടി |
| 7,000/- | അബ്ദുൽ വാഹിദ്(ഡ്രൈവിംഗ് പരിശീലകൻ) | അക്കൗണ്ട് ട്രാൻസ്ഫർ |

<u>വ്യക്തതയില്ലാത്ത വിവരങ്ങൾ</u>

i)ബാക്ക് എൻഡ് സബ്സിഡിയായി തുക ട്രാൻസ്ഫർ ചെയ്തെങ്കിലും അക്കൗണ്ടിൽ വന്നതിന്റെയും വായ്പ അനുവദിച്ചതിന്റെയും വിശദാംശം ലഭ്യമല്ല.

ii)പരിശീലനം ലഭിച്ച ഗുണഭോക്താക്കളെല്ലാം വാഹനം വാങ്ങാതിരുന്നതിനുള്ള കാരണം വ്യക്തമല്ല.

iii) പരിശീലന സ്ഥാപനത്തിന് നൽകിയ തുകയെ സംബന്ധിച്ച് വ്യക്തതയില്ല.

5,50,000/- രൂപ വികസന ഫണ്ട് വകയിരുത്തി രൂപീകരിച്ച S0048/18-ാംനമ്പർ സ്പിൽ ഓവർ പ്രോജക്ടിൽ 1,07,000/- രൂപ മാത്രമാണ് ചെലവ് ചെയ്തിട്ടുള്ളത്(19%ചെലവ്). സമൂഹത്തിലെ നിർദ്ധനരായവർക്ക് സ്ഥിര വരുമാനം ലക്ഷ്യമിട്ട് തയ്യാറാക്കിയ പ്രോജക്ടുകൾ നടപ്പാക്കുന്നതിൽ അനാസ്ഥ കാണിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു. മോണിറ്ററിംഗ് ചുമതലയുള്ള വർക്കിംഗ് ഗ്രൂപ്പും(പ്രാദേശിക സാമ്പത്തിക വികസനം) യഥാസമയം ഉചിതമായ നടപടികളെടുത്തിട്ടില്ല. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ മേൽ വിഷയത്തിൽ ക്ഷണിക്കുന്നു.

# 3-19 പി.എം.എ.വൈ - അപാകതകൾ

നിർവ്വഹണം - പ്രോജക്ട് ഓഫീസർ-നഗര ദാരിദ്ര്യ നിർമ്മാർജന സെൽ

ഓഡിറ്റ് വർഷം PMAY പദ്ധതിക്കായി ചുവടെപ്പറയും പ്രകാരം പ്രോജക്ടുകൾ രൂപീകരിച്ച് വിവിധ ഫണ്ടുകൾ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് വിവരം | ബിൽ നമ്പർ | തുക | വിവരണം |
|---|---|---|---|---|
| i | ഭവന നിർമ്മാണം - പി.എം.എ.വൈ.- ലൈഫ് ഭവന പദ്ധതി(SO149/18) അടങ്കൽ :- 73,00,000(ധനകാര്യകമ്മിഷൻ അവാർഡ്) | 07/ 25.07.2017 | 50,00,000 | പദ്ധതിക്കായി ICICI ബാങ്കിൽ തുടങ്ങിയ അക്കൗണ്ടിൽ (നം. 075201000900) തുക നിക്ഷേപിച്ചു. |
| | | 33/23.02.2018 | 10,80,000 | വിവിധ ഗുണഭോക്താക്കൾക്ക് വിവിധ ഗഡുക്കൾ നൽകുന്നതിനായി ചെലവഴിച്ചു |
| | | 34/12.03.2018 | 8,70,000 | ടി |
| | | 35/12.03.2018 | 3,50,000 | ടി |
| ആകെ | | | 73,00,000 | |
| ii | PMAY – ഭവന നിർമ്മാണം(SCP) (SO138/18) അടങ്കൽതുക – 7,00,000 (വികസന ഫണ്ട്-SCP) | 06/ 25.07.2017 | 7,00,000 | പദ്ധതിക്കായി ICICI ബാങ്കിൽ തുടങ്ങിയ അക്കൗണ്ടിൽ (നം. 075201000900) നിക്ഷേപിച്ചു. |
| iii | PMAYഭവന പദ്ധതി (SO307/18) അടങ്കൽതുക – 5,00,000 (വികസന ഫണ്ട്) | 51/ 28.03.2018 | 5,00,000 | മുൻകാലങ്ങളിൽ ഭവന നിർമ്മാണ ധനസഹായം ലഭിച്ചിട്ടും വീടുകൾ പൂർത്തീകരിക്കാത്ത 5 പേർക്ക് ധനസഹായം നൽകി |
| | ആകെ | | 12,00,000/- | |

ഓഡിറ്റിൽ കണ്ടെത്തിയ പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു

എ) PMAYപദ്ധതിക്കായി തയ്യാറാക്കി അംഗീകാരം വാങ്ങിയ DPR (ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട്) പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

ബി)<u>അക്കൗണ്ടിൽ ചെലവഴിക്കാത്ത 1,31,167/- രൂപ</u>

SO149/18, SO138/18 എന്നീ പ്രോജക്ടുകൾക്കായി യഥാക്രമം 50,00,000/-രൂപയും 7,00,000/-രൂപയും PMAY അക്കൗണ്ടിൽ നിക്ഷേപിച്ചു. ഗുണഭോക്താക്കളുടെ വിശദാംശങ്ങളില്ലാതെയാണ് പ്രസ്തുത തുക നിക്ഷേപിച്ചത്. തുടർന്നുള്ള തുകകൾ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് കൈമാറുകയാണ് ചെയ്തിരിക്കുന്നത്. പ്രസ്തുത അക്കൗണ്ടിലെ 31.03.2018ലെ നീക്കിയിരിപ്പ് 24,69,559/- രൂപയും അവസാന നീക്കിയിരിപ്പ് (01.12.2018ലേത്) 1,31,167/- രൂപയുമാണ്.

സി)<u>പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം നഗരസഭ അക്കൗണ്ടിൽ</u>

ഗുണഭോക്തൃ വിഹിതമായി പിരിച്ച 1,73,000/-രൂപ 15.06.2017ൽ അക്കൗണ്ടിൽ വരവ് വന്നിട്ടുണ്ട്. അംഗീകൃത പ്രോജക്ടിൽ ഗുണഭോക്തൃ വിഹിതം വകയിരുത്തിട്ടില്ല. ആകെ 21,96,000/- രൂപ ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്തെന്നും അതിൽ 19,33,000/- രൂപ കൂടി 20.04.2018ൽ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ടെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 67/17.12.2018ന്റെ മറുപടി).

ബാക്കിയുള്ള 90,000/- രൂപ നഗരസഭ ഫണ്ടിലുണ്ടെന്നും ഗുണഭോക്തൃ വിഹിതം ഒഴിവാക്കി സർക്കാർ നിർദ്ദേശം വന്നതിനാൽ തുക തിരികെ കൊടുക്കാൻ സെക്രട്ടറി നിർദ്ദേശിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

ഡി)ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പ്

ഗുണഭോക്താക്കളെ വാർഡ് സഭയിൽ തിരഞ്ഞെടുത്തതായി കാണുന്നില്ല. PMAYയ്ക്കായി പ്രത്യേകം വാർഡ് തല യോഗങ്ങൾ കൂടി ഗുണഭോക്താക്കളെ അംഗീകരിക്കുകയാണ് ചെയ്തിരിക്കുന്നത്. പ്രസ്തുത യോഗങ്ങളിൽ PMAYകമ്മിറ്റി അംഗങ്ങൾ മാത്രം ഹാജരാകുന്നു.

മേൽ വിഷയങ്ങളിലേക്ക് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. മേൽ വിഷയങ്ങളിൽ സ്വീകരിച്ച തുടർ നടപടികളുടെ വിശദ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

# 3-20 ടൈൽ പാകുന്നതിന് ആനുകൂല്യം നൽകിയത് - ക്രമവിരുദ്ധം

സർക്കാർ ഉത്തരവ് (എം.എസ്) നം.80/2017/തസ്വഭവ തീയതി 03.04.2017 പ്രകാരം വാസയോഗ്യമല്ലാത്ത ഭവനം വാസയോഗ്യമാക്കുന്നതിന് മാത്രമാണ് സബ്സിഡി ആനുകൂല്യം നല്കേണ്ടത്. എന്നാൽ പ്രോജക്ട് ഓഫീസർ-നഗര ദാരിദ്ര്യ നിർമ്മാർജന സെൽ, പട്ടികജാതി വികസന ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ വീടുകളിൽ ടൈൽ പാകുന്നതിനായി എസ്റ്റിമേറ്റ്, വാല്യുവേഷൻ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ ആനുകൂല്യം നൽകിയിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് | ഉദാഹരണം |
|---|---|---|
| പ്രോജക്ട് ഓഫീസർ-നഗര ദാരിദ്ര്യ നിർമ്മാർജന സെൽ | വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ - ലൈഫ് (SO155/18) | i)സിന്ധുമോൾ,അനന്തു ഭവൻ,അട്ടക്കുളം<br>valuation report പ്രകാരം<br>Flooring with ceramic glazed tiles 65.62 $m^2$ @1153.53 = 75,695/-രൂപ<br>ii) ഓമന അമ്മ, ശക്തി വിലാസം, കടുവയിൽ<br>valuation report പ്രകാരം<br>Flooring with ceramic glazed tiles<br>72.50$m^2$ @ 1153.53 = 83,631/-<br>iii)പ്രസന്ന സുകുമാരൻ, പ്രസന്ന ഭവൻ, ആലംകോട് എന്ന ഗുണഭോക്താവ് തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം ഇനം.2 പ്രകാരം floor finishing with scratch free vitrified tile to floors 63 $m^2$ @ 1300/$m^2$ ന് 81,900/-രൂപയും PWO II സെക്ഷന്റെ 28.02.2018ലെ Valuation Report പ്രകാരം Providing & laying ceramic glazed tiles 4.4x2 = 8.8$m^2$ @1001.69/$m^2$ = 8,815/-രൂപയും PWO II സെക്ഷന്റെ 16.07.2018ലെ Valuation Report പ്രകാരം Flooring with |

| | | |
|---|---|---|
| | | ceramic tiles in cm 1:4 kitchen floor 1x4.5x1.8 = 8.10 @ 1287/$m^2$ = 10,425/- രൂപയും നിർണയിച്ചിട്ടുണ്ട്. രണ്ട് തീയതികളിൽ ഒരേ ഗുണഭോക്താവിന്റെ വീടിന്റെ വാല്യുവേഷൻ (മേൽ തീയതികളിൽ യഥാക്രമം 50,023/- രൂപ, 1,02,369/-രൂപ) വ്യത്യസ്ത രീതിയിൽ തയ്യാറാക്കിയിട്ടുണ്ട്. |
| പട്ടികജാതി വികസന ഓഫീസർ | ഭവന പുനരുദ്ധാരണം - വനിത(SO030/18) | i)ഇന്ദിര, വിഷ്ണു ഭവൻ, അവനവഞ്ചേരി<br><br>എസ്റ്റിമേറ്റ് പ്ലാസ്റ്ററിംഗിനും വാതിലുകൾ മാറ്റി സ്ഥാപിക്കുന്നതിനുമായി 3 ഇനങ്ങൾ ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയത്. എന്നാൽ വാല്യുവേഷനിൽ സിറാമിക് ടൈൽ പാകിയതിനാണ് മൂല്യ നിർണയം നടത്തി തുക നൽകിയിരിക്കുന്നത്.<br><br>ii)സീത.കെ, ചരുവിള പുത്തൻ വീട്, കിഴവിലം<br><br>എസ്റ്റിമേറ്റിൽ പ്ലാസ്റ്ററിംഗ്, റൂഫ് ടൈൽസ് മാറ്റൽ, GIഷീറ്റിടൽ<br><br>വാല്യുവേഷനിൽ പ്ലാസ്റ്ററിംഗ്, മേൽക്കൂര ഓടിടൽ, സിമന്റ് കോൺക്രീറ്റ്, കിച്ചൺ സ്ലാബിൽ ടൈൽസിടൽ, ഇലക്ട്രിഫിക്കേഷൻ |

സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായ ആനുകൂല്യങ്ങൾ അർഹരായ ഗുണഭോക്താക്കളിലെത്താൻ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

# 3-21 ലാപ്ടോപ്പ് വാങ്ങൽ പദ്ധതി നടപ്പാക്കുന്നതിൽ വീഴ്ച

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങലിനായി പട്ടികജാതി വികസന ഓഫീസറുടെ നിർവ്വഹണത്തിൽ 2016-17 വർഷം രൂപീകരിച്ച പ്രോജക്റ്റിന്റെ സ്പിൽ ഓവറായി 2017-18-ൽ പ്രോജക്റ്റ് രൂപീകരിച്ചെങ്കിലും നടപ്പാക്കിയില്ല. തുടർന്ന് 2018-19 വർഷത്തിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | 2016-17 | 2017-18 | 2018-19 |
|---|---|---|---|
| പ്രോജക്റ്റ് നമ്പർ | SO281/17 | SO028/18 | SO183/19 |
| അടങ്കൽ | 1,44,000 | 1,44,000 | 1,44,000 |

2017-18 വർഷം 6 ലാപ്ടോപ്പുകൾക്കായി തുക വകയിരുത്തിയെങ്കിലും ലഭ്യമായ ലിസ്റ്റിൽ അർഹരായ ഒരു ഗുണഭോക്താവ് മാത്രമുള്ള സാഹചര്യത്തിൽ അർഹരായ 5 വിദ്യാർത്ഥികളുടെ ലിസ്റ്റ് ആവശ്യപ്പെട്ടുകൊണ്ട് 03.10.17ലാണ് നിർവ്വഹണ ഉദ്യോഗസ്ഥ സെക്രട്ടറിക്ക് കത്തയച്ചിരിക്കുന്നത്. ലാപ് ടോപ്പ് ഒന്നിന് 28,990/-രൂപ വീതം 6 എണ്ണത്തിന് 1,73,940/-രൂപ ചെലവ് വരുമെന്നതിനാൽ 4 എണ്ണം വാങ്ങുന്നതിന് അനുമതി ലഭ്യമാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥ ആവശ്യപ്പെട്ടത് 01.11.2017നാണ്. ഇപ്രകാരം അർഹതയില്ലാത്തവരെ തെരഞ്ഞെടുത്തതുവഴിയും ലാപ് ടോപ്പിന്റെ വില വ്യക്തമാകാതെ തുക വകയിരുത്തിയതുവഴിയും 17-18 സാമ്പത്തിക വർഷം പ്രോജക്റ്റ് നടപ്പായില്ല. ഓഡിറ്റ് എൻക്വയറിക്ക്

(നം.90/19-12-18) ആദ്യ ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാകാൻ കാലതാമസമുണ്ടായതിനാലും സാമ്പത്തിക വർഷാവസാനമായതിനാൽ ബിൽ മാറാൻ കഴിയാതിരുന്നതിനാലുമാണ് 2018-19 വർഷത്തേയ്ക്ക് പ്രോജക്റ്റ് സ്പിൽ ഓവർ ആയതെന്ന് വിശദീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പിലും വാർഡ് സഭയിലും വ്യക്തമായ പ്രോജക്റ്റ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാത്തതാണ് ഇതിന് കാരണമാകുന്നത്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

# 3-22 അംഗൻവാടികളുടെ പ്രവർത്തനം ഫിറ്റ്നസ് ഇല്ലാതെ

അംഗൻവാടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ്. സൂപ്പർവൈസർ, അംഗൻവാടി പ്രവർത്തകർ, എഞ്ചിനീയർ/ഓവർസിയർ എന്നിവരുടെ ഒരു യോഗം വിളിച്ചു ചേർത്ത് സ്ഥിതി വിലയിരുത്തേണ്ടതും വ്യക്തവും സമയബന്ധിതവുമായ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതുമാണ് കൂടാതെ മെയ് 30 നകം ഫിറ്റ്നസ് ഉണ്ടെന്ന് ഉറപ്പാക്കേണ്ടതുമുണ്ട് (സർക്കുലർ നം.31055/ഡിസി2/2011/തസ്വഭവ, 22/3/11). എന്നാൽ 2017-18 സാമ്പത്തിക വർഷം നഗരസഭ ഇത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1) അംഗൻവാടികളുടെ ഫിറ്റ്നസ് സംബന്ധിച്ച് ഐ.സി.ഡി.എസ്. സൂപ്പർവൈസർക്ക് നൽകിയ ഓഡിറ്റ് എൻക്വയറി നം.6/10.12.18-ന് 2017-18 സാമ്പത്തിക വർഷം 29 അംഗൻവാടികളിൽ ഒന്നിനുപോലും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല എന്ന് മറുപടി ലഭിച്ചിട്ടുണ്ട്.

2) ആറ്റിങ്ങൽ നഗരസഭയിലെ 29 അംഗൻവാടികളും പരിശോധിച്ച് സർട്ടിഫിക്കറ്റ് തരണമെന്ന് 21/10/17-ൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ സെക്രട്ടറിക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. (കൈപ്പറ്റ് രസീത് നം.14561, 21.10.17, വിഷയം - ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, സെക്ഷൻ pw2).

3) 2017-18 സാമ്പത്തിക വർഷത്തിൽ മേൽ സർക്കുലർ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ആക്ഷൻ പ്ലാൻ തയ്യാറാക്കിയത് എന്നിവ ലഭ്യമാക്കേണ്ടതാണ് എന്ന് ഓഡിറ്റ് എൻക്വയറി നം.10/ 10.12.18 പ്രകാരം അവശ്യപ്പെട്ടിട്ടും ആയത് ലഭ്യമാക്കിയിട്ടില്ല.

4) 2017-18 സാമ്പത്തിക വർഷം അങ്കണവാടികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി എല്ലാ അങ്കണവാടികളും സന്ദർശിച്ച് അവയുടെ ഫിറ്റ്നസ്സ് ഉറപ്പുവരുത്തി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുന്നതിനായി അസി. എഞ്ചിനീയർക്ക് ഓഡിറ്റ് എൻക്വയറി നം.8/10.12.18 നൽകിയിട്ടുണ്ടെങ്കിലും ആയതിനും മറുപടി ലഭിച്ചിട്ടില്ല.

ഇത്തരത്തിൽ ഫിറ്റ്നസ് ഇല്ലാതെ അംഗൻവാടികൾ പ്രവർത്തികാൻ ഇടയാകുന്നത് ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

# 3-23 ജാഗ്രത സമിതി ഊർജിതമല്ല

സ്ത്രീകളുടെയും പെൺകുട്ടികളുടെയും ജീവിത സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനുള്ള പ്രാദേശിക സർക്കാർ തലത്തിലെ സംവിധാനമായ ജാഗ്രത സമിതിയുടെ പ്രവർത്തനം ആറ്റിങ്ങൽ നഗരസഭയിൽ ശക്തിപ്പെടുത്തേണ്ടതുണ്ട്.

ജി.ഒ.(എം.എസ്)80/17 ത.സ്വ.ഭ.വ. തീയതി 03/04/2017 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

2017-18 വർഷം നഗരസഭാതലത്തിൽ ആകെ രണ്ട് പ്രാവശ്യം മാത്രമാണ് (30.12.2017, 06.01.2018) ജാഗ്രത സമിതി യോഗം ചേർന്നിട്ടുള്ളത്. ഇതിൽ 06.01.2018ലെ യോഗതീരുമാനങ്ങൾ മിനിട്സ് ചെയ്തിട്ടില്ല.

30.12.2017ലെ യോഗത്തിൽ വാർഡ് തലത്തിൽ പരാതിപ്പെട്ടികൾ സ്ഥാപിക്കാൻ തീരുമാനമെടുത്തിരുന്നു. ഇതിന്മേൽ നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല (ഓഡിറ്റ് എൻക്വയറി നമ്പർ 54/15.12.2018ന് മറുപടി ലഭ്യമാക്കിയില്ല).

ജാഗ്രത സമിതിയുടെ പ്രവർത്തനങ്ങളിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

# 3-24 തൊഴിലുറപ്പ് പദ്ധതി - നീക്കം ചെയ്ത മണ്ണ് ലേലം ചെയ്യുന്നില്ല

തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി വിവിധ ഇനത്തിൽ മണ്ണ് നീക്കം ചെയ്ത പ്രവൃത്തികളിൽ ലഭ്യമായ മണ്ണ് ലേലം ചെയ്ത് തുക ഒടുക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | ടി.എസ്. നം / വാർഡ് | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | ചെലവ് തുക | മണ്ണിന്റെ അളവ് |
|---|---|---|---|---|---|
| 1 | 23/AEE/LSGD/ANEGS/2016-17. വാർഡ് 31 | ജല സംരക്ഷണം (മരുതറകോണം - ചിറ്റയിൽ ഏലാതോട് നവീകരണം) | 33000 | 25370 | 312$m^3$ |
| 2 | 17/AEE/LSGD/ANEGS/2016-17. വാർഡ് 2 | ജല സംരക്ഷണം (കൈതവനം തോട് നവീകരണം) | 38000 | 30515 | 334.62 $m^3$ |
| 3 | 18/AEE/LSGD/ANEGS/2016-17. വാർഡ് 28 | ജല സംരക്ഷണം (കുന്നുവിള റോഡിന്റെ ഓട വൃത്തിയാക്കൽ) | 21000 | 17916.48 | 281.6 $m^3$ |
| 4 | 09/AEE/LSGD/ANEGS/2016-17. വാർഡ് 18 | ജല സംരക്ഷണം | 55000 | 47701 | 513 $m^3$ |

| | | | | | |
|---|---|---|---|---|---|
| | | (അട്ടകുളംതോട് നവീകരണം) | | | |
| 5 | 21/AEE/LSGD/ANEGS/2016-17. വാർഡ് 3 | മണ്ണൂർകോണം തോട് വൃത്തിയാക്കൽ | 37000 | 23410 | 256.5 $m^3$ |

അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഇത്തരം പ്രവൃത്തികൾ ചെയ്യുമ്പോൾ നീക്കം ചെയ്യപ്പെടുന്ന മണ്ണ് ലേലം ചെയ്യുകയോ പുനരുപയോഗം നടത്തുകയോ ചെയ്യേണ്ടതാണ്. എന്നാൽ ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.55/15.12.18 ന് നൽകിയ മറുപടി തൃപ്തികരമല്ല. കൂടാതെ സ്റ്റാറ്റസ് റിപ്പോർട്ടിൽ തൊഴിലുറപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

കൃത്യമായ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുകയും പ്രവൃത്തികൾ ചെയ്യുമ്പോൾ സർക്കാർ ഉത്തരവ് പാലിച്ച് സാമ്പത്തിക അച്ചടക്കം ഉറപ്പാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയും ശ്രദ്ധചെലുത്തേണ്ടതാണ്.

# 3-25 ഖരമാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തനം - മോണിറ്ററിംഗ് അനിവാര്യം

ശുചിത്വ മിഷന്റെ 10.03.2015-ലെ 80308/ഡിസി1/2014/തസ്വഭവ. നമ്പർ സർക്കാർ സർക്കുലറിൽ മാലിന്യ സംസ്കരണത്തിന് ഏജൻസിയെ ഏൽപ്പിക്കുമ്പോൾ പ്രതിമാസം നൽകുന്ന മാലിന്യത്തിന്റെ അളവ്, സംസ്കരിച്ച മാലിന്യത്തിന്റെ അളവ്, ഉപ-ഉല്പന്നത്തിന്റെ അളവ് തുടങ്ങിയവ രേഖപ്പെടുത്താനുള്ള രജിസ്റ്ററുകൾ ഉണ്ടാക്കി പ്ലാന്റ് സുതാര്യമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതുണ്ട്.

ആറ്റിങ്ങൽ നഗരസഭയിൽ ഖരമാലിന്യ സംസ്കരണത്തിനായി കാസർഗോഡ് - സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് കരാർ നല്കി പ്രവർത്തിപ്പിക്കുന്ന വിൻഡോ കംപോസ്റ്റിംഗ് യൂണിറ്റിൽ സംസ്കരിച്ച മാലിന്യത്തിന്റെ അളവ്, ഉപ-ഉല്പന്നത്തിന്റെ അളവ് തുടങ്ങിയവ രേഖപ്പെടുത്തുന്നതിനുള്ള രജിസ്റ്റർ സൂക്ഷിക്കുന്നില്ല (ഓഡിറ്റ് അന്വേഷണം നം.104/17-18 തീയതി 20.12.2018നുള്ള മറുപടി). ഖരമാലിന്യ സംസ്കരണ പ്ലാന്റിൽ ഓഡിറ്റ് ടീം 18.12.2018-ന് നടത്തിയ സ്ഥല പരിശോധനയിൽ, പ്ലാന്റിൽ സംസ്കരിക്കാനുള്ള മാലിന്യത്തിന്റെ വൻശേഖരം സൂക്ഷിച്ചിരിക്കുന്നതായി കാണപ്പെട്ടു.

ഖരമാലിന്യ പ്ലാന്റിൽ എത്തിച്ചേരുന്ന മാലിന്യം യഥാസമയം സംസ്കരിച്ച് ഉല്പന്നമാക്കാനാവാത്ത സാഹചര്യം ഉണ്ടായാൽ, അത് നഗരസഭയ്ക്ക് വൻബാധ്യതയായി മാറുന്നതാണ്. ആയതിനാൽ പ്ലാന്റിൽ എത്തിക്കുന്ന ജൈവ/അജൈവ മാലിന്യങ്ങൾ യഥാസമയം സംസ്കരിക്കുന്നുവെന്ന് ഉറപ്പു വരുത്താൻ പ്ലാന്റിൽ എത്തിക്കുന്ന മാലിന്യത്തിന്റെയും ഉല്പാദിപ്പിക്കപ്പെടുന്ന വളം തുടങ്ങിയ ഉല്പന്നങ്ങളുടെയും രജിസ്റ്റർ മുകളിൽ പ്രസ്താവിച്ച സർക്കുലറിലെ നിർദ്ദേശ പ്രകാരം പരിപാലിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതും, പ്രസ്തുത രജിസ്റ്ററിന്റെ JHI-യുടെ പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രം കരാർ പ്രകാരമുള്ള പരിപാലന ചെലവ് സൊസൈറ്റിക്ക് അനുവദിക്കേണ്ടതുമാണ്. ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ അടിയന്തിരമായി ഉണ്ടാകേണ്ടതാണ്.

കാസർഗോഡ് സർവ്വീസ് സൊസൈറ്റിയുമായുള്ള കരാർ 2018-ൽ അവസാനിക്കുന്ന സാഹചര്യത്തിൽ പുതിയ കരാർ ചമയ്ക്കുന്ന വേളയിൽ ഓരോ ദിവസവും പ്ലാന്റിലെത്തുന്ന മാലിന്യത്തിന്റെ അളവ്, ഓരോ ദിവസവും സംസ്കരിച്ച മാലിന്യത്തിന്റെ അളവ്, മാലിന്യസംസ്കരണത്തെ തുടർന്ന് ഉണ്ടായ

ഉപഉൽപ്പന്നങ്ങളുടെ അളവ് എന്നിവ രേഖപ്പെടുത്തുന്ന രജിസ്റ്ററിന്റെ പരിപാലനം സംബന്ധിച്ച വിവരം കരാറിൽ ഉൾപ്പെടുത്തേണ്ടതും അവശ്യമാണ്.

# 3-26 ലീച്ചറ്റ് പമ്പ് ചെയ്യുന്നതിനായി വാങ്ങിയ സക്കിംഗ് & സ്ലറി പമ്പ് ഖരമാലിന്യ പ്ലാന്റിൽ സ്ഥാപിച്ചിട്ടില്ല

പ്രോജക്ട് നം. - SOO19/18

അടങ്കൽ - 30,000/- (വികസന ഫണ്ട് (പൊതു വിഭാഗം)

ചെലവ് - 27,000/-

ബിൽ നം. - $PH_2$ 9973/17 തീയതി 14.12.2017

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെൽത്ത് ഓഫീസർ

ഖരമാലിന്യ പ്ലാന്റിൽ നിന്നുള്ള ലീച്ചറ്റ് പമ്പ് ചെയ്യുന്നതിനായി 2017-18 സാമ്പത്തിക വർഷം ഹെൽത്ത് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 27,000/-രൂപ ചെലവ് ചെയ്ത് QREX ബയോ സൊല്യൂഷനിൽ നിന്ന് വാങ്ങിയ ഫിറ്റിംഗ്സ് സ്റ്റാർട്ടർ എന്നിവയുൾപ്പെടെയുള്ള സ്ലറി പമ്പ് മാലിന്യ സംസ്കരണ പ്ലാന്റിൽ സ്ഥാപിച്ചിട്ടില്ല എന്ന് 18.12.2018-ന് നടത്തിയ സ്ഥലപരിശോധനയിൽ വ്യക്തമാകുന്നു.

ഈ വിഷയത്തിൽ നല്കിയ 19.12.2018-ലെ ഓഡിറ്റ് അന്വേഷണം നം.89/17-18-ൽ സക്കിംഗ് & സ്ലറി പമ്പ് സ്ഥാപിക്കുന്നത് സംബന്ധിച്ച വിവരങ്ങൾ, തൽസ്ഥിതി വിവരം എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

മാലിന്യ സംസ്കരണ പ്ലാന്റിൽ 2HP മോട്ടോർ പമ്പ് സ്ഥാപിച്ച് മാലിന്യത്തിൽ നിന്നുള്ള സ്ലറി സക്കിംഗ് ചെയ്ത് മാറ്റുന്നതിന് വേണ്ടിയാണ് പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ 25.07.2017-ലെ PH2-9973/17 നമ്പർ കത്തിൽ 1.5HP പമ്പിന്റെ ക്വട്ടേഷൻ ആണ് ക്ഷണിച്ചിട്ടുള്ളത്. QREX bio solution-ന്റെ ബിൽ പ്രകാരം 1.5HP പമ്പ് വിതരണം ചെയ്തിനുള്ള payment ആണ് മുനിസിപ്പാലിറ്റി നടത്തിയിട്ടുള്ളത്.

പ്രോജക്ടിൽ വിഭാവനം ചെയ്തതിൽ നിന്നും വ്യത്യസ്തമായി വാങ്ങൽ നടത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് 19.12.2018-ന് നല്കിയ ഓഡിറ്റ് അന്വേഷണം നം.89/17-18-ന് ലഭ്യമാക്കിയ മറുപടിയിൽ 2hp പമ്പ് കണക്ട് ചെയ്യുന്നതിന് 3ഫേസ് സപ്ലൈ ആവശ്യമായതിനാൽ സിംഗിൾ ഫേസിൽ കണക്ട് ചെയ്യാവുന്ന 1.5hp വാങ്ങി എന്ന മറുപടി ആവശ്യകതാ നിർണ്ണയം നടത്തിയശേഷമാണ് പ്രോജക്ട് രൂപീകരണം എന്നതിനാലും മാലിന്യ സംസ്കരണ പ്ലാന്റിൽ 3ഫേസ് സപ്ലൈ ഇല്ല എന്നതും വിശദീകരണമർഹിക്കുന്നു.

യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തനം നടത്താത്തതിനാൽ പ്രോജക്ടിനായി ചെലവഴിച്ച 27,000/-രൂപ പാഴ്ച്ചെലവായി വിലയിരുത്തുന്നു. കുടിവെള്ളം, ശുചിത്വം (മാലിന്യ പരിപാലനം ഉൾപ്പെടെ) വർക്കിംഗ് ഗ്രൂപ്പിന്റെ മേൽനോട്ടം പ്രസ്തുത പ്രോജക്ടിൽ ഉണ്ടായിട്ടില്ല എന്ന് വിലയിരുത്തുന്നു.

# 3-27 ക്യാമ്പ് നടത്തിപ്പിനായി മാത്രം പ്രോജക്ട് -മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

പ്രോജക്ട് നം. പേര് - നം.SO197/17-18

ജീവിത ശൈലി രോഗ പ്രതിരോധ നിയന്ത്രണ സാധന സാമഗ്രികൾ വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ താലൂക്ക് ആശുപത്രി

അടങ്കൽ തുക - 5,00,000/- (വികസന ഫണ്ട്-പൊതു വിഭാഗം)

ചെലവ് - 24,831/-

ബിൽ നം. - 4/18, 8/18

സ്റ്റാന്റിംഗ് കമ്മിറ്റി - ആരോഗ്യകാര്യം

വർക്കിംഗ് ഗ്രൂപ്പ് - ആരോഗ്യം

ജീവിതശൈലീ രോഗപ്രതിരോധ നിയന്ത്രണ സാധന സാമഗ്രികൾ വാങ്ങുന്നതിനായി 5,00,000/- രൂപ അടങ്കലിൽ രൂപീകരിച്ച പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യമായി 'ജീവിതശൈലീ രോഗങ്ങളെ കണ്ടെത്തുന്നതിനുള്ള ക്യാമ്പ്' എന്നാണ് വിഭാവനം ചെയ്തിട്ടുള്ളത്. കൂടാതെ പ്രോജക്ടിന്റെ മോണിട്ടറിംഗിന് വിധേയമാക്കേണ്ട ഘടകങ്ങളായി 'ക്യാമ്പ് നടത്തൽ' ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രോജക്ടിന്റെ ചെലവ് വിവരങ്ങൾ പരിശോധിച്ചതിൽ, ജീവിത ശൈലീ രോഗങ്ങളെ കണ്ടെത്തുന്നതിനായി 31.10.2017-ന് സംഘടിപ്പിച്ച മെഡിക്കൽ ക്യാമ്പിന്റെ ചെലവായാണ് 24,831/-രൂപ ചെലവഴിച്ചിട്ടുള്ളത്. രോഗനിർണ്ണയത്തെ തുടർന്ന് തുടർപ്രവർത്തനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ല.

പദ്ധതി മാർഗ്ഗരേഖ പ്രകാരം ക്യാമ്പ് സംഘടിപ്പിക്കുന്നതിന് മാത്രമായി ഒരു പ്രോജക്ട് വിഭാവനം ചെയ്യുന്നതിന് അനുവാദമില്ലാത്തതാണ്. ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും വർക്കിംഗ് ഗ്രൂപ്പിന്റെയും ഭാഗത്തുനിന്നുള്ള വീഴ്ചയാണ് ഇത്തരം പ്രോജക്ടുകൾ വിഭാവനം ചെയ്യുകയും പണം ചെലവഴിക്കപ്പെടുകയും ചെയ്യുന്നതിന് കാരണം.

# 3-28 നാപ്കിൻ വെൻഡിംഗ് ആന്റ് ഇൻസിനറേഷൻ യൂണിറ്റ് സ്ഥാപിച്ചിട്ടില്ല

പ്രോജക്ടും നം. - S0020/18

അടങ്കൽ തുക - 1,20,000/-

ചെലവ് - 1,16,000/-

ബിൽ നം. - 9/PH2 9972/17 തീയതി 14.12.2017

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെൽത്ത് ഓഫീസർ

സ്റ്റാന്റിംഗ് കമ്മിറ്റി - ആരോഗ്യ കാര്യം

വർക്കിംഗ് ഗ്രൂപ്പ് - കുടിവെള്ളം, ശുചിത്വം (മാലിന്യ പരിപാലനം ഉൾപ്പെടെ)

പെൺകുട്ടികളുടെ ശുചിത്വപരമായ കാര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്കൂളുകളിൽ നാപ്കിൻ വെന്റിംഗ് ആന്റ് ഇൻസിനറേഷൻ യൂണിറ്റ് വിതരണം ചെയ്യുന്നതിന്, 2017-18 സാമ്പത്തിക വർഷം ഗവ. എച്ച്.എസ്. അവനവൻചേരി, ഗവ. ഗേൾസ് എച്ച്.എസ്.എസ്. എന്നീ സ്കൂളുകളിൽ ഓരോ യൂണിറ്റ് വീതം വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത്.

പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ)നാപ്കിൻ വെൻഡിംഗ് & ഇൻസിനറേഷൻ യൂണിറ്റ് നഗരസഭ നിർദ്ദേശിക്കുന്ന സ്ഥലത്ത് സ്ഥാപിക്കുന്നതിനാണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളതെങ്കിലും (09.08.2017-ലെ മാതൃഭൂമി ദിനപത്രം) 18.12.2018-ൽ ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ QREX bio solutions ലഭ്യമാക്കിയ നാപ്കിൻ വെൻഡിംഗ് മെഷീൻ സ്ഥാപിച്ച് പ്രവർത്തനം നടത്താതെ സ്കൂളുകളിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടെത്തി. ഇത് സംബന്ധിച്ച് 19.12.2018-ന് നൽകിയ ഓഡിറ്റ് അന്വേഷണം നം.88/17-18-ന് ലഭ്യമാക്കിയ മറുപടി പ്രകാരം നാപ്കിൻ വെൻഡിംഗ് മെഷീൻ ഇൻസിനറേഷൻ യൂണിറ്റ് എന്നിവ സ്കൂളിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ മെഷീൻ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കി നല്കണമെന്ന ടെണ്ടർ വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല.

ബി) പദ്ധതി നടത്തിപ്പിനായി പ്രസ്തുത സ്കൂളുകളെ തെരഞ്ഞെടുത്തത് സംബന്ധിച്ചും യൂണിറ്റുകളുടെ പ്രവർത്തനം സംബന്ധിച്ചും വിശദീകരണം ആവശ്യപ്പെട്ട് 12.12.2018-ന് നല്കിയ ഓഡിറ്റ് അന്വേഷണം നം.36-ന് പദ്ധതി തയ്യാറാക്കുമ്പോൾ തന്നെ സ്കൂളുകളെ ഉൾപ്പെടുത്തിയിരുന്നു എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. പി.ടി.എ. ഫണ്ട് ഉപയോഗിച്ച് നാപ്കിൻ ഇടവേളകളിൽ നിറയ്ക്കുന്നതിനുള്ള സംവിധാനം സ്വീകരിക്കാത്തതിനാൽ യൂണിറ്റിന്റെ പ്രവർത്തനം തൃപ്തികരമല്ല എന്നും വിശദീകരണമുണ്ട്. എന്നാൽ, സ്കൂളിൽ വിതരണം ചെയ്ത യൂണിറ്റ് സ്ഥാപിക്കുന്നതിന് യാതൊരു നടപടിയും കൈക്കൊണ്ടിട്ടില്ല. ഇതിൽ നിന്നും ആവശ്യകത നിർണ്ണയം നടത്താതെയാണ് സ്കൂളുകളെ തെരഞ്ഞെടുത്തത് എന്ന് വ്യക്തമാകുന്നു. (യൂണിറ്റുകൾ അടിയന്തിരമായി ആവശ്യമുള്ള സ്കൂളുകളെ തെരഞ്ഞെടുത്തിരുന്നുവെങ്കിൽ യൂണിറ്റുകൾ യഥാസമയം ഉപയോഗപ്രദമാക്കുമായിരുന്നു).

ഭരണ സമിതിയുടെയും ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

# 3-29 ലക്ഷ്യത്തിൽ നിന്ന് വ്യതിചലിച്ച് തുക ചെലവഴിച്ചു - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

| ക്രമ നം. | പ്രോജക്ട് നം./പേര് | അടങ്കൽ തുക | ചെലവ് | ഫണ്ടിനം |
|---|---|---|---|---|
| 1 | S0140/17-18 - വയോജനങ്ങൾക്ക് യോഗ പരിശീലനം (ആയുഷ്) | 2,00,000/- | 1,20,933/- | പ്ലാൻ ഫണ്ട് |
| 2 | S0142/17-18 - വനിതകൾക്ക് യോഗ പരിശീലനം (ആയുഷ്) | 2,00,000/- | 1,63,895/- | പ്ലാൻ ഫണ്ട് |
| 3 | S0143/17-18 - ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് യോഗ പരിശീലനം (ആയുഷ്) | 2,00,000/- | 67,433/- | പ്ലാൻ ഫണ്ട് |

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 സാമ്പത്തിക വർഷം ആയുഷുമായി ചേർന്ന് യോഗ പരിശീലനം പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിട്ട് രൂപീകരിച്ച പദ്ധതിയായിരുന്നു. എന്നാൽ നിർവ്വഹണ ഘട്ടത്തിൽ പദ്ധതി ലക്ഷ്യത്തിൽ നിന്ന് വ്യതിചലിച്ച് ഹോമിയോ ആശുപത്രിയുടെ നടത്തിപ്പിന് ആവശ്യമായ വിവിധ വാങ്ങലുകൾ നടത്തുന്നതിന് തുക ചെലവഴിക്കുകയാണുണ്ടായത്.

പ്രോജക്ട് നടത്തിപ്പിൽ ഉണ്ടായ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ) പ്ലാൻ ഫണ്ടിൽ നിന്ന് 2ലക്ഷം രൂപ വീതം വകയിരുത്തി മേൽ പ്രോജക്ടുകൾ അംഗീകാരം നേടിയെങ്കിലും ഓരോ പ്രോജക്ടിനും 1ലക്ഷം രൂപ വീതം മതിയാകുമെന്നതിനാൽ, അപ്രകാരം തുക വകയിരുത്തി ഭേദഗതി ചെയ്യണമെന്ന ഹോമിയോ മെഡിക്കൽ ഓഫീസറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രോജക്ടുകൾക്ക് ഒരു ലക്ഷം രൂപ വീതം വകയിരുത്താനും ബാക്കിതുക പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകണത്തിനായും (20,000/-) താലൂക്ക് ആശുപത്രി ഡ്രെയിനേജ് മെയിന്റനൻസിനുമായി (2,80,000/-രൂപ) ചെലവഴിക്കാനും 14.08.2017-ലെ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ തീരുമാനിച്ചു. ആയതിന് 19.08.2017-ലെ കൗൺസിൽ യോഗത്തിൽ അംഗീകാരം നല്കിയെങ്കിലും തുടർനടപടി കൈക്കൊള്ളാതെ പ്രോജക്ട് നിർദ്ദേശത്തിൽ ഉൾപ്പെടാത്ത വിവിധ വാങ്ങലുകൾക്കായാണ് തുക ചെലവഴിച്ചിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. പേര് | ചെലവിനം | തുക (രൂപ) |
|---|---|---|---|
| 1 | 140/17-18 വയോജനങ്ങൾക്ക് യോഗ പരിശീലനം (ആയുഷ്) | ആർട്ടിസൻസ് ഡെവ. കോർപ്പറേഷനിൽ നിന്നും | |
| | | 1) hospital cot | 21,474/- |
| | | 2) semi fowler cot 1 section | 20,352/- |
| | | 3) Mattress | 17,500/- |
| | | 4) Pillow | 5,250/- |
| | | 5) യോഗ ബ്രോഷർ 800 എണ്ണം | 27,328/- |
| 2 | 142/17-18 വനിതകൾക്ക് യോഗ പരിശീലനം (ആയുഷ്) | ആർട്ടിസൻസ് ഡെവ. കോർപ്പറേഷനിൽ നിന്ന് | |
| | | 1. perforated chair - 7 എണ്ണം | 55,839/- |
| | | 2. Plastic arm chair - 50എണ്ണം | 24,500/- |
| | | 3. യോഗബ്രോഷർ (800എണ്ണം) | 27,328/- |
| 3 | 143/17-18 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് യോഗ പരിശീലനം (ആയുഷ്) | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിൽ നിന്ന് | |
| | | 1. Pedastal Fan-Bajaj 3 എണ്ണം | 8508/- |
| | | 2. HP Laptop i3 4GB, 1TB without case | 37,771/- |
| | | | |

| | | | |
|---|---|---|---|
| | | 3. യോഗ ബ്രോഷർ 400 എണ്ണം | 13,664/- |

പ്രോജക്ട് ലക്ഷ്യത്തിൽ നിന്ന് വ്യതിചലിച്ച് മേൽ ചെലവുകൾ നിർവ്വഹിച്ചതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ 18.02.2018-ലെ ഓഡിറ്റ് അന്വേഷണം നം.76/17-18-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ബി) യോഗ പരിശീലനവുമായി ബന്ധപ്പെട്ട 3 പ്രോജക്ടുകളിൽ നിന്നായി 2000 ബ്രോഷറുകൾ അച്ചടിച്ച ഇനത്തിൽ 68,320/-രൂപ ചെലവു ചെയ്തിട്ടുണ്ട്. ഇതിന്റെ ആവശ്യകത, വിതരണ വിവരങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. (18.12.2018-ലെ ഓഡിറ്റ് അന്വേഷണം നം.76/17-18)

സി) 2017-18 സാമ്പത്തിക വർഷം നടപ്പിലാക്കാൻ ഉദ്ദേശിച്ച യോഗ പരിശീലന പ്രോജക്ടിലെ യോഗ ഇൻസ്ട്രക്ടറുടെ ഇന്റർവ്യൂ നടത്തുന്നതിനായി നോട്ടീസ് പുറപ്പെടുവിച്ചിട്ടുള്ളത് 29.01.2018-ന് മാത്രമാണ്. തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരം ഫയലിൽ ലഭ്യമല്ല. 2017-18 സാമ്പത്തിക വർഷം യോഗ ഇൻസ്ട്രക്ടറുടെ വേതന ഇനത്തിൽ തുക ചെലവഴിക്കാത്തതിൽ നിന്നും യോഗ പരിശീലനം നടന്നിട്ടില്ല എന്ന് വ്യക്തമാകുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.76/2017-18 തീയതി 18.12.2018-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പദ്ധതി ആസൂത്രണത്തിലെ പാളിച്ചകൾ മൂലം പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. ലക്ഷ്യത്തിൽ നിന്ന് വ്യതിചലിച്ച് ചെലവ് നിർവ്വഹിക്കുന്നത് പദ്ധതി മാർഗരേഖ ഖണ്ഡിക 6.8(4) ന് വിരുദ്ധമാകയാൽ ഈ വിഷയത്തിൽ മോണിട്ടറിംഗ് ചുമതലയുള്ള "ആരോഗ്യം" വർക്കിംഗ് ഗ്രൂപ്പിന്റെയും ആരോഗ്യ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

# 3-30 പാലിയേറ്റീവ് കെയർ പ്രവർത്തനം - മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ പുതുക്കിയ മാർഗ്ഗരേഖപ്രകാരം ഗ്രാമ പഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും അനിവാര്യമായി ഏറ്റെടുക്കേണ്ടതായി നിർദ്ദേശിച്ചിട്ടുള്ള പാലിയേറ്റീവ് കെയർ പ്രോജക്ടുകളുടെ പ്രവർത്തനം സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 29.10.2015-ലെ സ.ഉ(സാധാ)നം.3217/2015/തസ്വഭവ നമ്പർ ഉത്തരവിൽ നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ താലൂക്ക് ആശുപത്രി മെഡിക്കൽ ഓഫീസറുടെ കീഴിൽ പ്രവർത്തിക്കുന്ന പാലിയേറ്റീവ് കെയർ യൂണിറ്റിൽ പാലിക്കുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

<u>എ) ആസൂത്രണത്തിന്റെ അഭാവം</u>

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 29.10.2015-ലെ സ.ഉ(സാധാ)നം.3217/2015/തസ്വഭവ നമ്പർ ഉത്തരവ് ഖണ്ഡിക 2.2.2,2.2.4 എന്നിവ പ്രകാരം ഓരോ സാമ്പത്തിക വർഷവും ആരംഭിക്കുന്നതിന് മുമ്പായി തദ്ദേശ ഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള അലോപ്പതി, ആയുർവ്വേദ, ഹോമിയോപ്പതി ആരോഗ്യസ്ഥാപനങ്ങളിലെ ഡോക്ടർമാർ, പാരാ മെഡിക്കൽ ജീവനക്കാർ, ആരോഗ്യവകുപ്പിലെ ഫീൽഡ് ജീവനക്കാർ, ആശാവർക്കർമാർ, സന്നദ്ധസംഘടനാ പ്രതിനിധികൾ, കുടുംബശ്രീ സി.ഡി.എസ്. ഭാരവാഹികൾ, സ്റ്റുഡന്റ് പോലീസ് കാഡറ്റ്, NSS, NCC യൂണിറ്റുകളുടെ ചുമതലയുള്ള അദ്ധ്യാപകർ എന്നിവരുടെ യോഗം വിളിക്കുകയും അടുത്ത ഒരു വർഷത്തേക്ക് ഹോംകെയർ സംവിധാനം നടപ്പിലാക്കുവാൻ വേണ്ട ഒരു ഹോംകെയർ ടീമിനെ തെരഞ്ഞെടുക്കേണ്ടതും ജില്ലാതല പാലിയേറ്റീവ് വിഭാഗത്തിന്റെ മേൽനോട്ടത്തിലും പങ്കാളിത്തത്തിലും ഏകദിന പരിശീലനം നൽകേണ്ടതുമുണ്ട്. ഈ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല.

<u>ബി) പാലിയേറ്റീവ് കെയർ മാനേജ് മെന്റ് കമ്മിറ്റിയുടെ(PMC) പ്രവർത്തനം തൃപ്തികരമല്ല.</u>

പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം നിർവ്വഹിക്കുന്നതിനും വേണ്ടി ഓരോ സാമ്പത്തിക വർഷാരംഭത്തിലും രൂപീകരിക്കുന്ന പാലിയേറ്റീവ് കെയർ മാനേജ് മെന്റ് കമ്മിറ്റി(PMC) (ഖ.2.3.1) രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പാലിയേറ്റീവ് കെയറിന്റെ ഓരോ മാസത്തെയും പ്രതിമാസ പ്രവർത്തന അവലോകന റിപ്പോർട്ടും വരവ്-ചെലവ് കണക്കും മെമ്പർ സെക്രട്ടറി (മെഡിക്കൽ ഓഫീസർ) ഈ യോഗത്തിൽ രേഖാമൂലം അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമുണ്ട്.(ഖ.2.3.2). 2017-18 സാമ്പത്തിക വർഷം 7.4.17, 11.08.17, 22.11.17 എന്നീ തീയതികളിലായി മൂന്നു തവണ മാത്രമാണ് PMC യോഗം ചേർന്നിട്ടുള്ളത്. പാലിയേറ്റീവ് കെയറിന്റെ സുഗമമായ പ്രവർത്തനത്തിന് മാർഗ്ഗനിർദ്ദേശത്തിൽ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം PMC യോഗം ചേരേണ്ടതും പ്രവർത്തനാവലോകനം, വരവ്-ചെലവ് കണക്കുകൾ അംഗീകരിക്കൽ എന്നിവ നിർവ്വഹിക്കേണ്ടതുമാണ്. ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർ പേഴ്സൺ , ത.സ്വ.ഭ. വിഭാഗം ചെയർ പേഴ്സൺ, സെക്രട്ടറി, ആരോഗ്യകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർ പേഴ്സൺ എന്നിവരുൾപ്പെടുന്ന PMC-യുടെ പ്രവർത്തനം ശക്തിപ്പെടുത്തേണ്ടത് പാലിയേറ്റീവ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നതിന് അത്യന്താപേക്ഷിതമാണ്.

<u>സി) പാലിയേറ്റീവ് സേവനം ലഭ്യമാക്കേണ്ടവരുടെ വിവരം LSGD വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നില്ല.</u>

ഗൃഹ പരിചരണം ആവശ്യമായ രോഗികളുടെ വിവരം Nominal Register-ൽ ഉൾപ്പെടുത്തേണ്ടതും(ഖ2.5.1) രോഗികളുടെ പേരു വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതും അതാത് സമയം വെബ്സൈറ്റിലെ ലിസ്റ്റ് അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്.(ഖ2.5.6). വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രോജക്ടിനായി തുക ചെലവഴിക്കാൻ പാടില്ലെന്നും 29.10.2015-ലെ സ.ഉ(സാധാ)നം.3217/2015/തസ്വഭവ നമ്പർ ഉത്തരവ് ഖണ്ഡിക 2.5.6-യിൽ വ്യക്തമാക്കുന്നു. ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ ഇതുവരെ പാലിയേറ്റീവ് കെയർ രോഗികളുടെ വിവരം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണം നം.102/17-18 തീയതി 20.12.2018-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി ചെലവ് നിർവ്വഹിക്കുന്നത് PMCയുടെ ഭാഗത്തു നിന്നുള്ള വീഴ്ചയായി വിലയിരുത്തുന്നു. ആവശ്യമായ അടിയന്തര നടപടിക്കായി വിഷയം ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

<u>ഡി) ഹോംകെയർ രജിസ്റ്റർ ശരിയായ രീതിയിൽ പരിപാലിക്കുന്നില്ല.</u>

29.10.2015-ലെ സ.ഉ(സാധാ)നം.3217/2015/തസ്വഭവ നമ്പർ ഉത്തരവ് ഖണ്ഡിക 2.5.7, 2.5.8 എന്നിവ പ്രകാരം തുടർ പരിചരണം ആവശ്യമായ രോഗികളുടെ വിവരങ്ങൾ patients status report-ലും മാർഗ്ഗനിർദ്ദേശം അനുബന്ധം 2-ലെ മാതൃകയിൽ Home care Register-ലും രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന പാലിയേറ്റീവ് കെയർ യൂണിറ്റിൽ Home care Register മാർഗ്ഗനിർദ്ദേശ പ്രകാരം രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കുന്നില്ല.

ഓരോ ദിവസത്തെയും ഹോംകെയർ നടന്നുകഴിഞ്ഞാൽ തൊട്ടടുത്ത ദിവസം ഗൃഹസന്ദർശന വിവരങ്ങൾ രേഖപ്പെടുത്തിയ അനുബന്ധം 3 പ്രകാരമുള്ള ഫോറവും ഹോം കെയർ റിപ്പോർട്ട് ബുക്കും മെഡിക്കൽ ഓഫീസർക്ക് സമർപ്പിച്ച് ഒപ്പ് വാങ്ങിക്കേണ്ടതാണെന്ന നിർദ്ദേശവും ഓരോ ദിവസവും ഗൃഹസന്ദർശനം നടന്നുകഴിഞ്ഞാൽ അന്നു തന്നെയോ തൊട്ടടുത്ത പ്രവർത്തി ദിവസമോ പാലിയേറ്റീവ് നഴ്സ് അനുബന്ധം 3 അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ റിപ്പോർട്ട് സോഫ്റ്റ്‌വെയർ മുഖേന അപ്‌ലോഡ് ചെയ്യേണ്ടതാണെന്ന നിർദ്ദേശവും പാലിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.102 തീയതി 20.12.2018-ന് മറുപടി ലഭിച്ചിട്ടില്ല.)

<u>ഇ)സെക്കന്ററി ലെവൽ പാലിയേറ്റീവ് പരിചരണം - രേഖകൾ സൂക്ഷിക്കുന്നില്ല</u>

പാലിയേറ്റീവ് കെയർ പ്രോജക്ട് കളുടെ പ്രവർത്തനം സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 29.10.2015-ലെ സ.ഉ(സാധാ)നം.3217/2015/തസ്വഭവ നമ്പർ ഉത്തരവ് ഖ.2.11.3(III) പ്രകാരം ജില്ലാ ആശുപത്രികൾ ഒഴികെയുള്ള ആശുപത്രികളിൽ, അവയുടെ പ്രവർത്തനപരിധിയിൽ വരുന്ന പ്രദേശങ്ങളിലെ, ദ്വിതീയ പാലിയേറ്റീവ് പരിചരണം ആവശ്യമായ രോഗികളുടെ വിവരങ്ങൾ അനുബന്ധം7-ൽ കൊടുത്തിട്ടുള്ള മാതൃകയിലെ സെക്കന്ററി കെയർ പാലിയേറ്റീവ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. അങ്ങനെ ഗൃഹ പരിചരണം ലഭ്യമാക്കുന്ന രോഗികളുടെ വിവരങ്ങൾ അനുബന്ധം 2-ലെ ഫോളോ അപ്പ് ഹോംകെയർ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമുണ്ട്. മേൽ പ്രസ്താവിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ ആറ്റിങ്ങൽ താലൂക്ക് ആശുപത്രിയിൽ നിന്ന് ദ്വിതീയ പാലിയേറ്റീവ് പരിചരണം ലഭ്യമാക്കുന്ന അവസരത്തിൽ പാലിക്കപ്പെടുന്നില്ല. പാലിയേറ്റീവ് കെയർ മോണിറ്ററിംഗ് നിർവ്വഹിക്കേണ്ട pmc, ക്ഷേമകാര്യ, ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു.

**എഫ്) ഗൃഹപരിചരണം-മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല-പദ്ധതി നിർവ്വഹണത്തിൽ വീഴ്ച.**

പാലിയേറ്റീവ് കെയർ മാർഗ്ഗനിർദ്ദേശം സ.ഉ.(സാധാ) നം.3217/2015/തസ്വഭവ തീയതി 29/10/2015 ഖണ്ഡിക 2-6.2 പ്രകാരം ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായ രോഗികളുടെ പരിചരണത്തിനായുള്ള ഹോംകെയർ സംവിധാനം രാവിലെ 9.30-ന് ആരംഭിച്ച് വൈകുന്നേരം 4.30 വരെ ഒരു ദിവസം കൂടുതൽ പരിചരണം ആവശ്യമുള്ള 8 രോഗികളെയെങ്കിലും സന്ദർശിക്കാൻ കഴിയുന്ന രീതിയിൽ പാലിയേറ്റീവ് കെയറിനു കീഴിൽ മാസത്തിൽ 16 ഹോംകെയർ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ആറ്റിങ്ങൽ മുനിസിപ്പിലിറ്റിയിലെ ഹോംകെയർ രജിസ്റ്റർ പരിശോധിച്ചതിൽ ഓരോ ദിവസവും ഗൃഹസന്ദർശനം നടത്തുന്ന രോഗികളുടെ എണ്ണം 3-4 മാത്രമായും രാവിലെ 9.30 മുതൽ 4.30വരെ നിർവ്വഹിക്കേണ്ട ഹോംകെയർ 2.00-2.30 മണിയോടെ അവസാനിപ്പിക്കുന്നതായും കാണുന്നു.

ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | ഹോംകെയർ രജിസ്റ്റർ പ്രകാരം സന്ദർശിച്ച രോഗികൾ |
|---|---|
| 24.08.2017 | 4 |
| 02.09.2017 | 3 |
| 08.09.2017 | 2 |
| 16.09.2017 | 2 |
| 18.09.2017 | 3 |
| 10.04.2017 | 2 |
| 24.05.2017 | 1 |
| 01.07.2017 | 2 |
| 04.07.2017 | 3 |

ദൈനംദിന കാര്യങ്ങളിൽ പരസഹായം ആവശ്യമുള്ള രോഗികളെ സഹായിക്കുക എന്ന ഉദ്ദേശ്യത്തോടെ സർക്കാർ നടപ്പിലാക്കിയിട്ടുള്ള പാലിയേറ്റീവ് കെയറിന്റെ സ്ഥാപക ലക്ഷ്യത്തെ തന്നെ ബാധിക്കുന്ന ഇത്തരം പ്രവർത്തനങ്ങൾ അവസാനിപ്പിക്കുന്നതിനും രോഗികൾക്ക് പാലിയേറ്റീവ് കെയർ പദ്ധതി വിഭാവനം ചെയ്യുന്ന സഹായവും പരിചരണവും ഉറപ്പാക്കുന്നതിനും PMC, ആരോഗ്യകാര്യ,

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ അടിയന്തര ശ്രദ്ധയും കാര്യക്ഷമമായ മോണിറ്ററിംഗും ഉണ്ടാകേണ്ടതുണ്ട്.

**ജി) പാലിയേറ്റീവ് കെയറിനായുള്ള വാഹന വാടക മാർഗ്ഗരേഖയിൽ നിന്ന് അധികരിച്ച് ഈടാക്കുന്നു.**

പാലിയേറ്റീവ് കെയറുകളുടെ പ്രവർത്തനം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 29.10.2015-ലെ സ.ഉ.(സാധാ)നം.3217/2015/തസ്വഭവ ഖണ്ഡിക 2.6.5(3) പ്രകാരം പാലിയേറ്റീവ് കെയർ ആവശ്യത്തിനായി ക്വട്ടേഷൻ ക്ഷണിച്ച് ദിവസ വാടക ഇനത്തിൽ (രാവിലെ 9.30 മുതൽ വൈകുന്നേരം 4.30 വരെ) വാഹനം വാടകയ്ക്ക് എടുക്കുമ്പോൾ വാഹനത്തിന് നല്കാവുന്ന പരമാവധി ദിവസ വാടകയെക്കാൾ ഉയർന്ന നിരക്കിലാണ് താലൂക്ക് ആശുപത്രി എച്ച്.എം.സി.യുടെ നിയന്ത്രണത്തിലുള്ള ആംബുലൻസ് (KL-01 CA62) പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി വാഹന വാടക ഈടാക്കുന്നത്. ഇതേ കാലയളവിൽ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി വായകയ്ക്കെടുത്തിട്ടുള്ള സ്വകാര്യ വാഹനങ്ങൾ 20 കി.മീ. താഴെയുള്ള യാത്രകൾക്ക് 700/-രൂപ ദിവസ വാടക ഈടാക്കുമ്പോൾ എച്ച്.എം.സി.KL-01 CA-62 നമ്പർ ആംബുലൻസിന് 900/-രൂപ നിരക്കിൽ ദിവസവാടക ഈടാക്കുകയും പാലിയേറ്റീവ് കെയർ പ്രവർത്തന സമയം, മറ്റ് യാത്രകൾക്കായി വാഹനം ഉപയോഗിക്കുകയും ചെയ്തിട്ടുള്ളതായി കാണുന്നു. വാഹന വാടകയിനത്തിൽ 2017-18 സാമ്പത്തിക വർഷം അധികം ഈടാക്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വൗച്ചർ നം. | തീയതി | ദൂരം കി.മീ. | അനുവദിച്ച തുക (രൂപ) | അധികമായി അനുവദിച്ച തുക രൂപ |
|---|---|---|---|---|
| 21/17-18 | 05.04.2017 | 5 | 900 | 200 |
| 22/17-18 | 07.04.2017 | 5 | 900 | 200 |
| 23/17-18 | 11.04.2017 | 8 | 900 | 200 |
| 24/17-18 | 15.4.2017 | 5 | 900 | 200 |
| 25/17-18 | 21.4.17 | 15 | 900 | 200 |
| 26/17-18 | 22.4.17 | 7 | 900 | 200 |
| 28/17-18 | 25.4.17 | 4 | 900 | 200 |
| 29/17-18 | 27.4.17 | 14 | 900 | 200 |
| 30/17-18 | 29.4.17 | 4 | 900 | 200 |
| 31/17-18 | 4.5.17 | 11 | 900 | 200 |

| | | | | |
|---|---|---|---|---|
| 32/17-18 | 11.5.17 | 3 | 900 | 200 |
| 34/17-18 | 15.5.17 | 18 | 900 | 200 |
| 35/17-18 | 22.5.17 | 18 | 900 | 200 |
| 36/17-18 | 18.5.17 | 11 | 900 | 200 |
| 37/18-18 | 19.5.17 | 17 | 900 | 200 |
| 38/17-18 | 26.5.17 | 16 | 900 | 200 |
| 39/17-18 | 27.5.17 | 11 | 900 | 200 |
| 40/17-18 | 29.5.17 | 12 | 900 | 200 |
| 41/17-18 | 30.05.17 | 9 | 900 | 200 |
| 42/17-18 | 02.06.17 | 7 | 900 | 200 |
| 43/17-18 | 05.06.17 | 10 | 900 | 200 |
| 44/17-18 | 10.06.17 | 15 | 900 | 200 |
| 45/17-18 | 12.06.17 | 12 | 900 | 200 |
| 46/17-18 | 15.06.17 | 12 | 900 | 200 |
| 47/17-18 | 19.06.17 | 10 | 900 | 200 |
| 49/17-18 | 16.06.17 | 11 | 900 | 200 |
| 50/17-18 | 21.06.17 | 14 | 900 | 200 |
| 51/17-18 | 22.06.17 | 12 | 900 | 200 |
| 53/17- | 27.06.17 | 14 | 900 | 200 |

| | | | | |
|---|---|---|---|---|
| 18 | | | | |
| 54/17-18 | 29.06.17 | 18 | 900 | 200 |
| 56/17-18 | 04.07.17 | 15 | 900 | 200 |
| 57/17-18 | 06.07.17 | 13 | 900 | 200 |
| 58/17-18 | 10.07.17 | 15 | 900 | 200 |
| 59/17-18 | 13.07.17 | 7 | 900 | 200 |
| 60/17-18 | 18.07.17 | 13 | 900 | 200 |
| 61/17-18 | 17.07.17 | 17 | 900 | 200 |
| 62/17-18 | 22.07.17 | 11 | 900 | 200 |
| 63/17-18 | 27.07.17 | 9 | 900 | 200 |
| 64/17-18 | 25.07.17 | 15 | 900 | 200 |
| 65/17-18 | 27.07.17 | 10 | 900 | 200 |
| 66/17-18 | 28.07.17 | 16 | 900 | 200 |
| 67/17-18 | 29.07.17 | 14 | 900 | 200 |
| 116/17-18 | 01.08.17 | 17 | 900 | 200 |
| 119/17-18 | 09.08.17 | 16 | 900 | 200 |
| 131/17-18 | 09.09.17 | 16 | 900 | 200 |
| 135/17-18 | 16.09.17 | 19 | 900 | 100 |
| 137/17-18 | 19.09.17 | 13 | 900 | 200 |

| | |
|---|---|
| ആകെ | 9300രൂപ |

വണ്ടി വാടകയിനത്തിൽ എച്ച്.എം.സി ഈടാക്കിയ 9,300/-രൂപ മുനിസിപ്പൽ ഫണ്ടിൽ അടവ് വരുത്തേണ്ടതാണ്.

**എച്ച്) ലോഗ് ബുക്ക് ശരിയായ രീതിയിൽ പരിപാലിക്കുന്നില്ല**

മാർഗ്ഗരേഖ ഖണ്ഡിക 2.6.5(ix) പ്രകാരം പാലിയേറ്റീവ് കെയർ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന എച്ച്.എം.സിയുടെ KL-01 CA-62 നമ്പർ ആംബുലൻസിന്റെ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന സഞ്ചരിച്ച ദൂരം, സമയം എന്നിവ ട്രിപ്പ് ഷീറ്റിലേതുമായി പൊരുത്തപ്പെടുന്നില്ല. ട്രിപ്പ് ഷീറ്റിലെ സന്ദർശന ദിവസവും ഹോംകെയർ രജിസ്റ്ററിലെ രേഖപ്പെടുത്തലും വ്യതാസമുള്ള സന്ദർഭങ്ങളുമുണ്ട്. (ഉദാ. 08.09.2017 ട്രിപ്പ് ഷീറ്റ് പ്രകാരം 09.09.17).

05.06.17 നുശേഷം ലോഗ് ബുക്കിൽ സഞ്ചരിക്കുന്ന ദൂരം സൂചിപ്പിക്കുന്ന Milo metre reading രേഖപ്പെടുത്തുന്നില്ല എന്നതും ലോഗ് ബുക്കിൽ തിരുത്തലുകളും കൂട്ടിച്ചേർക്കലും വരുത്തിയിട്ടുള്ളതും വാഹനത്തിന്റെ പൂർണ ചുമതലയുള്ള എച്ച്.എം.സി കൺവീനറായ മെഡിക്കൽ ഓഫീസറുടെ അടിയന്തരശ്രദ്ധ ആവശ്യമാണ്.

**ഐ) പാലിയേറ്റീവ് കെയർ - 2017-18 വർഷം ഒക്ടോബർ മുതലുള്ള ചെലവ് തൻവർഷം ക്ലെയിം ചെയ്തിട്ടില്ല.**

പ്രോജക്ട് നം. S0024/18

അടങ്കൽ തുക 9,00,000/- (വികസന ഫണ്ട്)

ചെലവ് 5,92,770/-

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി

2017-18 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി നിർവ്വഹണ ഉദ്യോഗസ്ഥനായി 9,00,000/- രൂപ അടങ്കൽ തുക വകയിരുത്തി വിഭാവനം ചെയ്ത പ്രോജക്ടിൽ നിന്ന് തൻവർഷം 5,92,770/- രൂപ മാത്രമാണ് ചെലവ് ചെയ്തിട്ടുള്ളത്. ചെലവ് രേഖകൾ പരിശോധിച്ചതിൽ 01.10.2017 മുതൽ 31.03.2018 വരെയുള്ള ഹോംകെയർ ടീമിന്റെ ചെലവ് ക്ലെയിം ചെയ്യാൻ അവശേഷിക്കുന്നതായി കാണുന്നു. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.102/17-18-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 29.10.2015-ലെ സ.ഉ.(സാ.ധാ.)നം.3217/2015/ത.സ്വ.ഭ.വ. നമ്പർ മാർഗ്ഗരേഖ ഖ.2.10.6 പ്രകാരം പാലിയേറ്റീവ് കെയറിനുവേണ്ടി ഓരോ സാമ്പത്തിക വർഷത്തേക്കും ഒരു പ്രോജക്ട് മാത്രമേ തയ്യാറാക്കാൻ അനുവാദമുള്ളൂ. ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ ആ വർഷത്തെ പ്രോജക്ട് അവസാനിപ്പിക്കണം. സ്പിൽ ഓവർ പ്രോജക്ടായി തുടർന്ന് നടപ്പിലാക്കാൻ കഴിയില്ല. ഒരു വാർഷിക പദ്ധതിയിൽ ഒന്നിലധികം പാലിയേറ്റീവ് കെയർ പ്രോജക്ടുകൾ ഉണ്ടാകാനും നടപ്പിലാക്കാനും കഴിയില്ല.

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ട് കോണ്ടുപോകുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ മാർഗ്ഗരേഖ (29.10.2015-ലെ സ.ഉ.(സാ.ധാ.)നം.3217/2015/ത.സ്വ.ഭ.വ.) ഖ.2.4.1പ്രകാരം രൂപീകരിക്കേണ്ട പാലിയേറ്റീവ് കെയർ ഇംപ്ലിമെന്റേഷൻ കമ്മിറ്റി എല്ലാ മാസവും 5-ാം തീയതിക്ക് മുൻപായി യോഗം ചേർന്ന് (ഖ.2.4.2) മുൻ മാസത്തെ വരവ്-ചെലവ് കണക്കിന് അംഗീകാരം നൽകേണ്ടതുണ്ട്. ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പ്രകാരം പാലിയേറ്റീവ് കെയർ ഇംപ്ലിമെന്റേഷൻ കമ്മിറ്റി പ്രവർത്തനരഹിതമാണെന്നാണ് വ്യക്തമാകുന്നത്. പാലിയേറ്റീവ് കെയർ ഇംപ്ലിമെന്റേഷൻ

കമ്മിറ്റിയുടെ അഭാവം, PMC- മോണിറ്ററിംഗിന്റെ അപര്യാപ്തത എന്നിവ പാലിയേറ്റീവ് കെയർ വരവ്-ചെലവ് കണക്കുകൾ യഥാസമയം അവതരിപ്പിക്കുന്നതിനും, അംഗീകാരം ലഭ്യമാക്കി യഥാസമയം ക്ലെയിം ചെയ്യുന്നതിനും വീഴ്ച സംഭവിക്കാൻ ഇടയാക്കിയതായി കാണുന്നു. ആരോഗ്യകാര്യ വർക്കിംഗ് ഗ്രൂപ്പിന്റെയും, സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

<u>ജെ)കൗൺസിലർമാർ പാലിയേറ്റീവ് കെയറിന് സംഭാവന നൽകുന്നത് അനുകരണീയം</u>

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി കാനറ ബാങ്ക് ആറ്റിങ്ങൽ ശാഖയിലെ 2790101010830 നമ്പർ അക്കൗണ്ടിലെ വരവ് വിവരങ്ങൾ പരിശോധിച്ചതിൽ ആറ്റിങ്ങൽ നഗരസഭയിലെ കൗൺസിലർമാർ തുക പാലിയേറ്റീവ് കെയറിലേക്ക് സംഭാവന നൽകുന്നതായി കാണുന്നു. ഇത് അഭിനന്ദനാർഹമാണ്.

<u>ഓഡിറ്റ് ശുപാർശകൾ</u>

i)PMC പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുക.

ii) മോണിറ്ററിംഗിന്റെ അഭാവം, നഗര സഭയുടെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ട പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുടെ നടത്തിപ്പിനെ ബാധിക്കുന്ന സാഹചര്യത്തിൽ സർക്കാർ മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് നടപടി കൈക്കൊള്ളുക.

iii) പാലിയേറ്റീവ് കെയർ ആവശ്യമുള്ള രോഗികളെ കണ്ടെത്തുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനും ആശാ വർക്കർമാരുടെ സേവനം ശക്തിപ്പെടുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്. നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ട രോഗികളുടെ വിവരം വെബ്സൈറ്റിൽ upload ചെയ്യുന്നതിനും യഥാസമയം update ചെയ്യുന്നതിനും നടപടി സ്വീകരിക്കുക.

iv) മാർഗരേഖയിലെ നിർദ്ദേശപ്രകാരം ഓരോ മാസത്തേയും ഹോംകെയർ ഷെഡ്യൂൾ നിർണയിക്കുന്നതിനും ഹോംകെയർ ആവശ്യമായ രോഗികൾക്കെല്ലാം പരിചരണം കിട്ടുന്നുവെന്ന് ഉറപ്പാക്കുന്നതിനും കൗൺസിലർമാരുടെയും സന്നദ്ധപ്രവർത്തകരുടെയും ആശാ വർക്കർമാരുടെയും സജീവ പങ്കാളിത്തം ഉറപ്പാക്കാൻ നടപടി സ്വീകരിക്കാവുന്നതാണ്.

v) ഒരു മാസം 16 ഹോംകെയർ മാത്രമാണ് സർക്കാർ ശുപാർശ ചെയ്യുന്നത് എന്നതിനാൽ മറ്റ് സമയം പാലിയേറ്റീവ് കെയർ ടീമിന് പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും ഷെഡ്യൂൾ ചെയ്യുന്നതിനും ഉപയോഗപ്പെടുത്താവുന്നതാണ്.

vi) ഹോംകെയർ രജിസ്റ്റർ മാർഗ്ഗനിർദ്ദേശ പ്രകാരം പരിപാലിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുക.

vii) വാഹനത്തിന്റെ ലോഗ് ബുക്ക് ശരിയായ രീതിയിൽ പരിപാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.

# <u>ഭാഗം -4</u>

# <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

**ഇല്ല**

# 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയതുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | സോളാർ പാനൽ | 1511900 | 1511900 | - |
| കെ.എസ്.ഇ.ബി | സോളാർ പാനൽ | 4271103 | 4271103 | - |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

# 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ ഒന്നും തന്നെ ഇല്ല.

# 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

__(എ)സംക്ഷിപ്ത വിവരം__

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 20,83,50,908/- |
| [illegible] | [illegible] |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 20,71,54,083/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 9,300/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 69,604/- |

**(ബി)നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക | സർചാർജ്ജ് ചെയ്യാവുന്ന തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-30 | 9,300/- | ഡോ. ജസ്റ്റിൻ ജോസ്, മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി |

**(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-12 | 69,604/- | ശ്രീമതി. റാണി. ജി, മുനിസിപ്പൽ എഞ്ചിനീയർ |

**(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ,മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഇ)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. ജസ്റ്റിൻ ജോസ്, മെഡിക്കൽ ഓഫീസർ | | സി.റ്റി.21/30, ഏയ്ഞ്ചൽ വില്ല, കരമന. പി.ഒ. തിരുവനന്തപുരം |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1976-77 | എൽ.എഫ്.റ്റി.ഡി.4/1260 (5)/86<br>തീയതി.20-06-1983 | - | |
| 1977-78 | എൽ.എഫ്.റ്റി.ഡി.4/1064/84<br>തീയതി.24-04-1987 | - | |
| 1979-80 | എൽ.എഫ്.റ്റി.ഡി.4/812/87<br>തീയതി.31-10-1987 | - | |
| 1980-81 | എൽ.എഫ്.റ്റി.ഡി.4/951/84<br>തീയതി.02-05-1987 | - | |
| 1981-82 | എൽ.എഫ്.റ്റി.ഡി.4/831/86<br>തീയതി.20-01-1987 | - | |
| 1982-83 | എൽ.എഫ്.റ്റി.ഡി.4/1194/85<br>തീയതി.14-07-1986 | - | |
| 1983-84 | എൽ.എഫ്.റ്റി.ഡി.4/746/89<br>തീയതി.30-06-1980 | - | |
| 1984-85 | എൽ.എഫ്.റ്റി.ഡി.4/232/91<br>തീയതി.16-04-1991 | - | |
| 1985-86 | എൽ.എഫ്.റ്റി.ഡി4/1627/92<br>തീയതി.23-02-1995 | - | |
| 1986-87 | എൽ.എഫ്.റ്റി.ഡി.4/997/94<br>തീയതി.02-03-96/10-12-1997 | - | |
| 1987-88 | എൽ.എഫ്.റ്റി.ഡി.4/997/94<br>തീയതി. 02-03-96/10-12-1997 | - | |
| 1988-89 | എൽ.എഫ്.റ്റി.ഡി.13/95<br>തീയതി.10-04-96/31-12-1997 | - | |
| 1989-90 | എൽ.എഫ്.റ്റി.ഡി.13/95<br>തീയതി.10-04-96/31-12-1997 | - | |
| 1990- | എൽ.എഫ്.റ്റി.ഡി.4/917/96 | - | |

| | | | |
|---|---|---|---|
| 91 | തീയതി.03-09-97/09-09-1998 | | |
| 1996-97 | എൽ.എഫ്.റ്റി.ഡി.എം.എൽ. 1203/03 തീയതി.16-03-2004 | 47 | |
| 1997-98 | എൽ.എഫ്.റ്റി.ഡി.എം.എൽ. | 38 | |
| 1998-99 | എൽ.എഫ്.റ്റി.ഡി.എം.എൽ. 531/08 | 58 | |
| 1999-2000 | എൽ.എഫ്.റ്റി.ഡി.എം.എൽ. 696/06 തീയതി.28-04-2006 | 69 | |
| 2000-2001 | എൽ.എഫ്.റ്റി.ഡി.എം.എൽ. 693/2005 തീയതി.03-05-2007 | 38 | |
| 2001-2002 | എൽ.എഫ്.റ്റി.ഡി.എം.എൽ. 1475/2006 തീയതി.21-07-08 | 25 | |
| 2002-2003 | എൽ.എഫ്.റ്റി.ഡി.എം.എൽ. 1343/2008 തീയതി.14-05-2009 | 21 | |
| 2003-2004 | എൽ.എഫ്.റ്റി.ഡി.എം.എൽ. 1475/14 തീയതി.20-10-2014 | 46 | |
| 2004-2005 | എൽ.എഫ്.റ്റി.ഡി.എം.എൽ. 331/2009 തീയതി.15-05-2009 | 26 | |
| 2005-2006 | എൽ.എഫ്.റ്റി.ഡി.എം.എൽ. 1412/09 തീയതി.29-09-12 | 16 | |
| 2006-2007 | എൽ.എഫ്.റ്റി.ഡി.എം.എൽ. 1413/09 തീയതി.03-07-12 | 22 | |
| 2007-2008 | എൽ.എഫ്.റ്റി.ഡി.എം.എൽ. 958/13 തീയതി.13-01-2014 | 14 | |
| 2008-2009 | എൽ.എഫ്.റ്റി.ഡി.എം.എൽ. 1708/14 തീയതി.14-12-14 | 19 | |
| 2009-2010 | എൽ.എഫ്.റ്റി.ഡി.എം.എൽ. 23/15 തീയതി.04-09-15 | 14 | |
| 2010-2011 | എൽ.എഫ്.റ്റി.ഡി.എം.എൽ. 1999/14 തീയതി.15-12-2014 | 21 | |

| | | | |
|---|---|---|---|
| 2011-2012 | എൽ.എഫ്.റ്റി.ഡി.എം.എൽ. 2080/14 തീയതി.18-12-14 | 24 | |
| 2012-2013 | എൽ.എഫ്.റ്റി.ഡി.എം.എൽ. 1142/15 തീയതി.27-07-15 | 29 | |
| 2013-2014 | എൽ.എഫ്.റ്റി.ഡി.എം.എൽ. | 29 | |
| 2014-2015 | കെ.എസ്.എ.റ്റി.വി.എം. എം.എൽ/1286/15 തീയതി.11-08-2016 | 14 | |
| 2015-16 | കെ. എസ് .എ.റ്റി. വി.എം./ എം.എൽ./52/2016 തീയതി 11.01.2017 | 22 | |
| 2016-17 | കെ. എസ് .എ.റ്റി. വി.എം./ എം. എൽ./ 1933 /2017 തീയതി 06.10.2017 | 27 | |

ഓഡിറ്റ് റിപ്പോർട്ടുകളിൽ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്

ഒപ്പ്

**ജോയിന്റ് ഡയറക്ടർ,**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

# <u>അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള നഗരപാലികാ നിയമം നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ നഗരസഭയുടെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ആറ്റിങ്ങൽ നഗരസഭയുടെ 2017-18 ലെ വാർഷിക ധനകാര്യപത്രിക, വരവ്ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്

**ജോയിന്റ് ഡയറക്ടർ,**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

R.1.4.19